LITTLE KITES | 2024 -27 | BATCH

# വർണ്ണം

## കുരുന്നുഭാവനകളുടെ ചിറകിലേറി

KEEP THE LIGHT SHINING

### എ. എം. എം. ഹയർസെക്കന്ററി സ്കൂൾ

ഇടയാറൻമുള

# എ.എം.എം.ഹയർസെക്കന്ററി സ്കൂൾ ഇടയാറന്മുള

| | |
|---|---|
| റവന്യൂ ജില്ല | പത്തനംതിട്ട |
| വിദ്ധ്യാഭ്യാസ ജില്ല | തിരുവല്ല |
| താലൂക്ക് | കോഴഞ്ചേരി |
| ബ്ലോക്ക് പഞ്ചായത്ത് | പന്തളം |
| പ്രിൻസിപ്പൽ | വർഗീസ് മാത്യൂ തികൻ |
| പ്രധാന അദ്ധ്യാപിക | അനില സാമുവേൽ കെ |
| പി.ടി.എ. പ്രസിഡന്റ് | രാജീവ് കുമാർ |
| എം.പി.ടി.എ. പ്രസിഡന്റ് | സൗമ്യ ബിജു |
| ആകെ വിദ്ധ്യാർത്ഥികൾ | 571 |
| സ്കൂൾ ഭരണ വിഭാഗം | എയ്ഡഡ് |

# എഡിറ്റോറിയൽ ബോർഡ്

| | |
|---|---|
| അനില സാമുവേൽ കെ | ഹെഡ്മിസ്ട്രസ്സ് |
| ലക്ഷ്മി പ്രകാശ് | കൈറ്റ് മെന്റർ |
| ആശ പി മാത്യു | കൈറ്റ് മെന്റർ |
| ജെബി തോമസ് | സ്റ്റാഫ് സെക്രട്ടറി |
| ലീമ ജെയിംസ് | വിദ്യാരംഗം കൺവീനർ |
| ആദിത്യാ സുജിത്ത് | സ്റ്റുടെന്റ് എഡിറ്റർ |
| ഗൗരി കൃഷ്ണ | ലിറ്റിൽ കൈറ്റ്സ് അംഗം |
| പൊന്നി സജി | ലിറ്റിൽ കൈറ്റ്സ് അംഗം |

# ഉള്ളടക്കം


1 അദ്ധ്യാപകരുടെ സന്ദേശം .................................................. (4)

2. ചരിത്രം ....................................... (5)

3. പ്രവേശനോൽസവം ..........................................................................(6)

4. ലീപ്പ് കൗൺസിലിംഗ് ക്ലാസ് & പാഠപുസ്തക വിതരണം .....................(7)

5. ബോധവൽക്കരണ ക്ലാസുകളുടെ സമഗ്ര അവതരണം
പരിസ്ഥിതി ദിനാഘോഷം ..............................................................(8-12)

6. വായന ദിനാഘോഷം & പ്രതിഭാസംഗമം.......................................(13)

7. ലഹരിക്കെതിരേ ഒന്നായി .................................................................(14)

8. പേവിഷബാധ ബോധവൽക്കരണം& സമഗ്ര പ്ലസ് പോർട്ടൽ
പരിശീലനം ...........................................................................................(15)

9. വയനാട് ഉരുൾപൊട്ടൽ -സ്കൂളിന്റെ ശ്രദ്ധാഞ്ജലി &
കരുതലാകാം കരുത്തോടെ ............................................................(16)

10. ലെമൺ റൈസ് ദിനം , പിന്തിരിപ്പില്ലാത്ത പഠനപാതയ്ക്ക്
സംയുക്ത നീക്കം, ബ്ാസ്കറ്റ്ബോൾ കോർട്ട് നവീകരണം.........(17)

11. ആവണി നിലാവ് 2025 , ദേശസ്നേഹത്തിന്റെ
ചിറകുകളോടെ ,സ്വാതന്ത്ര്യദിനാഘോഷങ്ങൾ,ജില്ലാ വേദിയിൽ
സുംബാ നൃത്തം .........................................................................................(18)

12. സ്കൂൾ പാർലമെന്റ് അംഗങ്ങളുടെ തെരഞ്ഞെടുപ്പ് & ആറന്മുള
ഉപജില്ല ഐടി മേള ..................................................................(19)

13. ആറന്മുള ഉപജില്ല ശാസ്ത്രമേള ,മയക്കുമരുന്ന് രഹിത വിദ്യാലയം
ഡിജിറ്റൽ പ്രകൃതി .......................................................................(20)

14. ശിശുവിന്റെ ചിരിതൂവലുകൾ ,ഹരിത വിദ്യാലയം സീസൺ 4, എക്സ്പോ 2025 ............(21)

15. ഭിന്നശേഷി കുട്ടികൾക്കുള്ള പരിശീലന............(22-23)

16. കീ ടു എൻട്രൻസ് പ്രോഗ്രാം ............(23)

17. ബോധവൽക്കരണ ക്ലാസ് ,ഹ്രസ്വചിത്ര നിർമ്മാണം ............(24)

18. മോക്ക് ടെസ്റ്റുകൾ ,സൈബർ സുരക്ഷയ്ക്ക് സുരക്ഷിത പാതകൾ – സൈബർ സ്നേഹിത ............(25)

19. ജില്ലാ റോബോ ഫെസ്റ്റ് , അവധിക്കാല ഐ ടി ക്യാമ്പ്, ലഹരി വിരുദ്ധ പ്രതിജ്ഞ ............(26)

20. ഉബുണ്ടു ഫെസ്റ്റ്, എന്റെ കേരളം പ്രദർശനമേള............(27)

21. സ്കൂൾ തല ക്യാമ്പ് 2025ഒന്നാം ഘട്ടം , സ്കൂൾതല ക്യാമ്പിന്റെ രണ്ടാം ഘട്ടം ............(28-29)

22. ക്യാമറ പരിശീലനം ............(29)

23. ഇലക്ട്രോണിക്സ് ക്ലാസ്സ് , റോബോട്ടിക്സിലൂടെ പുതുമയിലേക്ക് .....(30)

24. റോബോട്ടിക്സ് മുതൽ – ഗ്രാമപുരാവൃത്തം വരെ ലിറ്റിൽ കൈറ്റ്സ് അസൈൻമെന്റ് , അഭിരുചി പരീക്ഷ– ബോധവൽക്കരണ ക്ലാസ് ,നിർമ്മിത ബുദ്ധിയുടെ സാധ്യതകൾ ............(31)

25. ലിറ്റിൽ കൈറ്റ്സ് രക്ഷകർത്താ സമ്മേളനം 2025 ............(32)

26. കുട്ടികൾക്കായി ഇമെയിൽ ഐഡി, ഐ.ടി.അർദ്ധവാർഷിക പരീക്ഷ ഇൻസ്റ്റലേഷൻ , സൈബർ സുരക്ഷാ അവബോധ ക്ലാസ്സ്............(33)

27. ടെക്നോളജിയിലേക്ക് ഒരു കുട്ടിക്കാൽവയ്പ്പ് അറിവിന്റെ വാതിൽ തുറന്ന് ലിറ്റിൽ കൈറ്റ്സ്..........................................................(34)

28.ഐഡി കാർഡ്, യൂണിഫോം വിതരണം,ലിറ്റിൽ കൈറ്റ്സ് അഭിരുചി പരീക്ഷ 2025 ..........................................................(35)

28. ലിറ്റിൽ കൈറ്റ്സ് പ്രിലിമിനറി ക്യാമ്പ് 2025......................(36-37)

29. ഡിജിറ്റൽ വോട്ട് ..........................................................(37)

30. കരുണയുടെ സന്ദേശം , ലോക അദ്ധ്യാപക ദിനം,യോഗ ദിനാചരണം. ..........................................................(38)

31. സ്വാതന്ത്ര്യദിനാഘോഷം, സെമിനാർ – പ്രഥമ ശുശ്രൂഷ...........(39)

32. കുട്ടികളുടെ കഥകൾ ................................................(40)

33. ക്ലാസ്സ് ഫോട്ടോ ..............................................(41-46)

34. ലിറ്റിൽ കൈറ്റ്സ് ഗ്രൂപ്പ് ഫോട്ടോസ് ..........................(47-48)

35. ആർട്ട് സെക്ഷൻ .............................................(49)

36. എഡിറ്റോറിയൽ ബോർഡ് ......................................(50)

37. കടപ്പാട് ..........................................................(51)

# അദ്ധ്യാപകരുടെ സന്ദേശം



ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിലെ 2024-27 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കിയ 'വർണ്ണം' എന്ന മാഗസിൻ സർഗ്ഗാത്മകമായ ഒട്ടേറെ സൃഷ്ടികളാൽ സമ്പന്നമാണ്. സാങ്കേതികവിദ്യയുടെ നൂതന സാധ്യതകളെ മികച്ച രീതിയിൽ പ്രയോജനപ്പെടുത്തി തയ്യാറാക്കിയ ഈ മാഗസിനും ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു

- അനില സാമുവേൽ കെ
ഹെഡ്മിസ്ട്രസ്സ്



അറിവും സർഗ്ഗാത്മകതയും ഒത്തുചേരുമ്പോൾ വിസ്മയങ്ങൾ പിറക്കുന്നു എന്നതിന്റെ തെളിവാണ് ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പുറത്തിറക്കിയ 'വർണ്ണം' എന്ന മാഗസിൻ. 2024-27 ബാച്ചിലെ വിദ്യാർത്ഥികളുടെ കഠിനാധ്വാനവും കലാപരമായ കഴിവും ഇതിലെ ഓരോ പേജിലും പ്രകടമാണ്.
ആധുനിക സാങ്കേതികവിദ്യയുടെ മുൻപന്തിയിൽ നിന്നുകൊണ്ട്, ഡിജിറ്റൽ യുഗത്തിന് അനുയോജ്യമായ രീതിയിൽ ഈ മാഗസിൻ രൂപകൽപ്പന ചെയ്ത വിദ്യാർത്ഥികൾ അഭിനന്ദനം അർഹിക്കുന്നു. വായനയും സാങ്കേതികവിദ്യയും സമന്വയിപ്പിച്ച ഈ മികച്ച സംരംഭത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ഈ യാത്ര ഇനിയും ഉയരങ്ങളിലെത്തട്ടെ!

- ആശ പി മാത്യു
ലിറ്റിൽ കൈറ്റ് മെന്റർ



കുട്ടികളുടെ സൃഷ്ടിപരമായ ചിന്തകൾക്കും ഡിജിറ്റൽ കഴിവുകൾക്കും വർണ്ണാഭമായ ഒരു വേദിയായി “വർണ്ണം” മാഗസിൻ രൂപപ്പെടുന്നത് ഏറെ സന്തോഷകരമാണ്.
ലിറ്റിൽ കൈറ്റ്സ് എന്ന വേദിയിലൂടെ നമ്മുടെ കുട്ടികൾ അറിവിനൊപ്പം ആത്മവിശ്വാസവും ഉത്തരവാദിത്വബോധവും സ്വന്തമാക്കുന്നു എന്നത് അഭിമാനകരമാണ്.
ചിന്തകൾക്ക് ചിറകുവിരിച്ച്, കഴിവുകൾക്ക് നിറങ്ങൾ പകർന്ന്, ഓരോ കുട്ടിയുടെയും ഉള്ളിലെ സൃഷ്ടിപരമായ വ്യക്തിത്വത്തെ പുറംലോകത്തേക്ക് എത്തിക്കാൻ “വർണ്ണം” ഡിജിറ്റൽ മാഗസിന് കഴിയട്ടെ. ഈ മനോഹരമായ സംരംഭത്തിൽ പങ്കാളികളായ 2024–2027 ബാച്ചിലെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.
“വർണ്ണം” പുതിയ ചിന്തകളുടെയും പുതുമകളുടെയും പ്രചോദനമായി മുന്നേറട്ടെ എന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു.

- ലക്ഷ്മി പ്രകാശ്
ലിറ്റിൽ കൈറ്റ്സ് മെന്റർ

# ചരിത്രം



കേരളത്തിന്റെ സാംസ്കാരിക നവോത്ഥാനത്തിന്റെ വളർച്ചയിൽ പ്രധാനം അത്രേ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങൾ. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനവും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലും ആയി മധ്യതിരുവിതാംകൂറിൽ രൂപപ്പെട്ട സാമൂഹ്യ, സാംസ്കാരിക, ആത്മീയ രംഗങ്ങളിലെ നവോത്ഥാനത്തിന്റെ അനുരണനങ്ങൾ ഇടയാറന്മുളയിലും അലയടിച്ചു. ജാതി മത സാമ്പത്തിക വേർതിരിവുകളില്ലാത്ത വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാമൂഹിക പുരോഗതി ഉണ്ടാകൂ എന്നു മനസ്സിലാക്കിയ നവോത്ഥാന നായകരത്രേ ഈ വിദ്യാലയത്തിന്റെ ശിൽപികൾ.വിദ്യാഭ്യാസത്തിൽ പോലും സവർണ്ണ അവർണ്ണ വേർതിരിവുകൾ നിലനിന്നിരുന്ന ആ കാലഘട്ടത്തിന്റെ പ്രാരംഭ ദശയിൽ പാർശ്വവൽക്കരിക്കപ്പെട്ടവർക്കും വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന മഹത് ലക്ഷ്യത്തോടെയാണ് ഈ വിദ്യാലയം സ്ഥാപിതമായത്. മലങ്കര സഭയിൽ നവീകരണ കാഹളം മുഴക്കിയ സാമൂഹികപരിഷ്കർത്താവും മികച്ച വിദ്യാഭ്യാസ ചിന്തകനും ആയിരുന്ന ഡോ.എബ്രഹാം മാർത്തോമാ മെത്രാപ്പോലീത്തയുടെ പ്രവാചക തുല്യമായ ദീർഘവീക്ഷണവും, ക്രാന്തദർശിയായ ഓക ഇടയാറന്മുള ഇടവക വികാരി ദിവ്യ ശ്രീ എ. ജി. തോമസ് കശ്ശീശായുടെ മികവുറ്റ നേതൃത്വവും, ആത്മീയ ഉണർവ് പ്രസ്ഥാനത്തിന്റെ കെടാവിളക്കായ സാധുകൊച്ചുകുഞ്ഞുപദേശിയുടെ പ്രാർത്ഥനയും ഇടവക ജനങ്ങളുടെ ത്യാഗപൂർണമായ പരിശ്രമവുമാണ് ഈ സരസ്വതി ക്ഷേത്രത്തിന് അടിസ്ഥാനമിട്ടത്. മധ്യതിരുവിതാംകൂറിന് ഓജസ്സും തേജസ്സും പകരുന്ന പുണ്യനദിയായ പമ്പയുടെ തീരത്തുള്ള ഇടയാറന്മുളയിലും പരിസരപ്രദേശങ്ങളിലും സാമൂഹിക സാംസ്കാരിക പുരോഗതിക്ക് തിരിതെളിക്കാൻ ഈ വിദ്യാലയത്തിന്റെ സ്ഥാപനം കാരണമായിത്തീർന്നു. വിദ്യാലയ ചരിത്രം കൂടുതൽ അറിയാൻ ക്ലിക്ക് ചെയ്യുക

# പ്രവേശനോത്സവം 2025

ഇടയാറന്മുള എ എം എം ഹയർ സെക്കന്ററി സ്കൂളിൽ പ്രവേശനോത്സവം 2025 ജൂൺ 2ന് സ്കൂൾ ഹാളിൽ വിപുലമായി നടത്തി. പുതിയ അദ്ധ്യയന വർഷത്തിന്റെ തുടക്കത്തിൽ അറിവും, ആവേശവും നിറഞ്ഞ വലിയാഘോഷമായി മാറി പ്രവേശനോത്സവം. പ്രഥമ അദ്ധ്യാപിക അനില സാമുവൽ കെ യുടെ ഹൃദയസ്പർശിയായ സ്വാഗതം ആശംസയോടെയാണ് പരിപാടികൾക്ക് തുടക്കംകുറിച്ചത്. 2025-26 പ്രവേശനോത്സവം ഇടയാറന്മുള എ എം എം ഹയർ സെക്കന്ററി സ്കൂളിൽ അറിവിന്റെയും കലയുടെയും, ലഹരിവിരുദ്ധ ചിന്തകളുടെയും ഒത്തുചേരൽ വേദിയായി മാറി. ഇത്തവണത്തെ തുടക്കം കുട്ടികളിൽ മൂല്യബോധം പ്രതിഫലിക്കുമെന്നതിൽ സംശയമില്ല. കുട്ടികൾക്ക് ഉറച്ച പാതയും ഉജ്വലമായ ഭാവിയും ഒരുക്കാൻ സ്കൂളിന്റെ ശ്രമം മാതൃകാപരമാണ്. ലഘു ഭക്ഷണം രക്ഷകർത്താക്കൾക്കും വിദ്യാർത്ഥികൾക്കും ക്രമീകരിച്ചിരുന്നു. സ്റ്റാഫ് സെക്രട്ടറി ജെബി തോമസ് നന്ദി രേഖപെടുത്തി. പ്രവേശനോത്സവം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തത് എക്സൈസ് പ്രിവന്റീവ് ഓഫീസറും ജില്ലാ വിമുക്തി മെന്ററുമായ ബിനു വി വർഗീസായിരുന്നു. അദ്ദേഹത്തിന്റെ ഉജ്വലമായ പ്രസംഗം ലഹരിയുടെ ദൂഷ്യഫലങ്ങളെയും സമൂഹത്തിൽ വിദ്യാർത്ഥികൾ ചെലുത്തേണ്ട നല്ല സ്വാധീനത്തെയും കുറിച്ചുള്ള ശക്തമായ സന്ദേശങ്ങളാൽ നിറഞ്ഞിരുന്നു. സ്കൂൾ മാനേജർ റവ. ഡോ. ടി. ടി. സഖറിയ ചടങ്ങിന്റെ അധ്യക്ഷസ്ഥാനം വഹിച്ചു. കുട്ടികളുടെ വളർച്ചയെ കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാട് സ്നേഹപരവും ഗൗരവപരവുമായിരുന്നു. തുടർന്ന്, പ്രസംഗങ്ങൾക്കായി വേദിയിൽ എത്തിയത് നിരവധി ശ്രദ്ധേയ വ്യക്തികളായിരുന്നു – എക്സൈസ് അസിസ്റ്റന്റ് ഇൻസ്പെക്ടർ എം. പ്രസാദ്, ബ്ലോക്ക് പഞ്ചായത്ത് വൈ.പ്രസിഡന്റ് അശ്വതി വിനോജ്, സ്കൂൾ പ്രിൻസിപ്പൽ വർഗീസ് മാത്യു തരകൻ, പി.ടി.എ. വൈസ് പ്രസിഡന്റ് എം.ബി. സന്ധ്യ എന്നിവർ. അവരുടെ വാക്കുകളിൽ പ്രതിഫലിച്ച പ്രതീക്ഷകൾ കുട്ടികളെ ഏറെ ഉണർത്തിയിരുന്നു.



സംഗീത അധ്യാപകനായ അജിത് കുമാറും സ്കൂൾ ഗായകസംഘവും ചേർന്ന് പ്രവേശനോത്സവ ഗാനം അവതരിപ്പിച്ചു. വേദിയിൽ അവതരിപ്പിച്ച ലഹരിവിരുദ്ധ നൃത്താവിഷ്കാരങ്ങൾ പ്രസക്തവും ആകർഷകവുമായിരുന്നു. അവ കാണികളിൽ അവബോധം ഉളവാക്കി. വൈവിധ്യമാർന്ന ക്ലാസുകൾക്കും പ്രദർശനങ്ങൾക്കും ഇടയിലായി അരങ്ങേറിയ സൂംബ ഡാൻസ് പ്രകടനങ്ങൾ, കുട്ടികൾക്കും രക്ഷിതാക്കൾക്കും ഒരുപോലെ ആവേശം പകരുന്ന പ്രകടനങ്ങളായിരുന്നു. ഇതിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും ഒരുപോലെ പങ്കാളികളായി. പ്രവേശനോത്സവത്തിൽ കൈറ്റ്സ് വിദ്യാർത്ഥികൾ എല്ലാവരുടെയും ശ്രദ്ധ ആകർഷിച്ചു. ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധ സന്ദേശങ്ങൾ ഉൾക്കൊണ്ട നിരവധി ലഘുലേഖകൾസ്നേഹപൂർവം രക്ഷകർത്താക്കൾക്ക് പങ്കുവച്ചു. പുതിയ കുട്ടികളുടെ താല്പര്യങ്ങൾ മനസ്സിലാക്കാൻ 'ആപ്റ്റിട്യൂഡ് വോൾ' ഒരുക്കി. ഐ ന്റി യുടെ ഇഷ്ടപ്പെട്ട മേഖലകൾ തിരഞ്ഞെടുത്തു അവയുടെ പോസ്റ്ററുകൾ ഒട്ടിക്കാൻ അവസരം നൽകി.

വിദ്യാർത്ഥികളിൽ ഐസിടി യുമായി ബന്ധപ്പെട്ട കഴിവുകൾ, താൽപ്പര്യങ്ങൾ, അഭിരുചികൾ എന്നിവ വളർത്തുക, വിദ്യാർത്ഥികളെ ഡിജിറ്റൽ ലോകത്ത് കൂടുതൽ വിവരമുള്ളവരും കഴിവുള്ളവരുമാക്കാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് കൈറ്റ്സ് കുട്ടികൾ ട്രീ വോൾ അലങ്കരിച്ചത്. കൈറ്റ്സ് കുട്ടികൾ തയ്യാറാക്കിയ സ്കൂൾ മികവിന്റെ വീഡിയോ യൂട്യൂബിൽ അപ്‌ലോഡ് ചെയ്തു. അതിന്റെ ക്യു ആർ കോഡ് രക്ഷിതാക്കൾ സ്കാൻ ചെയ്ത് സ്കൂളിന്റെ മികവിന്റെ ദൃശ്യാനുഭവം നൽകി. റോഡ് സുരക്ഷ, സൈബർ സുരക്ഷ, ലഹരി വിരുദ്ധം തുടങ്ങിയ വിഷയങ്ങളിൽ ബാഡ്ജുകൾ കൈറ്റ്സ് കുട്ടികളുടെ നേതൃത്വത്തിൽ വിതരണം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് അശ്വതി വിനോജ് ബാഡ്ജ് വിതരണ ഉദ്ഘാടനം നടത്തി. ഐ.റ്റി. ലാബിൽ ഡിജിറ്റൽ പെയിന്റിംഗ്, സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ചുള്ള വിവിധതരം ഗെയിമുകൾ തുടങ്ങിയവയ്ക്ക് സൗകര്യം ഒരുക്കി. വിവിധ സാങ്കേതികതയുമായി കുട്ടികളെ ബന്ധിപ്പിച്ചു. പ്രവേശനോത്സവം അടിസ്ഥാനമാക്കി ലിറ്റിൽ കൈറ്റ്സ് കുട്ടികൾ റീലുകൾ നിർമിച്ചു. സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരണം നടത്തി.



## ലീപ് കൗൺസിലിംഗ് ക്ലാസ്

ഇടയാറന്മുള എ.എം.എം. ഹയർസെക്കൻഡറി സ്കൂളിൽ 2025 ഏപ്രിൽ 2-ന് ബി.ആർ.സി.യുടെ ആഭിമുഖ്യത്തിൽ എട്ടാം ക്ലാസിലെ വിദ്യാർത്ഥികൾക്കായി ലീപ് കൗൺസിലിംഗ് ക്ലാസ് സംഘടിപ്പിച്ചു. സ്കൂൾ ഹെഡ്മിസ്ട്രസ് അനില സാമുവൽ ക്ലാസിന്റെ ഉദ്ഘാടനം നിർവഹിച്ചു. ബി.ആർ.സി. കോഓർഡിനേറ്റർ എസ് അബ്ദുൾ ജലീൽ, സൈക്കോ-സോഷ്യൽ കൗൺസിലർമാരായ നയന എസ്, രഞ്ജിനി കെ.ആർ, എന്നിവർ ക്ലാസിന് നേതൃത്വം നൽകി.

കൗൺസിലിംഗ് സെഷനിൽ വിദ്യാർത്ഥികൾക്ക് കരിയർ തിരഞ്ഞെടുപ്പിന്റെ പ്രാധാന്യത്തെക്കുറിച്ചും, അഭിരുചി പരിശോധനയുടെ ആവശ്യമെന്താണെന്നും വിശദമായ വിവരങ്ങൾ നൽകി. വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും സംശയങ്ങൾ ക്ലാസിൽ ചർച്ച ചെയ്തു. അഭിരുചി പരീക്ഷയുടെ അനിവാര്യതയും ലീപ് ടെസ്റ്റിന്റെ പ്രാധാന്യവും കുട്ടികൾക്ക് മനസ്സിലാകുന്ന വിധത്തിൽ അവതരിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടന സമ്മേളനത്തിൽ അദ്ധ്യാപകരായ ലക്ഷ്മി പ്രകാശ് സ്വാഗതവും,സയന വർഗീസ് കൃതജ്ഞതയും രേഖപ്പെടുത്തി.

## പാഠപുസ്തക വിതരണം



2025-26 അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങളുടെ വിതരണം ഇടയാറന്മുള എ.എം.എം ഹയർ സെക്കൻഡറി സ്കൂളിൽ 2025 ഏപ്രിൽ 29ന് നടന്നു. സ്കൂളിലെ പ്രധാനാദ്ധ്യാപികയായ അനില സാമുവേലിന്റെ നേതൃത്വത്തിലാണ് ഈ വിതരണം നടന്നത്. പുതിയ അധ്യയന വർഷം ആരംഭിക്കുന്നതിന്റെ സന്തോഷത്തിലും, പുതിയ പാഠപുസ്തകങ്ങൾ പഠിക്കാനും, പഠിപ്പിക്കാനുമുള്ള തയ്യാറെടുപ്പുകളിലുമാണ് ഇപ്പോൾ വിദ്യാർത്ഥികളും അദ്ധ്യാപകരും. ഇന്നത്തെ തലമുറയിലെ വിദ്യാർത്ഥികളുടെ താൽപ്പര്യങ്ങൾക്കും, പഠനരീതികൾക്കും അനുയോജ്യമായ രീതിയിൽ പുസ്തകങ്ങളുടെ ഉള്ളടക്കത്തിലും അവതരണത്തിലും മാറ്റങ്ങൾ വരുത്തുന്നതുകൊണ്ട് പഠനം കൂടുതൽ ആകർഷകമാകുവാൻ സാധിക്കും.

# ബോധവൽക്കരണ ക്ലാസുകളുടെ സമഗ്ര അവതരണം

2025-26 അധ്യയന വർഷം തുടങ്ങുന്നതിനോടൊപ്പം, ഇടയാറൻമുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിൽ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തെ ആധാരമാക്കി 2025 ജൂൺ 2 മുതൽ ജൂൺ 12 വരെ ബോധവൽക്കരണ ക്ലാസുകളുടെ ശൃംഖല സംഘടിപ്പിക്കപ്പെട്ടു. വിദ്യാർത്ഥികളുടെ അറിവും അവബോധവും ഉണർത്തുകയും, പാഠ്യവിഷയങ്ങൾക്കപ്പുറമുള്ള ജീവിതമൂല്യങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്ന തരത്തിൽ ഈ ക്ലാസുകൾ രൂപകൽപ്പന ചെയ്തിരുന്നു.

സമഗ്ര ഗുണമേന്മ എന്ന വിദ്യാഭ്യാസ സംരംഭത്തിന്റെ ഭാഗമായി, ഓരോ ക്ലാസിലുമുള്ള വിദ്യാർത്ഥികൾക്ക് ആ ക്ലാസിനനുസരിച്ചുള്ള അറിവും കഴിവുകളും സമഗ്രമായി ലഭ്യമാക്കുക എന്നതാണ് മുഖ്യ ലക്ഷ്യം. അതോടൊപ്പം, ഭരണഘടനയിൽ പ്രതിപാദിക്കുന്ന ജനാധിപത്യം, മതനിരപേക്ഷത, തുല്യത, സ്വാതന്ത്ര്യം തുടങ്ങിയ മൂല്യങ്ങളും പാഠ്യപദ്ധതിയുടെ സാമൂഹിക ലക്ഷ്യങ്ങളും കുട്ടികളിൽ നന്മയും ഉത്തരവാദിത്തബോധവുമുള്ള പൗരന്മാരെ വളർത്താനുള്ള ശ്രമങ്ങളുമാണ് ഈ ക്ലാസുകൾക്ക് പിന്നിലുള്ള ദൗത്യം.

കുട്ടികളിൽ സാമൂഹിക പ്രതിബദ്ധതയും ജാഗ്രതയും വളർത്തുന്നതിന് വേണ്ടി ലഹരിക്കെതിരായ ബോധവത്ക്കരണം, ട്രാഫിക് നിയമങ്ങൾ, ശുചിത്വം, മാലിന്യ സംസ്കരണം, ആരോഗ്യശീലങ്ങൾ, ഡിജിറ്റൽ അച്ചടക്കം, പൊതുമുതൽ സംരക്ഷണം, നിയമബോധം, കാലാവസ്ഥാ മുന്നറിയിപ്പുകൾ, വൈകാരിക ബോധവും നിയന്ത്രണശീലങ്ങളും, പരസ്പര സഹകരണത്തിന്റെ പ്രാധാന്യം തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധരുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ ക്ലാസുകൾ നടന്നു.

വിദ്യാഭ്യാസത്തെ കുട്ടികളുടെ ജീവിതവികാസത്തിന് അനുയോജ്യമായി മാറ്റിവരുത്താൻ ലക്ഷ്യമിട്ട ഈ ബോധവൽക്കരണ പ്രവർത്തനങ്ങൾ പഠനത്തിന് ഒത്തിരിയേറെ ആഴവും ദിശയും നൽകിയതായി വിലയിരുത്താം. ഓരോ ക്ലാസും കുട്ടികളുടെ പൗരബോധം, മാനസികാരോഗ്യം, സാമൂഹിക ബോധം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ഉണർത്തലായിട്ടാണ് മാറിയത്.

ഈ അധ്യയന വർഷത്തിന്റെ തുടക്കത്തിൽ നടത്തിയ ബോധവൽക്കരണ പ്രവർത്തനങ്ങൾ കുട്ടികളിൽ ചിന്തനശേഷിയും ഉത്തരവാദിത്തബോധവും വർദ്ധിപ്പിച്ചുകൊണ്ട്, വിദ്യാലയവാതിലിലൂടെ അവരുടെ വ്യക്തിത്വവികസനത്തിന്റെ പുതിയ പാതയ്ക്ക് തുടക്കമിട്ടു.

## ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സ്

ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ് 2025 ജൂൺ 2ന് പ്രവേശനോത്സവത്തിന്റെ ഭാഗമായി ഇടയാറൻമുള എ.എം.എം ഹയർ സെക്കൻഡറി സ്കൂളിൽ രക്ഷിതാക്കൾക്കായി ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. കുട്ടികളുടെ ഭാവിയിലേക്ക് ഉന്മേഷവും സുരക്ഷയും ഒരുക്കുക എന്ന ലക്ഷ്യത്തോടെ നടന്ന ഈ പരിപാടി, സ്കൂൾ സമൂഹത്തിന് വളരെ പ്രധാനപ്പെട്ട ബോധവൽക്കരണ വേദിയായി. ക്ലാസിന് നേതൃത്വം നൽകിയത് എക്സൈസ് ഡിപ്പാർട്മെന്റിലെ പ്രിവന്റീവ് ഓഫീസറും, ജില്ലാ വിമുക്തി മിഷൻ അംഗവുമായ ബിനു വി വർഗീസ് ആണ്.അദ്ദേഹത്തിൻറെ വിശദവും യാഥാർത്ഥ്യപരവുമായ അവതരണം രക്ഷിതാക്കളെ ആഴത്തിൽ ചിന്തിപ്പിക്കുന്നതായിരുന്നു.

ലഹരികളുടെ ആരോഗ്യപരവും സാമൂഹികവുമായ ദുഷ്പ്രഭാവങ്ങൾ രൂക്ഷമായി അവതരിപ്പിക്കുകയും രക്ഷിതാക്കൾക്ക് മനോവിദ്യാഭ്യാസപരമായ മാർഗനിർദ്ദേശങ്ങളും നൽകുകയും ചെയ്തു. ഇക്കാലഘട്ടത്തിൽ സ്വന്തം മക്കളെ രക്ഷിക്കാൻ രക്ഷിതാക്കൾക്ക് കൈകാര്യം ചെയ്യേണ്ട ഉത്തരവാദിത്വം എന്ന ആശയം അദ്ദേഹം ഊന്നിപ്പറഞ്ഞു.

ലഹരിമേഖലയിലെ യഥാർത്ഥ അനുഭവങ്ങൾ പങ്കുവെച്ചതിലൂടെ രക്ഷിതാക്കളിൽ വലിയ ബോധ്യവും വെളിച്ചവുമുണ്ടാകുകയായിരുന്നു. ക്ലാസിന് ശേഷമുള്ള സംവാദവേളയിൽ രക്ഷിതാക്കൾ സംശയങ്ങൾ ഉന്നയിക്കുകയും വ്യക്തതകൾ നേടുകയും ചെയ്തു.

ഈ ബോധവത്കരണ പരിപാടി സ്കൂൾ – രക്ഷിതാവ് – സമൂഹം എന്ന മൂന്ന് നിലകളിലുമുള്ള ഏകോപിത ഇടപെടലിന്റെ മാതൃകയായി മാറി. കുട്ടികളുടെ ലഹരിമുക്ത ഭാവിയിലേക്കുള്ള പ്രഥമനടപടിയായി ഈ ക്ലാസ് മാറി.

## ആരോഗ്യം തുടങ്ങുന്നത് ശുചിത്വത്തിൽ നിന്ന്

2025 ജൂൺ 3 ന് ഇടയാറൻമുള എ.എം.എം ഹയർ സെക്കൻഡറി സ്കൂളിൽ ഹെൽത്ത് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ "ആരോഗ്യ ശീലങ്ങളും - ശുചിത്വം" എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കപ്പെട്ടു. വിദ്യാർത്ഥികളുടെ ആരോഗ്യബോധവും ശുചിത്വ മാനദണ്ഡങ്ങളും ഉയർത്തിയെടുക്കുന്നതിന് ഉദ്ദേശിച്ചിരുന്ന ഈ ക്ലാസ്, ആരോഗ്യകരമായ ജീവിതശൈലിയുടെ പ്രാധാന്യത്തെ പഠിപ്പിക്കുന്നതിന് മികച്ച വേദിയായി. പരിപാടിയുടെ ഉദ്ഘാടനം ഹെഡ്മിസ്ട്രസ് അനില സാമുവലിന്റെ അധ്യക്ഷതയിൽ നടന്നു. ഹെൽത്ത് ക്ലബ്ബ് കൺവീനർ സൂസൻ ബേബി ക്ലാസിന്റെ ഭാഗമായി ശുചിത്വ ബോധം വളർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ചേർത്തു പറഞ്ഞു.
പ്രമുഖ വേദിയായി ആരോഗ്യ മേഖലയിലെ പ്രവർത്തന പരിചയമുള്ള ആറന്മുള ആയുർവേദ മെഡിക്കൽ ഓഫീസർ ഡോ.അർച്ചന സി.എസ് ക്ലാസിന് നേതൃത്വം നൽകി. വ്യക്തിഗത ശുചിത്വം, പരിസര ശുചിത്വം, ശുദ്ധജലം ഉപയോഗം, ശരിയായ കൈതൊഴുകൽ രീതികൾ, വ്യായാമ ശീലങ്ങൾ, തുല്യതയുള്ള ആഹാരശൈലി, തുടങ്ങിയ വിഷയങ്ങൾ ക്ലാസിൽ സമഗ്രമായി ഉൾപ്പെടുത്തിയിരുന്നു. കുട്ടികൾക്ക് ദൈനംദിന ജീവിതത്തിൽ അവലംബിക്കാവുന്ന ആരോഗ്യകരമായ ശീലങ്ങൾ പ്രായോഗികമായി ഉൾപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പങ്കുവെച്ചത് ശ്രദ്ധേയമായി.
ക്ലാസിനൊടുവിൽ വിദ്യാർത്ഥികൾക്കായുള്ള സംവാദവും, സംശയപരിഹാര സെഷനും സംഘടിപ്പിക്കപ്പെട്ടിരുന്നു, അതിലൂടെ ആരോഗ്യ വിഷയങ്ങളിൽ കൂടുതൽ വ്യക്തതകൾ അവർക്ക് ലഭിച്ചു. ഹെൽത്ത് ക്ലബ്ബിന്റെ ഈ സംരംഭം കുട്ടികളിൽ ആരോഗ്യശാസ്ത്രപരമായ സമീപനം വളർത്താൻ സഹായിച്ചുകൊണ്ടിരുന്നു. സാമൂഹിക തലത്തിൽ ആരോഗ്യ സംരക്ഷണ ബോധം വളർത്തുന്നതിനും ആരോഗ്യത്തെക്കുറിച്ചുള്ള ശരിയായ അറിവ് വിദ്യാർത്ഥികളിലേക്ക് എത്തിക്കുന്നതിനും ഈ ക്ലാസ് വലിയൊരു സംഭാവനയായി മാറി.

## സാമ്പത്തിക ബോധവത്കരണ ക്ലാസ്

സാമ്പത്തിക ബോധവത്കരണ ക്ലാസ്
2025 ജൂൺ 4 ന് ഇടയാറൻമുള എ.എം.എം ഹയർ സെക്കൻഡറി സ്കൂളിൽ വിദ്യാർത്ഥികൾക്കായി സാമ്പത്തിക ശീലങ്ങളെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. സാമ്പാദ്യശീലം ചെറുപ്പത്തിൽ തുടങ്ങുന്ന സാമ്പത്തിക ശീലങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ഈ ക്ലാസ്, വിദ്യാർത്ഥികളിൽ ധനമാനസികതയും സാമ്പത്തിക ഉത്തരവാദിത്തബോധവുമുള്ള വ്യക്തിത്വം വളർത്തുന്നതിനുള്ള ശക്തമായ അടിസ്ഥാനം ഒരുക്കുകയാണുണ്ടായത്.
ക്ലാസിന് നേതൃത്വം നൽകിയത് ഇടയാറൻമുള ഇന്ത്യൻ ഓവർസീസ് ബാങ്ക് അസിസ്റ്റന്റ് മാനേജർ പ്രദീപ് കുമാർ ആയിരുന്നു. സാമ്പത്തിക രംഗത്തെ ആഴമുള്ള പരിചയവും പ്രായോഗിക അറിവും അധിഷ്ഠിതമായി അദ്ദേഹം ക്ലാസ് നയിച്ചു. സാമ്പത്തിക ശീലങ്ങളുടെ അടിസ്ഥാനങ്ങൾ, ചെറുപ്പത്തിൽ തന്നെ പണം സംരക്ഷിക്കാൻ തുടങ്ങുന്നതിന്റെ ഗുണങ്ങളും ദൈർഘിക പ്രയോജനങ്ങളും, ബാങ്കിങ് അവബോധം, സ്വമേധയാ ബാങ്ക് അക്കൗണ്ടുകൾ തുറക്കാനുള്ള നടപടികൾ, നിക്ഷേപ മാർഗങ്ങൾ,ഫിക്സഡ് ഡിപ്പോസിറ്റ്, റികറിങ്, വിവിധ അക്കൗണ്ടുകൾക്രെഡിറ്റ്-ഡെബിറ്റ് കാർഡ് ഉപയോഗത്തിലെ ജാഗ്രതകളും സാധ്യതകളും, ഡിജിറ്റൽ പേയ്മെന്റുകൾ എന്നിവയുടെ സുരക്ഷിത ഉപയോഗം, ബജറ്റ് തയ്യാറാക്കൽ ദൈനംദിന ചെലവുകൾ ക്രമീകരിക്കാനും, അനാവശ്യ ചെലവുകൾ ഒഴിവാക്കാനും വിദ്യാർത്ഥികളെ പ്രേരിപ്പിച്ചു. പണത്തിന്റെ മൂല്യം, ശരിയായ ഉപയോഗം മാത്രമാണ് അതിന്റെ മൂല്യം ഉയർത്തുന്നതെന്ന് ക്ലാസ് ഓർമ്മിപ്പിച്ചു.
പണത്തിന്റെ കൃത്യമായ വിനിയോഗത്തിലൂടെ മാത്രമേ ഒരു വ്യക്തിയുടെയും കുടുംബത്തിന്റെയും സാമൂഹികമായും സാമ്പത്തികമായും വളർച്ച സാധ്യമാകൂ എന്നതിനെ ലളിതവും നർമ്മപരവുമായ രീതിയിൽ അവതരിപ്പിച്ചു. ക്ലാസിന് ശേഷം വിദ്യാർത്ഥികൾക്കായി സംവാദവേളയും ഒരുക്കിയിരുന്നു. സംവേദനാത്മകമായ പങ്കാളിത്തം വിദ്യാർത്ഥികളിൽ നിന്ന് ലഭിക്കുകയും നിർദ്ദിഷ്ട ലക്ഷ്യത്തിലേക്ക് ക്ലാസ്സിനെ നയിക്കാനാകുകയും ചെയ്തു.
ഈ ക്ലാസ് കുട്ടികളിൽ സാമ്പത്തിക ശീലങ്ങളുടെ അടിസ്ഥാനമുറപ്പാക്കാൻ സ്കൂൾതലത്തിൽ തന്നെ അത്യുത്തമമായ ശ്രമമായിരുന്നു. ഇന്ന് തരുന്ന ചെറുതെങ്കിലും ഉറച്ച ഒരു ഇടപെടലാണ്, നാളെയുടെ സാമ്പത്തികമായി ബോധവാനായ പൗരൻമാരെ രൂപപ്പെടുത്തുന്നത്.

## പരിസ്ഥിതി ദിന ബോധവത്കരണ ക്ലാസ്

2025 ജൂൺ 5 ന് ഇടയാറൻമുള എ.എം.എം ഹയർ സെക്കൻഡറി സ്കൂളിൽ ഫോറസ്റ്റ് ക്ലബ്ബിന്റെ നേതൃത്വത്തിൽ മാലിന്യ സംസ്കരണം എന്ന വിഷയത്തെ ആസ്പദമാക്കി വിദ്യാർത്ഥികൾക്കായി ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി നടന്ന ഈ ക്ലാസ്, ശാസ്ത്രീയ മാലിന്യസംസ്കരണത്തിന്റെ അടിസ്ഥാനവും പരിസ്ഥിതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും കൂടുതൽ വിദ്യാർത്ഥികളിലേക്ക് എത്തിക്കുവാൻ സാധിച്ചു.

ആറന്മുള ഗ്രാമപഞ്ചായത്ത് സെക്രട്ടറി രാജേഷ് ആർ,ഹെൽത്ത് ഇൻസ്പെക്ടർ സൗമ്യ മോൾ എന്നിവർ ക്ലാസിന് നേതൃത്വം നൽകി. മാലിന്യത്തിന്റെ തരം തിരിച്ചറിയൽ -ജൈവ മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും തമ്മിലുള്ള വ്യത്യാസം, അതിനെ അനുസരിച്ച് തരംതിരിക്കൽ നിർബന്ധമായും പ്രാഥമിക ഘടകമായി മുന്നോട്ടുവച്ചു.

ശാസ്ത്രീയ സംസ്കരണം-മാലിന്യങ്ങൾ എങ്ങനെ ശാസ്ത്രീയമായി സംസ്കരിക്കാമെന്നതിന്റെ ചുവടുപടികൾ വിശദമായി പ്രതിപാദിച്ചു. വൈസ്റ്റിനായുള്ള സ്പെഷ്യൽ ബിൻകൾ, ഓർഗാനിക് കംപോസ്റ്റിംഗ് തുടങ്ങിയ മാർഗങ്ങൾ വിദ്യാർത്ഥികളെ പരിചയപ്പെടുത്തി.

പുനരുപയോഗവും റിസൈക്ലിംഗും- പ്ലാസ്റ്റിക് നിരോധനം, പുനരുപയോഗ സാധ്യതകൾ, പഴയ വസ്തുക്കളെ പുതിയ അവതാരങ്ങളിലേക്കുള്ള കൃത്യമായ മാറ്റം തുടങ്ങിയവയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ക്ലാസിന്റെ പ്രധാന ഭാഗമായിരുന്നു.

മാലിന്യ നിയന്ത്രണത്തിൽ ജനസഹകരണത്തിന്റെ പങ്ക്- ഗ്രാമപഞ്ചായത്തുകളും മറ്റ് പ്രാദേശിക സ്ഥാപനങ്ങളും എങ്ങനെ മാലിന്യ നിയന്ത്രണത്തിൽ പങ്കാളികളാകുന്നു, അവയുമായി സ്കൂളുകൾ എങ്ങനെ സഹകരിക്കാം എന്നതിന്റെ മാതൃകാപരമായ ഉദാഹരണങ്ങൾ പങ്കുവെച്ചു.

പ്ലാസ്റ്റിക് നിരോധനം- ഏകോപനശൂന്യതയില്ലാത്ത പ്ലാസ്റ്റിക് ഉപയോഗം പരിസ്ഥിതിക്ക് എങ്ങനെയൊക്കെ ദോഷം വരുത്തുന്നു എന്നതും അതിനെ കുറച്ച് കുറച്ച് ഒഴിവാക്കുന്ന പ്രായോഗിക മാർഗങ്ങളും വിശദീകരിച്ചു.

## സ്ത്രീസുരക്ഷ ക്ലാസ്സ്

2025 ജൂൺ 5 ന് ഇടയാറൻമുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിൽ സ്ത്രീസുരക്ഷ എന്ന വിഷയത്തെ ആസ്പദമാക്കി പെൺകുട്ടികൾക്കായി ഒരു പ്രത്യേക ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കപ്പെട്ടു. പത്തനംതിട്ട വനിതാ സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് ഷെമിമോൾ കെ ആർ ക്ലാസിന് നേതൃത്വം നൽകി.വിദ്യാർത്ഥികളിൽ നിന്ന് വളരുന്ന ഭാവിയിലെ സ്ത്രീകൾക്ക് ആത്മവിശ്വാസത്തോടെയും ജാഗ്രതയോടെയും ജീവിതം നേരിടാനുള്ള പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ ക്ലാസുകൾ കേരള പോലീസിന്റെ നേതൃത്വത്തിലായിരുന്നു.



പെൺകുട്ടികൾക്ക് നേരെയുള്ള ആശങ്കകളും സാധ്യതകളും മുൻനിർത്തി സ്വരക്ഷാസംവിധാനങ്ങൾ, ആത്മവിശ്വാസം, പ്രതിരോധ സാങ്കേതിക വിദ്യകൾ,എന്നിവ സംബന്ധിച്ച അടിസ്ഥാന അറിവുകൾ തുടങ്ങിയ കാര്യങ്ങൾ ക്ലാസിൽ ഉൾപ്പെടുത്തിയിരുന്നു. പോലീസ് ഉദ്യോഗസ്ഥർ തന്നെ വിവിധ സ്വരക്ഷാ തന്ത്രങ്ങൾ കൃത്യമായി ഡെമോൺസ്ട്രേറ്റ് ചെയ്തു കാട്ടിയതിലൂടെ കുട്ടികൾക്ക് പ്രായോഗികമായ അനുഭവം ലഭിക്കുകയുമുണ്ടായി. ദുരന്തകാലങ്ങളിൽ എങ്ങനെ പ്രതികരിക്കാം, സഹായം എവിടെ നിന്ന് തേടാം, എങ്ങനെ നിയമപരമായി മുൻകൈ എടുക്കാം എന്നീ വിഷയങ്ങളും ക്ലാസിൽ സമഗ്രമായി പ്രതിപാദിച്ചു.

## സുരക്ഷിതമായ സൈബർ ലോകത്തേക്ക് പഠനയാത്ര

ഡിജിറ്റൽ സൗഹൃദം ജാഗ്രതയോടെ – സുരക്ഷിതമായ സൈബർ ലോകത്തേക്ക് പഠനയാത്ര
2025 ജൂൺ 9ന് ഇടയാറൻമുള എ.എം.എം ഹയർ സെക്കൻഡറി സ്കൂളിൽ ഡിജിറ്റൽ അച്ചടക്കം എന്ന വിഷയത്തിൽ വിദ്യാർത്ഥികൾക്കായി ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. ക്ലാസിന് നേതൃത്വം നൽകിയത് സീനിയർ സൈബർ സെക്യൂരിറ്റി കൺസൾട്ടന്റ് ആക്സ ആനി സജിയാണ്. കൈറ്റ് മിസ്ട്രസ്മാരായ ആശാ പി മാത്യു, ലക്ഷ്മി പ്രകാശ് എന്നിവർ പങ്കെടുത്തു. വേഗത്തിൽ മാറുന്ന സാങ്കേതിക ലോകത്തിൽ കുട്ടികൾക്ക് ജാഗ്രതയും ഉത്തരവാദിത്വബോധവുമുള്ള ഉപയോക്താക്കളായിത്തീരേണ്ടത് എത്രമാത്രം പ്രാധാന്യമർഹിക്കുന്നതാണെന്ന ആശയം ഇതിലൂടെ ശക്തമായി ഉണർത്തി.
ക്ലാസിന്റെ തുടക്കത്തിൽ തന്നെ, സോഷ്യൽ മീഡിയയിൽ പോസ്റ്റുകളും കമന്റുകളും എത്രത്തോളം വ്യക്തിത്വം സ്വാധീനിക്കുന്നു എന്നും അതിന്റെ ദൗത്യങ്ങൾ എന്തൊക്കെയാണെന്നും വിശദീകരിച്ചു. ഏതൊരു ഡിജിറ്റൽ പ്രകൃത്തിയുടെയും പിന്നിൽ ചിന്തിച്ചുള്ള ഉത്തരവാദിത്വം നിർബന്ധമാണ് എന്ന സന്ദേശം വിദ്യാർത്ഥികളിലേയ്ക്ക് ഉറപ്പോടെ കൈമാറി.
സൈബർ ഭീഷണികൾ തിരിച്ചറിയുക, ഹാക്കിംഗ് എന്താണ്, സെക്യൂർ പാസ്‌വേഡുകൾ എങ്ങനെ സൃഷ്ടിക്കാം, ഫിഷിംഗ് മെയിലുകൾ തിരിച്ചറിയാനുള്ള മാർഗങ്ങൾ എന്തെല്ലാമാണ്, ഡാറ്റ പ്രൈവസി എന്തുകൊണ്ട് പ്രാധാന്യമുള്ളതാണ് ഇതെല്ലാം പ്രായോഗിക ഉദാഹരണങ്ങളിലൂടെ വിശദീകരിച്ചു.
ക്ലാസിന്റെ മറ്റൊരു പ്രധാനഘടകമായിരുന്നു സൈബർ നിയമങ്ങൾ. ഇന്ത്യയിലെ ഐ.ടി ആക്റ്റുകൾ, പ്രായപൂർത്തിയാകാത്ത കുട്ടികളുടെ ഓൺലൈൻ നിയമപരമായ സുരക്ഷ, സൈബർ ക്രൈം റിപ്പോർട്ടിംഗ്, തുടങ്ങിയ കാര്യങ്ങൾ വിദ്യാർത്ഥികൾക്കായി ലളിതമായി അവതരിപ്പിച്ചു.
ക്ലാസിന്റെ അവസാനം നടന്ന സംവാദം, കുട്ടികളിൽ വലിയ ഉത്സാഹം സൃഷ്ടിച്ചു. പലരും അതത് അനുഭവങ്ങളും സംശയങ്ങളും പങ്കുവെച്ചതോടെ ക്ലാസ്സിന്റെ ചിന്താവിഷ്കാരം കൂടുതൽ ഗൗരവമേറിയതായി.
ഇത്തരം ഡിജിറ്റൽ പരിശീലനങ്ങൾ, പുതിയൊരു ലോകത്തേക്ക് കുട്ടികളെ നയിക്കുമ്പോൾ, അതിന്റെ മറുവശത്തുള്ള അപകട സാധ്യതകളെക്കുറിച്ചും അവരെ അവബോധത്തോടെ കരുതലോടെ മുന്നോട്ട് നയിക്കാനുള്ള മികച്ച വേദികളാണ്. അക്സ ആനി സജിയുടെ പ്രഭാഷണവും, സംവാദങ്ങളും വിദ്യാർത്ഥികളിൽ സുരക്ഷിതമായ ഡിജിറ്റൽ ജീവിതത്തെക്കുറിച്ചുള്ള അതീവ ഗൗരവമേറിയ കാഴ്ചപ്പാട് ഉണർത്തി.

## പുതിയ തലമുറയ്ക്ക് പുതിയ ടെക് ദിശ

പുതിയ തലമുറയ്ക്ക് പുതിയ ടെക് ദിശ – എഐ വഴി ഭാവിയിലേയ്ക്ക്
2025 ജൂൺ 11-ന് ഇടയാറൻമുള എ.എം.എം ഹയർസെക്കൻഡറി സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന വിഷയത്തെ ആസ്പദമാക്കി വിദ്യാർത്ഥികൾക്ക് ദിശാനിർദ്ദേശം നൽകുന്ന ഒരു വ്യത്യസ്ത ക്ലാസ് നടന്നു. ടാറ്റാ കൺസൾട്ടൻസി സർവീസിലെ അസിസ്റ്റന്റ് സിസ്റ്റം എൻജിനീയറും സ്കൂളിന്റെ ഫസ്റ്റ് ബാച്ച് ലിറ്റിൽ കൈറ്റ്സ് അംഗവുമായ സേതു എസ് നായർ ആണ് ക്ലാസിന് നേതൃത്വം നൽകിയത്. 21-ാം നൂറ്റാണ്ടിൽ നിർമ്മിത ബുദ്ധി നമ്മുടെ ജീവിതത്തിലെ എല്ലാ മേഖലയിലെയും ഒരു നിർണ്ണായക ഘടകമായി മാറിക്കൊണ്ടിരിക്കുകയാണ്. അതിന്റെ അടിസ്ഥാനങ്ങൾ കുട്ടികളിൽ തന്നെ തയാറാക്കണം എന്ന ലക്ഷ്യത്തോടെ ക്ലാസ് സംഘടിപ്പിക്കപ്പെട്ടു.
2024–27 ബാച്ച് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായിരുന്നു ക്ലാസിന്റെ പ്രധാന പ്രേക്ഷകർ. സ്കൂളിന്റെ പ്രധാന അധ്യാപിക അനില സാമുവൽ, കൈറ്റ് മിസ്ട്രസ് ആശാ പി മാത്യു, സ്റ്റാഫ് സെക്രട്ടറി ജെബി തോമസ് എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു. ക്ലാസിൽ AI-യുടെ അടിസ്ഥാന ഘടകങ്ങൾ, അതിന്റെ സാധ്യതകൾ, വിവിധ മേഖലകളിലെ പ്രയോഗങ്ങൾ, ചാറ്റ് ബോട്ട്, മെഷീൻ ലേണിംഗ് നാച്ചുറൽ ലാംഗ്വേജ് പ്രോസസിംഗ്, റോബോട്ടിക്സ് എന്നിവയെക്കുറിച്ച് ലളിതമായ ഭാഷയിൽ വിശദീകരിച്ചു.
AI എങ്ങനെ പ്രവർത്തിക്കുന്നു, ഇത് ഉപയോഗിച്ച് എങ്ങനെ ജോലി ലാഭിക്കാം,വിദ്യാർത്ഥികൾക്ക് ഇപ്പോഴുള്ള അവസരങ്ങളും ഭാവിയിലെ കരിയർ സാധ്യതകളും എന്നിവ സംബന്ധിച്ചും ക്ലാസിൽ വിശദമായ അവലോകനം നടത്തി

# ട്രാഫിക് ബോധവത്കരണം

2025 ജൂൺ 12-ന് ഇടയാറൻമുള എ.എം.എം ഹയർ സെക്കൻഡറി സ്കൂളിൽ റോഡ് സുരക്ഷാ ബോധവത്കരണത്തിന്റെ ഭാഗമായി ട്രാഫിക് നിയമങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കപ്പെട്ടു. പത്തനംതിട്ട മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ വെഹിക്കിൾ ഇൻസ്പെക്ടർ നിതിൻ രാജ് ക്ലാസിന് നേതൃത്വം നൽകി.

പ്രസ്തുത ക്ലാസ് വിദ്യാർത്ഥികൾക്ക് റോഡിന്റെ സുരക്ഷിത ഉപയോഗം, ട്രാഫിക് നിയമങ്ങളുടെ പ്രാധാന്യം, അനധികൃത വാഹനമോടിക്കൽ, ഹെൽമറ്റിന്റെയും സീറ്റ് ബെൽറ്റിന്റെയും ആവശ്യകത, ചക്രവ്യൂഹ രൂപത്തിലുള്ള ജാം ഒഴിവാക്കാനുള്ള മാർഗങ്ങൾ, ശബ്ദ മലിനീകരണം, ട്രാഫിക് ലൈറ്റ് സിഗ്നലുകളുടെ അർത്ഥം തുടങ്ങിയവയെക്കുറിച്ച് സമഗ്രമായി വിവരിച്ചു.

ഗതാഗത നിയമങ്ങൾ പാലിക്കാതിരുന്നതിന്റെ നിയമപരമായ പ്രത്യാഘാതങ്ങൾ, അനുഭവകഥകളിലൂടെ മനോഹരമായി അവതരിപ്പിച്ച ഇൻസ്പെക്ടർ നിതിൻ രാജിന്റെ ക്ലാസ് കുട്ടികളിൽ നിയമബോധവും സുരക്ഷാ ജാഗ്രതയും വളർത്തുവാൻ സഹായകരമായി.

ക്ലാസിനോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി സംവാദവും സംശയപരിഹാര സെഷനും സംഘടിപ്പിക്കപ്പെട്ടു. ഈ പരിപാടി വിദ്യാർത്ഥികളിൽ നിന്ന് വലിയ പ്രതികരണം നേടി.

റോഡ് സുരക്ഷക്ക് ചെറുപ്പത്തിൽ തന്നെ അടിത്തറ പാകപ്പെടേണ്ടതിന്റെ സന്ദേശം ഈ ക്ലാസിലൂടെ കുട്ടികൾക്ക് ലഭിച്ചു.

# പരിസ്ഥിതി ദിനാഘോഷം



ഇടയാറന്മുള എ എം എം ഹയർസെക്കൻഡറി സ്കൂളിൽ പരിസ്ഥിതി ക്ലബ്ബിന്റെയും ഫോറസ്റ്റ് ക്ലബ്ബിന്റെയും നേതൃത്വത്തിൽ 2025 ജൂൺ 5 ന് പരിസ്ഥിതി ദിനാഘോഷം സംഘടിപ്പിച്ചു. പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി സ്കൂൾ അസംബ്ലി ഹെഡ്മിസ്ട്രസ് അനില സാമുവലിന്റെ അധ്യക്ഷതയിൽ ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ചു. സീനിയർ അസിസ്റ്റന്റ് അനീഷ് ബെഞ്ചമിൻ സ്വാഗതവും, ഫോറസ്റ്റ് ക്ലബ്ബ് കൺവീനർ റോഷൻ നന്ദിയും അർപ്പിച്ചു. ദേശീയഗാനത്തോടുകൂടിയാണ് സ്കൂൾ അസംബ്ലി സമാപിച്ചത്. ളാക സെന്തോം മാർത്തോമാ ചർച്ച് അസിസ്റ്റൻറ് വികാരി റവ. തോമസ് മാത്യു മുഖ്യ സന്ദേശം നൽകി. പരിസ്ഥിതിയുടെ സംരക്ഷണ ആവശ്യകതയും വ്യക്തിപരമായ ഉത്തരവാദിത്വവും വിശദീകരിച്ചു.ഫോറെസ്റ്റ് ക്ലബ്ബിന്റെ നേതൃത്വത്തിൽ സഹപാഠിക്ക് ഒരു തണൽ എന്ന പദ്ധതിയുടെ ഭാഗമായി കുട്ടികൾ പരസ്പരം വൃക്ഷത്തൈകൾ കൈമാറി. പൂർവ്വ വിദ്യാർത്ഥിയും കർഷക അവാർഡ് ജേതാവുമായ ഉത്തമൻ ആശംസകൾ അറിയിച്ചു. വിദ്യാർത്ഥിനി അനിക എ പരിസ്ഥിതി ദിന പ്രതിജ്ഞ വിദ്യാർത്ഥികൾക്ക് ചൊല്ലിക്കൊടുത്തു. പ്രതിജ്ഞയിലൂടെ പരിസ്ഥിതി സംരക്ഷണത്തിനുള്ള വ്യക്തിഗത പ്രതിബദ്ധത ഓർമിപ്പിക്കപ്പെട്ടു. പരിസ്ഥിതി ക്ലബ്ബിന്റെയും, ഫോറസ്റ്റ് ക്ലബ്ബിന്റെയും നേതൃത്വത്തിൽ, പ്ലാസ്റ്റിക് നിരോധനം, ജലസംരക്ഷണം, മാലിന്യ നിയന്ത്രണം, വനസംരക്ഷണം തുടങ്ങിയ വിഷയങ്ങൾ അടങ്ങിയ പോസ്റ്ററുകൾ കുട്ടികൾ പ്രദർശിപ്പിച്ചു. ഇതിലൂടെ വിദ്യാർത്ഥികളിലേക്കുള്ള ശക്തമായ ബോധവൽക്കരണം നടപ്പാക്കാനായി. അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പങ്കാളിത്തത്തോടെ സ്കൂൾ പരിസരത്ത് വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു. മാലിന്യ സംസ്കരണം എന്ന വിഷയത്തിൽ ആറന്മുള ഗ്രാമപഞ്ചായത്ത് സെക്രട്ടറി രാജേഷ് ആർ വിദ്യാർത്ഥികൾക്ക് ബോധവത്കരണ ക്ലാസ് നൽകി. ക്ലാസിലൂടെ മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം വിദ്യാർത്ഥികൾക്ക് മനസ്സിലാക്കുവാൻ സാധിച്ചു. ഹെൽത്ത് ഇൻസ്പെക്ടർ സൗമ്യ മോൾ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു.

# വായന ദിനാഘോഷം 2025

വായനയുടെ വസന്തം 2025 ജൂൺ 19 – അറിവിന്റെ കണികകൾ വിതറുന്നൊരു ദിവസം. ഇടയാറൻമുള എ.എം.എം ഹയർസെക്കൻഡറി സ്കൂളിൽ വായനാദിനം ശ്രദ്ധേയമായി ആഘോഷിച്ചു. 2025 ജൂൺ 20-ന് ആരംഭിച്ച വായനാദിനാഘോഷം, വിദ്യാർത്ഥികളിൽ വായനാപ്രവർത്തനങ്ങൾക്കും പുസ്തകസ്നേഹത്തിനും പുതിയ ദിശകൾ നൽകുന്ന വഴികളായി മാറി. പി. എൻ. പണിക്കറിന്റെ സ്മരണയിൽ തുടങ്ങിയതായ ഈ ദിനാഘോഷം, ഒരു മാസം നീണ്ടുനിന്ന പരിപാടികളിലൂടെ വിദ്യാർത്ഥികളെ സജീവമായി പങ്കെടുപ്പിക്കുവാനും സ്കൂൾ ഗ്രന്ഥശാലയുടെ പ്രാധാന്യം കൂടുതൽ ഉയർത്തിക്കാട്ടുവാനും സഹായിച്ചു.



2025 ജൂൺ 20-ന് ഇടയാറൻമുള എ.എം.എം ഹയർസെക്കൻഡറി സ്കൂളിൽ വായനാദിനം ആചരിച്ചു. കേരള ഗ്രന്ഥശാല സംഘത്തിന്റെ സ്ഥാപകനായ പി. എൻ. പണിക്കരുടെ ചരമദിനത്തോടനുബന്ധിച്ചാണ് ഈ ദിനാഘോഷം നടത്തിയത്. പരിപാടിക്ക് പ്രിൻസിപ്പൽ വർഗീസ് മാത്യു തരകൻ സ്വാഗതം നിർവഹിച്ചു. വായനയുടെ പ്രാധാന്യം മുൻനിർത്തി സ്കൂൾ മാനേജർ റവ. ഡോ. ടി. ടി. സക്രിയ വായനാമാസാചരണ ഉദ്ഘാടനം നിർവഹിച്ചു. പ്രാദേശിക ലൈബ്രറിയായ കൈരളി ഗ്രന്ഥശാലയുടെ ലൈബ്രേറിയനും സ്കൂൾ പി.ടി.എ. പ്രതിനിധിയുമായ സുഷമ്മ പുസ്തകപ്പെട്ടിയിൽ പുസ്തകം സമർപ്പിച്ചുകൊണ്ട് പുസ്തക സമർപ്പണത്തിന് തുടക്കമിട്ടു. നിരവധി കുട്ടികളും തങ്ങളുടെ പുസ്തകങ്ങൾ സമർപ്പിച്ചുകൊണ്ട് ഈ പരിപാടിയിൽ സജീവ പങ്കാളിത്തം വഹിച്ചു. ഒമ്പതാം ക്ലാസ്സ് വിദ്യാർത്ഥിനിയായ സന ഫാത്തിമ പിറന്നാൾ സമ്മാനമായി സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകം സംഭാവന ചെയ്തു. ഗൗരി കൃഷ്ണ എസ്. വായനാദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഏഴാം ക്ലാസ് വിദ്യാർത്ഥിയായ അഭിനന്ദ് ബി, പി. എൻ. പണിക്കരുടെ ജീവചരിത്രം അവതരിപ്പിച്ചു. ഈ പ്രഭാതം കുട്ടികളിൽ വായനയുടെ താത്പര്യവും അറിവിന്റെ പ്രചോദനവുമുണ്ടാക്കി.ഹയർസെക്കൻഡറി വിഭാഗം മലയാളം അധ്യാപിക മറിയാമ്മ ജോർജും, പ്രിൻസിപ്പൽ വർഗീസ് മാത്യു താരകനും സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ സംഭാവന ചെയ്തു. തുടർന്ന്, പ്രിൻസിപ്പൽ വർഗീസ് മാത്യു താരകൻ, സ്കൂൾ മാനേജർ റവ. ഡോ. ടി. ടി. സക്രിയക്ക് ഉപഹാരമായി ഒരു പുസ്തകം നൽകി.വി. എൻ പണിക്കരുടെ ചിത്രത്തിന് മുൻപിൽ കുട്ടികൾ പുഷ്പാർച്ചന നടത്തി. സ്കൂൾ പ്രഥമ അധ്യാപിക അനില സാമുവൽ കെ. എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി അറിയിച്ചു.

## പ്രതിഭാസംഗമം



2025 ജൂൺ 26-ാം തീയതി വ്യാഴാഴ്ച, ഇടയാറൻമുള എ.എം.എം. ഹയർസെക്കൻഡറി സ്കൂളിൽ പ്രതിഭാസംഗമം, ലഹരി വിരുദ്ധ ദിനാചരണം, അവാർഡ് ദാന ചടങ്ങ് എന്നിവ ചേർത്തുകൊണ്ടുള്ള സമാഗമം നടത്തി. സ്കൂൾ മാനേജർ റവ. ഡോ. ടി.ടി. സക്കറിയ അധ്യക്ഷ പ്രസംഗം നടത്തി. പ്രധാനാധ്യാപിക അനില സാമുവൽ കെ ചടങ്ങിന് സ്വാഗതം പറഞ്ഞു. സ്റ്റാഫ് സെക്രട്ടറി ജെബി തോമസ് കൃതജ്ഞത അറിയിച്ചു. പരിപാടിയിൽ പി.ടി.എ പ്രസിഡന്റ് സൈമൺ ജോർജ്, സ്കൂൾ ബോർഡ് സെക്രട്ടറി റോണി എം. എബ്രഹാം, പ്രിൻസിപ്പൽ വർഗീസ് മാത്യു തരകൻ, കാനറാ ബാങ്ക് മാനേജർ  ജ്യോതിലക്ഷ്മി എന്നിവർ ആശംസകൾ അറിയിച്ചു.പത്താം ക്ലാസിനെ പ്രതിനിധീകരിച്ച് വിദ്യാർത്ഥിനികളായ റെബേക്കാ മറിയം കുര്യൻ, ഹന്ന ആഗ്നസ് റെനി എന്നിവർ മറുപടി പ്രസംഗം നടത്തി. പരിപാടിയുടെ അവതാരകർ അധ്യാപകരായ സുനേ മേരി സാമുവലും ബിന്ദു കെ. ഫിലിപ്പും ആയിരുന്നു. ഈ പരിപാടി വിദ്യാർത്ഥികളിൽ സാമൂഹികബോധം വളർത്തുന്നതിനും അവരുടെ കഴിവുകൾ അനുമോദിക്കുന്നതിനും കൂടിയായിരുന്നു.



പരിപാടിയുടെ ഉദ്ഘാടനം കേരള മദ്യവിരുദ്ധ ജനകീയ മുന്നണി ചെയർമാൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്യോസ് മെത്രാപ്പോലീത്ത നിർവഹിച്ചു. അദ്ദേഹത്തിന്റെ പ്രഭാഷണം വിദ്യാർത്ഥികളിൽ ബോധവൽക്കരണവും പ്രചോദനവുമാകുകയായിരുന്നു. പ്രതിഭകൾക്കുള്ള അനുമോദനം പന്തളം എൻ.എസ്.എസ്. കോളേജിലെ റിട്ട. പ്രൊഫസർ ഡോ. രമേശ് കുമാർ നിർവഹിച്ചു. ഹെൽത്ത് ക്ലബ്ബ് ലീഡർ റിസ്വാൻ അഹമ്മദ്, ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.അവാർഡ് ദാന ചടങ്ങിൽ, വിവിധ മേഖലയിലെ മികവിനുള്ള പുരസ്കാരങ്ങൾ വിദ്യാർത്ഥികൾക്ക് നൽകപ്പെട്ടു

# ലഹരിക്കെതിരേ ഒന്നായി

പത്തനംതിട്ട ജില്ല ലഹരിവിരുദ്ധ കർമ്മപദ്ധതിയുടെ ജില്ലാ തല ഉദ്ഘാടനം 2025 ജൂൺ 26 വ്യാഴാഴ്ച, ഇടയാറൻമുള എ.എം.എം. ഹയർസെക്കൻഡറി സ്കൂളിന്റെ ആഭിമുഖ്യത്തിൽ ഇടയാറൻമുള ഓക സെന്തോം മാർത്തോമാ പാരിഷ് ഹാളിൽ സംഘടിപ്പിച്ചു. ബി.ആർ.സി കോർഡിനേറ്റർ രഞ്ജിനി അജിത്തിന്റെ പ്രാർത്ഥന ഗാനത്തോടെ പരിപാടിക്ക് തുടക്കമായി. പി.ടി.എ പ്രസിഡന്റ് ഡോ. സൈമൺ ജോർജിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, സ്കൂൾ പ്രിൻസിപ്പൽ വർഗീസ് മാത്യു തരകൻ സ്വാഗതം പറഞ്ഞു. പ്രധാന അധ്യാപിക അനില സാമുവൽ നന്ദി രേഖപ്പെടുത്തി. പ്രോഗ്രാം കോർഡിനേറ്റർ അജിത്ത് എബ്രഹാം ആശംസകൾ അറിയിച്ചു. പരിപാടിയുടെ അവതാരകരായി  അധ്യാപകരായ മറിയാമ്മ ജോർജും, അനൂപയും പ്രവർത്തിച്ചു.



പരിപാടിയുടെ മുഴുവൻ ഭാഗങ്ങളും സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങൾ ആവിഷ്കാരപരമായി ഡോക്യുമെന്റ് ചെയ്തു. ഇത് വിദ്യാർത്ഥികളിലെ സാങ്കേതിക കഴിവുകൾക്കും ചുമതലബോധത്തിനും തെളിവായി മാറി. വിദ്യാഭ്യാസത്തിലൂടെയും കലാപരമായ പങ്കാളിത്തത്തിലൂടെയും ലഹരിവിരുദ്ധ സന്ദേശം പ്രചരിപ്പിച്ച ഇടയാറൻമുള സ്കൂളിന്റെ ഈ പരിപാടി മാതൃകയായി. പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ആർ അജയ്കുമാർ കർമ്മപദ്ധതി ഔപചാരികമായി ഉദ്ഘാടനം ചെയ്തു. പരിപാടിയുടെ മുഖ്യപ്രഭാഷണം നിർവഹിച്ചത് പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടർ  ബി.ആർ. അനില ആയിരുന്നു. ലഹരിമുക്ത സമൂഹം രൂപീകരിക്കാൻ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തിന്റെ ആവശ്യകത വിശദമായി വിശദീകരിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിർദേശപ്രകാരം വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച സുംബ ഡാൻസിന്റെ ഉദ്ഘാടനവും ഈ യോഗത്തിൽ നടന്നു. കുട്ടികൾ തന്നെ മറ്റ് കുട്ടികളെ പരിശീലിപ്പിക്കുകയും സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികളും പങ്കാളികളാകുകയും ചെയ്ത ഈ സമുച്ചയ പ്രകടനം, പത്തനംതിട്ട വിദ്യാഭ്യാസ ജില്ലയിൽ സുംബ ഡാൻസിന്റെ ഔപചാരിക തുടക്കമായി. ലഹരിവിരുദ്ധ പ്രതിജ്ഞ കുട്ടികൾക്ക് ചൊല്ലിക്കൊടുത്തത് ആൽബിയ രാജേഷ് ആയിരുന്നു. പത്തനംതിട്ട കുളനട ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് നടത്തിയ പോസ്റ്റർ രചനാ മത്സരത്തിൽ നിരഞ്ജന എ. രണ്ടാം സ്ഥാനം കരസ്ഥമാക്കി. മൊമെന്റോയും സർട്ടിഫിക്കറ്റും ഉൾപ്പെടുന്നതാണ് നിരഞ്ജനയ്ക്ക് ലഭിച്ച പുരസ്കാരം.

# പേവിഷബാധ ബോധവൽക്കരണം

2025 ജൂൺ 30 തിങ്കളാഴ്ച, ഇടയാറൻമുള എ.എം.എം ഹയർസെക്കൻഡറി സ്കൂളിൽ പേവിഷബാധക്ക് കാരണമാകുന്ന വൈറസിനെ കുറിച്ചുള്ള ബോധവൽക്കരണ അസംബ്ലി ഫലപ്രദമായി സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്കിടയിൽ ആരോഗ്യബോധവും പ്രതിരോധശേഷിയും വളർത്തുക എന്ന ഉദ്ദേശത്തോടെ ഹെൽത്ത് ക്ലബിന്റെ ആഭിമുഖ്യത്തിലാണ് പരിപാടി നടത്തപ്പെട്ടത്. ആരോഗ്യ സംരക്ഷണത്തിന്റെ ആദ്യ പടിയായ ജാഗ്രതയെ വിദ്യാർത്ഥികളുടെ മനസ്സിൽ ചേർത്തു നിർത്താൻ ഈ ബോധവൽക്കരണ പരിപാടി വലിയ പങ്കുവഹിച്ചു. കുട്ടികളിൽ സാമൂഹിക പ്രതിബദ്ധതയും ആരോഗ്യനൈപുണ്യവും വളർത്താൻ ഈ ശ്രമം നിർണായകമായി. വല്ലന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. കനിഷ് കുമാർ ബോധവൽക്കരണ ക്ലാസിന് നേതൃത്വം നൽകി. പേവിഷബാധ രോഗത്തിന്റെ വികാസവും അതിന്റെ വൈറസ് സാന്നിധ്യവും മനുഷ്യജീവിതത്തെ ബാധിക്കുന്ന രീതി, ലക്ഷണങ്ങൾ, ചികിത്സാ മാർഗങ്ങൾ, മുൻകരുതലുകൾ എന്നി കാര്യങ്ങൾ അദ്ദേഹം വിശദമായി അവതരിപ്പിച്ചു. ശാസ്ത്രീയതയോടും അനുഭവവിദ്യയോടും കൂടിയ അദ്ദേഹത്തിന്റെ ക്ലാസ് വിദ്യാർത്ഥികൾക്ക് വളരെയധികം ഉപകാരപ്രദമായി. അസംബ്ലിക്ക് പി.ടി.എ വൈസ് പ്രസിഡന്റ് സന്ധ്യ ബി അധ്യക്ഷയായി. സ്കൂൾ പ്രിൻസിപ്പൽ വർഗീസ് മാത്യു തരകൻ സ്വാഗതം പറഞ്ഞു. ടീച്ചർ ഇൻ ചാർജ് അഞ്ജലി ദേവി എസ് നന്ദി പറഞ്ഞു. ഹെൽത്ത് ക്ലബ് കൺവീനർ സൂസൻ ബേബി, അദ്ധ്യാപകരായ സുനു മേരി സാമുവൽ, ആശാ പി മാത്യു തുടങ്ങിയവർ സംസാരിച്ചു. പത്താം ക്ലാസ് വിദ്യാർത്ഥിനിയായ ദയ, പേവിഷബാധ രോഗത്തിനെതിരെ ജാഗ്രതയും ഉത്തരവാദിത്തബോധവുമുണർത്തുന്ന പ്രതിജ്ഞ വിദ്യാർത്ഥികൾക്കായി ചൊല്ലിക്കൊടുത്തത് അസംബ്ലിയുടെ പ്രധാന ആകർഷണമായിരുന്നു.



# സമഗ്ര പ്ലസ് പോർട്ടൽ പരിശീലനം

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശപ്രകാരം ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിലെ എല്ലാ അദ്ധ്യാപകർക്കും സമഗ്ര പ്ലസ് പോർട്ടലിലെ ഡിജിറ്റൽ ഉള്ളടക്കങ്ങളെക്കുറിച്ചുള്ള പരിശീലനം 2025 ജൂലൈ പതിനാലാം തീയതി തിങ്കളാഴ്ച നാലുമണിക്ക് സ്കൂൾ ഐടി ലാബിൽ വിജയകരമായി പൂർത്തിയാക്കി. സ്കൂളിലെ എസ് ഐ ടി സി ആശ പി. മാത്യു ആണ് ഈ പരിശീലനത്തിന് നേതൃത്വം നൽകിയത്.



എല്ലാ വിഷയങ്ങളുടെയും പഠന ലക്ഷ്യങ്ങൾക്ക് അനുസൃതമായി കൈറ്റ് രൂപകൽപ്പന ചെയ്ത നൂതന ഡിജിറ്റൽ മൾട്ടിമീഡിയ സംവിധാനമാണ് സമഗ്ര ലേണിംഗ് റൂം. പരിശീലനത്തിൽ, സമഗ്ര പ്ലസ് പോർട്ടലിലെ വിവിധ വിഭാഗങ്ങളെക്കുറിച്ച് അധ്യാപകർക്ക് വിശദമായ അവബോധം നൽകി. ഇതിൽ ടെക്സ്റ്റ് ബുക്ക്, ലേണിംഗ് റൂം, പോഡ്കാസ്റ്റ്, ക്വസ്റ്റ്യൻ ബാങ്ക്, മോഡൽ ക്വസ്റ്റ്യൻ പേപ്പർ എന്നിവ ഉൾപ്പെടുന്നു. ഈ വെബ്സൈറ്റ് പഠന പ്രക്രിയകളെ എങ്ങനെ കൂടുതൽ മെച്ചപ്പെടുത്താൻ സഹായിക്കുമെന്ന് അധ്യാപകരെ പരിശീലിപ്പിച്ചു.

കൂടാതെ,സമഗ്ര പ്ലസ് പോർട്ടലിലൂടെ ടീച്ചിംഗ് മാനുവലുകൾ അയക്കുന്ന രീതി, എസ്.ആർ.ജി. (സ്കൂൾ റിസോഴ്സ് ഗ്രൂപ്പ്) മീറ്റിംഗുകളുടെ മിനിറ്റ്സ് തയ്യാറാക്കുന്ന വിധം, അദ്ധ്യാപകരെ സമഗ്ര പ്ലസ് പോർട്ടലിലേക്ക് ചേർക്കുന്ന രീതി, എച്ച്.എം ലോഗിൻ ഉപയോഗിച്ച് ക്ലാസുകൾ നിരീക്ഷിക്കുന്ന രീതി എന്നിവയെക്കുറിച്ചും വിശദമായ ക്ലാസുകൾ നൽകി. ഓഫ്‌ലൈനിൽ ഉപയോഗിക്കാനായി പഠന ആവശ്യകതകൾക്കുള്ള വിഭവങ്ങൾ ഡൗൺലോഡ് ചെയ്യുന്ന വിധം, ടീച്ചിംഗ് മാനുവലുകൾ വിവിധ ക്ലാസുകളിലേക്ക് എഡിറ്റ് ചെയ്ത് അപ്‌ലോഡ് ചെയ്യുന്ന രീതി, അവ ഡൗൺലോഡ് ചെയ്ത് ഓഫ്‌ലൈനിൽ ഉപയോഗിക്കുന്ന രീതി എന്നിവയും അദ്ധ്യാപകരെ പരിശീലിപ്പിച്ചു. ഈ പരിശീലനം അദ്ധ്യാപകർക്ക് അവരുടെ ദൈനംദിന അദ്ധ്യാപന പ്രവർത്തനങ്ങൾക്ക് വളരെ പ്രയോജനകരമായി.

# വയനാട് ഉരുൾപൊട്ടൽ -സ്കൂളിന്റെ ശ്രദ്ധാഞ്ജലി




2024 ജൂലൈ 30-ന് വയനാട് ജില്ലയിലെ ചൂരൽമല മുണ്ടക്കൈയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ 52 വിദ്യാർത്ഥികൾ മരണപ്പെട്ടിരുന്നു. ഈ വിദ്യാർത്ഥികളോടുള്ള ആദരസൂചകമായും കൂട്ടായ ദുഃഖം പ്രകടിപ്പിക്കുന്നതിനായും ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിലെ നല്ല പാഠം ക്ലബ്, ലിറ്റിൽ കൈറ്റ്സ് യൂണിറ്റുമായി സഹകരിച്ച് ശ്രദ്ധേയമായൊരു പരിപാടി സംഘടിപ്പിച്ചു.

അസംബ്ലിയിൽ ഒരു മിനിറ്റ് മൗനം ആചരിക്കുകയും, 2025 ജൂലൈ 30-ന് 52 വിദ്യാർത്ഥികൾ മെഴുകുതിരി കത്തിച്ച് അനുശോചനം അർപ്പിക്കുകയും ചെയ്തു. നഷ്ടപ്പെട്ട യുവജീവിതങ്ങളെ ആദരിക്കുന്നതിനും സുരക്ഷ, സഹാനുഭൂതി, ഐക്യദാർഢ്യം തുടങ്ങിയ സാമൂഹിക പ്രതിബദ്ധത വിദ്യാർത്ഥികളിൽ ഊട്ടിയുറപ്പിക്കുന്നതിനും ഈ പ്രവർത്തനം സഹായിച്ചു.

# കരുതലാകാം കരുത്തോടെ

കൗമാരത്തിന്റെ അരികിൽ എത്തുന്ന മക്കളെ സമൂഹത്തിന്റെ വെല്ലുവിളികളിൽ നിന്ന് സംരക്ഷിക്കുകയും, അവരിൽ ആത്മവിശ്വാസം വളർത്തുകയും ചെയ്യേണ്ട ഉത്തരവാദിത്തം രക്ഷിതാക്കൾക്ക് ഉണ്ട്. അതിവേഗം മാറുന്ന സാങ്കേതിക ലോകത്തിൽ ശാസ്ത്രീയമായ അറിവും ബോധവത്കരണവും ചേർത്ത് കരുതലോടെയുള്ള സമീപനം അനിവാര്യമാണ്.



ഈ പശ്ചാത്തലത്തിലാണ് പത്തനംതിട്ട ജില്ലാ പഞ്ചായത്ത് കരുതലാകാം കരുത്തോടെ എന്ന രക്ഷകർതൃശാക്തീകരണ പരിപാടി ആവിഷ്കരിച്ചത്. ഈ പരിപാടിയുടെ ഭാഗമായി ഇടയാറൻമുള എ.എം. എം ഹയർ സെക്കൻഡറി സ്കൂളിൽ രക്ഷിതാക്കൾക്കായി പ്രത്യേക ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു.

2025 ജൂലൈ 31, ആഗസ്റ്റ് 1 തീയതികളിലായി ഉച്ചയ്ക്ക് 2.30 ന് യുപി, എച്ച് എസ് വിഭാഗങ്ങളിലെ രക്ഷിതാക്കൾക്കായി സംഘടിപ്പിച്ച പരിശീലന പരിപാടിക്ക് അധ്യാപകനും, വിമുക്തി കോർഡിനേറ്ററുമായ ജെബി തോമസ് നേതൃത്വം നൽകി. ലഹരിവസ്തുക്കളുടെ അമിതമായ ഉപയോഗം അക്രമവാസന എന്നിവയെ നേരിടാൻ രക്ഷാകർതൃ ശാക്തീകരണത്തിലൂടെ സമഗ്ര കർമ്മ പരിപാടിയാണ് ആവിഷ്കരിച്ച് നടപ്പാക്കിയത്. ഉത്തരവാദിത്വബോധമുള്ള സമൂഹത്തെ രൂപപ്പെടുത്തുകയും പുതിയ കാലത്തിന്റെ മാറ്റങ്ങൾ അഭിമുഖീകരിക്കാൻ അധ്യാപകരെയും രക്ഷിതാക്കളെയും ശക്തരാക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. ശക്തമായ ശ്രദ്ധയിലൂന്നിയ രക്ഷാകർതൃത്വം ലഭ്യമായാൽ ലഹരി ദുരുപയോഗത്തിലേക്കും, ലൈംഗിക ചൂഷണത്തിലേക്കും, സാമൂഹ്യവിരുദ്ധത പ്രവർത്തനങ്ങളിലേക്കും കുട്ടികളെ എത്തിക്കുന്നത് തടയാൻ ആകുമെന്ന് ഈ ക്ലാസ്സിലൂടെ രക്ഷകർത്താക്കളെ വ്യക്തമാക്കി.

പരിപാടിയിൽ അനില സാമുവേൽ കെ, പ്രധാനാധ്യാപിക, അധ്യക്ഷത വഹിച്ചു. രക്ഷാകർത്താക്കളുടെ സജീവമായ പങ്കാളിത്തം യോഗത്തിലുണ്ടായിരുന്നു.

# ലെമൺ റൈസ് ദിനം

2025 ആഗസ്റ്റ് 8-ന് സ്കൂളിൽ നടന്ന ഉച്ചഭക്ഷണ പരിപാടിയിൽ കുട്ടികൾക്ക് ലെമൺ റൈസ് വിതരണം ചെയ്തു.



കുട്ടികൾ ആഹ്ലാദത്തോടെ ഭക്ഷണം സ്വീകരിച്ചു. ഈ ദിവസം കുട്ടികൾക്കായി പ്രത്യേക രീതിയിൽ തയ്യാറാക്കിയ ലെമൺ റൈസ് പ്രത്യേക ശ്രദ്ധ പിടിച്ചു പറ്റുകയായിരുന്നു. ഉച്ചഭക്ഷണത്തിന് നേതൃത്വം നൽകിയ പ്രധാനാധ്യാപിക  അനില സാമുവൽ പരിപാടിയുടെ എല്ലാവിധ ക്രമീകരണങ്ങൾക്കും മേൽനോട്ടം വഹിച്ചു. ഉച്ചഭക്ഷണ കൺവീനറായി പ്രവർത്തിക്കുന്ന ജിൻസി യോഹന്നാൻ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. ഉച്ചഭക്ഷണം പാചകം ചെയ്തത് മണി ആയിരുന്നു.

അധ്യാപകരും മറ്റ് ജീവനക്കാരും കൂട്ടായ്മയായി പ്രവർത്തിച്ച് കുട്ടികൾക്ക് ശുചിത്വപരമായും സന്തോഷത്തോടെ ഭക്ഷണം ലഭ്യമാക്കി. ഉച്ചഭക്ഷണ പദ്ധതിയുടെ വിജയത്തിൽ മുഴുവൻ ടീം സജീവ പങ്കാളികളായി.

# പിന്തിരിപ്പില്ലാത്ത പഠനപാതയ്ക്ക് സംയുക്ത നീക്കം

2025 ആഗസ്റ്റ് 8-ന് പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ പഠന പുരോഗതിക്കായി ഇടയാറൻമുള എ എം എം ഹയർ സെക്കൻഡറി സ്കൂളിൽ എസ്.ആർ.ജി യോഗം സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ പഠന മികവ് വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ മുൻനിർത്തി, രാവിലെ 9 മുതൽ 9.45 വരെ ഓരോ വിഷയങ്ങളിലായി പഠന പിന്തുണ  ക്ലാസുകൾ നടത്താൻ യോഗത്തിൽ തീരുമാനിച്ചു. ഭിന്നശേഷിയുള്ള കുട്ടികൾക്ക് പ്രത്യേക പഠനപിന്തുണ നൽകുന്നതിനായി ബി.ആർ.സി. സ്പെഷ്യൽ എജ്യുക്കേഷൻ ട്രെയിനർ  ലക്ഷ്മി,



അവർക്കായി പൊതു വിദ്യാഭ്യാസ വകുപ്പ് രൂപകൽപ്പന ചെയ്ത പ്രശസ്ത് എന്ന ഒരു പ്രശസ്ത ആപ്ലിക്കേഷൻ യോഗത്തിൽ പരിചയപ്പെടുത്തി. ആപ്ലിക്കേഷന്റെ സാങ്കേതിക സവിശേഷതകളും പഠന സഹായ്യതകളും വിശദമായി വിശദീകരിച്ചു. ഭിന്നശേഷിയുള്ള വിദ്യാർത്ഥികളുടെ പുരോഗതിക്ക് ഇതിലൂടെ എത്രമാത്രം സഹായമാകും എന്നതിനെ കുറിച്ചും വിശദീകരിച്ചു.

യോഗത്തിൽ പ്രധാനാധ്യാപിക അനില സാമുവൽ അദ്ധ്യക്ഷത വഹിച്ചു. വിവിധ അധ്യാപകർ യോഗത്തിൽ സജീവമായി പങ്കെടുത്തു. യോഗത്തിന്റെ അവസാനം എസ്.ആർ.ജി കൺവീനർ   ജാൻസി വർഗീസ്  നന്ദി രേഖപ്പെടുത്തി.

# ബാസ്കറ്റ്ബോൾ കോർട്ട് നവീകരണം

സംസ്ഥാനതലത്തിൽ ബാസ്കറ്റ്ബോളിൽ ശ്രദ്ധേയമായ വിജയങ്ങൾ കാഴ്ചവെച്ച ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിലെ ബാസ്കറ്റ്ബോൾ കോർട്ട് നവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 2025 ഓഗസ്റ്റ് 27-ന് സ്കൂൾ മാനേജർ റവ. ഡോ. ടി.ടി. സക്കറിയ നിർവഹിച്ചു.



സക്കറിയ ഉമ്മൻ അധ്യക്ഷത വഹിച്ചു. കൺവീനർ ജോർജ് വർഗീസ്, പിടിഎ പ്രസിഡന്റും ട്രഷററുമായ ഡോ. സൈമൺ ജോർജ്, സ്കൂൾ ബോർഡ് സെക്രട്ടറി റോണി ഏബ്രഹാം, ട്രഷറർ ജോസ് തോമസ്, പൂർവ വിദ്യാർത്ഥിയായ ജോമോൻ ടി. തോമസ്, പ്രിൻസിപ്പൽ വർഗീസ് മാത്യു, ഹെഡ്മിസ്ട്രസ് അനില സാമുവൽ, കായിക അധ്യാപകൻ അജിത്ത് ഏബ്രഹാം എന്നിവർ പ്രസംഗിച്ചു.

# ആവണി നിലാവ് 2025



ആവണി നിലാവ് 2025 – ഓണാഘോഷം ഉദ്ഘാടനം

ഇടയാറൻമുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിൽ കലയും കളിയും കൈകോർത്തൊരു ഓണാഘോഷം ആവണി നിലാവ് 2025 ആഗസ്റ്റ് 29-ന് വെള്ളിയാഴ്ച രാവിലെ 10 മണിക്ക് അരങ്ങേറി. സ്കൂൾ മാനേജർ റവ. ഡോ. ടി. ടി. സക്കറിയ അധ്യക്ഷത വഹിച്ചു.

സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയും ബാൾട്ടി എന്ന സിനിമയിലെ താരവുമായ ജക്സൺ ജോൺസൺ ചടങ്ങ് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ വർഗീസ് മാത്യു തരകൻ, പിടിഎ വൈസ് പ്രസിഡന്റ് സന്ധ്യ ബി., പ്രഥമാധ്യാപിക അനില സാമുവൽ എന്നിവർ ആശംസകൾ അറിയിച്ചു.അധ്യാപകരായ അനൂപ സ്വാഗതവും, അജിത് കുമാർ നന്ദിയും അറിയിച്ചു. അലൻ സൂരജ് മാവേലിയായി എത്തി. നീരജ ഷിംജിത്തിന്റെ മോഹിനിയാട്ടത്തോടെ കലാപരിപാടികൾക്ക് തുടക്കം കുറിച്ചു. തുടർന്ന് കുട്ടികളും അധ്യാപകരും പി.ടി.എ അംഗങ്ങളും പങ്കെടുത്ത കസേരകളി, തിരുവാതിര, വടംവലി, ഗ്രൂപ്പ് ഡാൻസ് മത്സരങ്ങൾ അരങ്ങേറി. പരിപാടികളുടെ സമാപനം വിഭവസമൃദ്ധമായ ഓണസദ്യയോടെയായിരുന്നു.

# ദേശസ്നേഹത്തിന്റെ ചിറകുകളോടെ സ്വാതന്ത്ര്യദിനാഘോഷങ്ങൾ



2025 ആഗസ്റ്റ് 15-ന് ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിൽ ദേശസ്നേഹത്തിന്റെ പ്രഭാതത്തിൽ സ്വാതന്ത്ര്യദിനാഘോഷങ്ങൾ വൈഭവത്തോടെ നടന്നു. സ്കൂൾ തലത്തിലും, ജില്ലാ തലത്തിലും സംഘടിപ്പിച്ച വിവിധ പരിപാടികൾ ദിനാഘോഷത്തെ അതുല്യമാക്കി.

# ജില്ലാ വേദിയിൽ സൂംബാ നൃത്തം



പത്തനംതിട്ട ജില്ലാ സ്റ്റേഡിയത്തിൽ നടന്ന ജില്ലാ സ്വാതന്ത്ര്യദിനാഘോഷത്തിൽ, സ്കൂളിലെ 31 വിദ്യാർത്ഥികൾ കലാത്രൂപമായ സൂംബാ ഡാൻസ് അവതരിപ്പിച്ചു. കായിക അധ്യാപകൻ അജിത് എബ്രഹാം പരിശീലിപ്പിച്ച കുട്ടികൾ നീല–കറുപ്പ് യൂണിഫോമിൽ ത്രിവർണ്ണത്തിന്റെ ഭംഗി ചേർത്ത റിബണുകൾ അണിഞ്ഞാണ് അരങ്ങിലെത്തിയത്.

# സ്കൂൾ പാർലമെന്റ് അംഗങ്ങളുടെ തെരഞ്ഞെടുപ്പ്



സ്കൂൾ പാർലമെന്റ് അംഗങ്ങളുടെ തെരഞ്ഞെടുപ്പ് 2025 സെപ്റ്റംബർ പതിനൊന്നാം തീയതി സ്കൂൾ ലൈബ്രറിയിൽ വെച്ച് നടന്നു. പ്രിൻസിപ്പൽ വർഗീസ് മാത്യു തരകൻ അധ്യക്ഷത വഹിച്ച യോഗത്തിൽ സ്കൂളിന്റെ വിവിധ ഭാരവാഹികളെ തെരഞ്ഞെടുത്തു. ഹെഡ്മിസ്ട്രസ് ഇൻ-ചാർജ് ആയ അഞ്ജലി ദേവി, ബിൽബി അനൂപ എൽ എന്നിവർ വിദ്യാർത്ഥികൾക്ക് ആശംസകൾ അറിയിച്ചു. ഇടയാറൻമുള എ എം എം ഹയർ സെക്കൻഡറി സ്കൂളിലെ പുതുതായി നവീകരിച്ച ബാസ്കറ്റ് ബോൾ കോർട്ടിന്റെ ഉദ്ഘാടനം പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോർജ് എബ്രഹാം നിർവഹിച്ചു. മുൻ വിദ്യാർത്ഥിയും ക്രൈംബ്രാഞ്ച് എസ്.പി.യുമായ എൻ. രാജേഷ് ആയിരുന്നു ചടങ്ങിലെ മുഖ്യാതിഥി. സംസ്ഥാന സ്കൂൾ കേരള യൂണിവേഴ്സിറ്റി അംഗമായിരുന്ന സഖറിയാ ഉമ്മൻ, സംസ്ഥാന സ്കൂൾ ഗെയിംസ് ബാസ്കറ്റ്ബോൾ ടീം അംഗങ്ങളായിരുന്ന ജേക്കബ് തോമസ്, ശശി പി.ടി., മാത്യു എന്നിവരെ ചടങ്ങിൽ ആദരിച്ചു. സ്കൂൾ മാനേജർ റവ. ഡോ. ടി. ടി. സഖറിയ അധ്യക്ഷത വഹിച്ച യോഗത്തിൽ കൺവീനർ ജോർജ് വർഗീസ്, പി.ടി.എ. പ്രസിഡന്റ് ഡോ. സൈമൺ ജോർജ്, പത്തനംതിട്ട ജില്ലാ ബാസ്കറ്റ്ബോൾ അസോസിയേഷൻ പ്രസിഡന്റ് ജോർജ് സഖറിയ, പ്രിൻസിപ്പൽ വർഗീസ്, ഹെഡ്മിസ്ട്രസ് കുര്യൻ, റോണി എം. എബ്രഹാം, തോമസ് മാത്യു, ജോമോൻ തോമസ്, ബിന്ദു, എ. ബി. ജോസ് തലക്കോട് എന്നിവർ പ്രസംഗിച്ചു.

## ആറന്മുള ഉപജില്ല ഐടി മേള

ആറന്മുള ഉപജില്ല തലത്തിലുള്ള ഐ.ടി. മേള 2005 ഒക്ടോബർ 15-ന് ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിലെ ഐ.ടി. ലാബിൽ വെച്ച് വിജയകരമായി നടന്നു. കൈറ്റ് (കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ) മാസ്റ്റർമാരായ തോമസ് എം. ഡേവിഡ്, ഗിരീഷ്, എന്നിവരും കൈറ്റ് ജില്ലാ കോർഡിനേറ്ററായ രതീദേവി പി. യും മേളയ്ക്ക് നേതൃത്വം നൽകി. ഇൻസ്റ്റലേഷനും മത്സര ഇനങ്ങൾ ചിട്ടപ്പെടുത്തലും നടന്നതും ഇവരുടെ മാർഗ്ഗനിർദ്ദേശത്തിലാണ്.
ആറന്മുള ഉപജില്ലയിലെ വിവിധ വിദ്യാലയങ്ങളിൽ നിന്നായി യു.പി., എച്ച്.എസ്. വിഭാഗങ്ങളിലെ ഏകദേശം 44 വിദ്യാർത്ഥികൾ മേളയിൽ സജീവമായി പങ്കെടുത്തു. സാങ്കേതികവിദ്യയിലുള്ള തങ്ങളുടെ കഴിവുകൾ പ്രദർശിപ്പിക്കാൻ ഈ വിദ്യാർത്ഥികൾക്ക് അവസരം ലഭിച്ചു.
അനിമേഷൻ, സ്ക്രാച്ച്, ഡിജിറ്റൽ പെയിന്റിംഗ്, രചനയും അവതരണവും, പ്രസന്റേഷൻ വെബ് പേജ് ഡിസൈനിങ്, മലയാളം ടൈപ്പിംഗും രൂപകൽപ്പനയും, ഐടി ക്വിസ് തുടങ്ങിയ മത്സര ഇനങ്ങളാണ് മേളയിൽ ഉൾപ്പെട്ടത്. 104 പോയിന്റുകൾ നേടി, ആതിഥേയ വിദ്യാലയമായ ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂൾ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. ഐ.ടി. മേഖലയിലെ അവരുടെ മികച്ച പ്രകടനം ഈ നേട്ടത്തിന് കാരണമായി. ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളാണ് ഐ.ടി. മേളയുടെ വിജയകരമായ നടത്തിപ്പിന് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ഒരുക്കിയത്.

# ആറന്മുള ഉപജില്ല ശാസ്ത്രമേള

ആറന്മുള ഉപജില്ല ശാസ്ത്രമേള ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിൽ വെച്ച് 2025 നവംബർ 17, 21 തീയതികളിലായി വളരെ വിജയകരമായി നടത്തപ്പെട്ടു. നൂറുകണക്കിന് വിദ്യാർത്ഥികളുടെ പങ്കാളിത്തം കൊണ്ട് മേള ശ്രദ്ധേയമായി. മേളയുടെ ഔപചാരികമായ ഉദ്ഘാടനം നവംബർ 21-ന് രാവിലെ നടന്നു. സ്കൂൾ മാനേജർ റവ. ഡോ. ടി.ടി. സക്കറിയ തിരിതെളിച്ച് മേള ഉദ്ഘാടനം ചെയ്തു. ആറന്മുള എ.ഇ.ഒ. ശ്രീമതി ജയന്തി തരുൺ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

പി.ടി.എ. പ്രസിഡന്റ് രാജീവ് കുമാർ, സ്കൂൾ പ്രിൻസിപ്പൽ വർഗീസ് മാത്യു തരകൻ, ഹെഡ്മിസ്ട്രസ് അനില സാമുവൽ, കായിക അധ്യാപകൻ അജിത്ത് എബ്രഹാം, എച്ച്.എം. ഫോറം കൺവീനർ ഷെറിൻ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. വിദ്യാർത്ഥികളിൽ ശാസ്ത്രീയ അവബോധം വളർത്തുന്നതിൽ ഇത്തരം മേളകളുടെ പ്രാധാന്യം പ്രസംഗകർ എടുത്തുപറഞ്ഞു. വിവിധ വിഷയങ്ങളിലായി കുട്ടികൾ അവരുടെ കഴിവുകൾ പ്രദർശിപ്പിച്ചു.

വർക്കിംഗ് മോഡൽ , സ്റ്റിൽ മോഡൽ , ഇംപ്രൊവൈസ്ഡ് എക്സ്പിരിമെൻറ് , ടാലന്റ് സെർച്ച് എക്സാം, സയൻസ് മാഗസിൻ , അറ്റ്ലസ് മേക്കിങ്, ലോക്കൽ ഹിസ്റ്ററി റൈറ്റിംഗ് എന്നിവ ശാസ്ത്രമേളയിലെ പ്രധാന ഇനങ്ങളാണ്.

കൂടാതെ, പ്രവൃത്തിപരിചയ മേളയിൽ മുളയുത്പന്നങ്ങൾ, മുത്തുകൾ കൊണ്ടുള്ള നിർമ്മാണങ്ങൾ, ബഡ്ഡിംഗ്, ലെയറിംഗ്, ഗ്രാഫ്റ്റിംഗ് , ചിരട്ട ഉത്പന്നങ്ങൾ, കുട നിർമ്മാണം , കൊയർ ഡോർ മാറ്റ്സ് , ഇലക്ട്രിക് വയറിംഗ്, എംബ്രോയ്ഡറി, ഫാബ്രിക് പെയിന്റിംഗ് തുടങ്ങിയവയും മത്സര വിഭാഗങ്ങളിൽ ഉൾപ്പെട്ടിരുന്നു.

നവംബർ 21-ന് നടന്ന സമാപന സമ്മേളനത്തിൽ വിജയികൾക്ക് ട്രോഫികളും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു. എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിന്റെ നേതൃത്വത്തിൽ നടന്ന ഈ ശാസ്ത്രമേള ഉപജില്ലയിലെ യുവ പ്രതിഭകൾക്ക് അവരുടെ ആശയങ്ങൾ പങ്കുവെക്കാനുള്ള മികച്ച വേദിയായി മാറി.

## മയക്കുമരുന്ന് രഹിത വിദ്യാലയം

മയക്കുമരുന്ന് ഉപയോഗത്തിനെതിരായ നാശാ മുക്ത ഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായി ഇടയാറന്മുള എ.എം.എം. ഹയർസെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികൾ, സ്കൂൾ അസംബ്ലിയിൽ പ്രതിജ്ഞയെടുക്കുകയുണ്ടായി. സമൂഹത്തിന്റെയും രാജ്യത്തിന്റെയും പുരോഗതിക്കായി മയക്കുമരുന്ന് രഹിത ഭാരതം എന്ന മഹത്തായ ദൗത്യത്തിൽ പങ്കുചേരുമെന്നും, തങ്ങളുടെ വിദ്യാലയത്തെ മയക്കുമരുന്ന് രഹിത വിദ്യാലയം ആയി നിലനിർത്തുമെന്നും പ്രതിജ്ഞ ചെയ്തു. എന്റെ രാജ്യത്തെ മയക്കുമരുന്ന് രഹിതമാക്കുന്നതിനായി ഓരോരുത്തരും കഴിയുന്നത്ര രീതിയിൽ പ്രവർത്തിക്കുമെന്നും ദൃഢപ്രതിജ്ഞയെടുത്തു.



## ഡിജിറ്റൽ പ്രകൃതി

ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ സ്വതന്ത്ര സോഫ്റ്റ്‌വെയറുകളായ ജിമ്പ്, കൃത എന്നിവ ഉപയോഗിച്ച് പരിസ്ഥിതിയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ഡിജിറ്റൽ പെയിന്റിംഗിലൂടെ വരച്ചു. ഇതുവഴി വിദ്യാർത്ഥികളെ പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ബോധവൽക്കരിച്ചു.

# ശിശുവിന്റെ ചിരിതുവലുകൾ

2025 നവംബർ 14-ന് ഇടയാറൻമുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിൽ വിപുലമായ പരിപാടികളോടുകൂടി ശിശുദിനം ആഘോഷിച്ചു. ചാച്ചാജിയുടെ വേഷത്തിൽ ഒരു കൂട്ടം വിദ്യാർത്ഥികൾ അസംബ്ലിയിലേക്കെത്തിയത് കുട്ടികളിൽ അതിയായ സന്തോഷം പകർന്നു .ശിശുവിന്റെ ചിരിതുവലുകൾ

2025 നവംബർ 14-ന് ഇടയാറൻമുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിൽ വിപുലമായ പരിപാടികളോടുകൂടി ശിശുദിനം ആഘോഷിച്ചു. ചാച്ചാജിയുടെ വേഷത്തിൽ ഒരു കൂട്ടം വിദ്യാർത്ഥികൾ അസംബ്ലിയിലേക്കെത്തിയത് കുട്ടികളിൽ അതിയായ സന്തോഷം പകർന്നു. സ്കൂൾ മാനേജർ റവ. ഡോ. ടി. ടി. സഖറിയയുടെ അധ്യക്ഷതയിൽ അസംബ്ലി ചേർന്നു. പ്രഥമ അദ്ധ്യാപിക അനില സാമുവേൽ സ്വാഗതം നിർവഹിച്ചു. പരിപാടിക്ക് ആശംസകൾ അറിയിച്ചു കൊണ്ട് പി.ടി.എ പ്രസിഡന്റ് രാജീവ് കുമാറും സ്കൂൾ ബോർഡ് സെക്രട്ടറി റോണി എബ്രഹാമും പ്രസംഗിച്ചു. മാനേജർ മുഖ്യ സന്ദേശം നൽകുകയും ശിശുദിനത്തിന്റെ പ്രാധാന്യം ഓർമ്മിപ്പിക്കുകയും ചെയ്തു. കുട്ടികൾ അവതരിപ്പിച്ച വന്ദേമാതരം ഗാനത്തോടെ ഉജ്ജ്വലമായി ആരംഭിച്ചു. കുട്ടികളുടെ സമചേതനവും മനോഹരമായ ശബ്ദസമന്വയവും പരിപാടിക്ക് ദേശസ്നേഹത്തിന്റെ ചൂടേകി. ശിശുദിനത്തിന്റെ പ്രാധാന്യം ഓർമ്മപ്പെടുത്തുന്നതായി ഉപന്യാ കൃഷ്ണ ആർ. നെഹ്റുജിയെ കുറിച്ച് അലങ്കാരപരവും ലളിതവുമായ ഒരു പ്രസംഗം അവതരിപ്പിച്ചു. നെഹ്റുജിയുടെ കുട്ടികളോടുള്ള സ്നേഹം, രാജ്യനിർമാണത്തിൽ അദ്ദേഹത്തിന്റെ പങ്ക്, വിദ്യാഭ്യാസത്തിൽ നൽകിയ പ്രാധാന്യം തുടങ്ങിയ വിഷയങ്ങൾ പ്രസംഗത്തിൽ ശ്രദ്ധേയമായി ഉയർത്തിക്കാട്ടി. ദിനാഘോഷത്തിന്റെ ഭാഗമായി കുട്ടികൾ പങ്കെടുത്ത ശിശുദിന റാലി ഉജ്ജ്വലമായി നടത്തി. വിദ്യാർത്ഥികൾ തയ്യാറാക്കിയ വർണപ്പകിട്ടാർന്ന പ്ലേക്കാർഡുകൾ സ്കൂൾ പരിസരം നിറച്ചപ്പോൾ, അവരുടെ സൃഷ്ടിപരമായ കഴിവുകൾ എല്ലാവരുടെയും ശ്രദ്ധ ആകർഷിച്ചു. വിവിധ മഹാൻമാരുടെ വേഷധാരികളായി എത്തിയ കുട്ടികളുടെ അവതരണം ദിനാഘോഷത്തിന്റെ ഹൈലൈറ്റായിരുന്നു. ഗാന്ധിജി, നെഹ്റുജി, ഇന്ദിരാ ഗാന്ധി, ഝാൻസി റാണി, സുഭാഷ് ചന്ദ്ര ബോസ്, ഭഗത് സിംഗ്, ഉണ്ണിയാർച്ച , ഭാരതാംബ തുടങ്ങി നിരവധി ചരിത്ര പ്രതിഭകളുടെ വേഷത്തിൽ കുട്ടികൾ എത്തി മനോഹര കാഴ്ച സമ്മാനിച്ചു. വർണ്ണാഭമായ ചടങ്ങുകൾക്ക് ശേഷം കുട്ടികൾക്കായി പായസം വിതരണം ചെയ്തു. കുട്ടികളുടെ സന്തോഷവും നിഷ്കളങ്കമായ ചിരികളും നിറഞ്ഞ ആ ദിനാഘോഷം ശിശുദിനത്തിന്റെ സന്ദേശം പൂർണ്ണമായി ഉയർത്തിപ്പിടിച്ചു.

# ഹരിത വിദ്യാലയം സീസൺ 4

ഇടയാറൻമുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂൾ പ്രഥമ അദ്ധ്യാപികയുടെ നേതൃത്വത്തിൽ ഹരിത വിദ്യാലയം സീസൺ 4-ലേക്ക് അപേക്ഷ നൽകുന്നതിന് മുന്നോടിയായി അദ്ധ്യാപകർ ലൈബ്രറിയിൽ എസ്.ആർ.ജി മീറ്റിംഗ് ചേരുകയുണ്ടായി. ഈ മീറ്റിംഗിൽ സ്കൂളിന്റെ അടിസ്ഥാന വിവരങ്ങൾ, പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ, ലഭിച്ച അംഗീകാരങ്ങൾ, വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിലുള്ള സാമൂഹ്യ പ്രതിബദ്ധത പ്രവർത്തനങ്ങൾ, അദ്ധ്യാപക ശാക്തീകരണ പരിപാടിയിലെ പങ്കാളിത്തം, പഠന പിന്തുണാ പ്രവർത്തനങ്ങൾ, ഐ.സി.ടി. അനുബന്ധ പ്രവർത്തനങ്ങൾ, സ്കൂളും സമൂഹവുമായുള്ള ബന്ധം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് വിശദമായ ചർച്ച നടത്തി. ഈ ചർച്ചകൾക്ക് ശേഷം സ്കൂൾ ഹരിത വിദ്യാലയം സീസൺ 4-ലേക്ക് അപേക്ഷ സമർപ്പിച്ചു.



# എക്സ്പോ 2025



പത്തനംതിട്ട ജില്ലയിലെ ഇടയാറന്മുള എ എം എം ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ നേതൃത്വം നൽകിയ ടെക് ഫെസ്റ്റ്, എക്സ്പോ 2025 എന്ന പരിപാടി 2025 ജനുവരി 8-ന് സ്കൂളിലെ ഐടി ലാബിൽ വിപുലമായി നടന്നു. വിവിധ സ്കൂളുകളിൽ നിന്നുള്ള അധ്യാപകരും വിദ്യാർത്ഥികളും എക്സ്പോയിൽ പങ്കെടുത്തു. അവർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചു. പിടിഎയുടെ സജീവ പങ്കാളിത്തവും എക്സ്പോയുടെ വിജയത്തിന് സഹായകമായി.
എക്സ്പോയിൽ പ്രഥമ അദ്ധ്യാപിക അനില സാമുവേൽ, സ്റ്റാഫ് സെക്രട്ടറി ജെബി തോമസ്, ഹയർ സെക്കൻഡറി ഊർജ്ജ തന്ത്ര അദ്ധ്യാപകൻ സിബി മത്തായി, സീനിയർ അദ്ധ്യാപിക സുനു മേരി സാമുവേൽ, കൈറ്റ് മാസ്റ്റേഴ്സായ ആശ പി മാത്യു, ലക്ഷ്മി പ്രകാശ് തുടങ്ങിയവർ ആശംസ അറിയിച്ചു. എക്സ്പോയിൽ, കൈറ്റ്സ് വിദ്യാർത്ഥികൾ അനിമേഷൻ മേഖലയിലൂടെ പരിസ്ഥിതി സംരക്ഷണം, ലഹരി വിരുദ്ധ ബോധവൽക്കരണം, സൈബർ സുരക്ഷ, റോഡ് സുരക്ഷ, വനനശീകരണം തടയൽ, മാലിന്യ സംസ്കരണം എന്നീ പ്രധാന വിഷയങ്ങളിൽ ബോധവൽക്കരണം നടത്തി. ഇതിനായി അവർ ടുപി ട്യൂബ് ഡെസ്ക്, ഓപ്പൺ ടൂൺസ്, ബ്ലെൻഡർ തുടങ്ങിയ സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ചു. സ്ക്രാച്ച് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വിവിധ ബോധവൽക്കരണ ഗെയിമുകളും തയ്യാറാക്കിയിരുന്നു. റോബോട്ടിക്സ് വിഭാഗത്തിൽ, മൊബൈൽ ആപ്പ് ഉപയോഗിച്ച് നിയന്ത്രിക്കുന്ന ഒബ്സ്റ്റക്കിൾ അവോയ്ഡൻസ് റോബോട്ട്, ആർഡ്വിനോ ഉപയോഗിച്ചുള്ള ഫയർ സെൻസർ മൊബൈൽ ആപ്പ് ഉപയോഗിച്ച് നിയന്ത്രിക്കുന്ന ഹോം ആപ്ലിക്കേഷൻ കൺട്രോൾ ,ആർഡ്വിനോ ഉപയോഗിച്ചുള്ള ഹാൻഡ് സെൻസിംഗ് ക്യാമറ, സെൽഫ് പ്ലാന്റ് വാട്ടറിംഗ് സിസ്റ്റം തുടങ്ങിയവ പ്രദർശിപ്പിച്ചു. ഇവയെല്ലാം കാണികളെ ഏറെ ആകർഷിച്ചു.
പോസ്റ്ററുകളും ഡിസൈനുകളും ജിമ്പ് സോഫ്റ്റ്‌വെറിവുകൾ ഉപയോഗിച്ച് വിദ്യാർഥികൾ തയ്യാറാക്കി. സ്കൂളിന്റെ വിവിധ പ്രവർത്തനങ്ങൾ അപ്ഡേറ്റ് ചെയ്യുന്ന വെബ്സൈറ്റ് വിദ്യാർത്ഥികളിൽ കൗതുകം ഉളവാക്കി. സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ പ്രതിനിധീകരിക്കുന്ന സ്കൂൾ വിക്കി പേജ് എക്സിബിഷനിൽ പ്രദർശിപ്പിച്ചു. ഹാർഡ്‌വെയർ ഉപകരണങ്ങളുടെ ഒരു പ്രദർശനം എക്സിബിഷനിൽ സംഘടിപ്പിച്ചു. ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗവും, പ്രവർത്തനവും എക്സിബിഷൻ പ്രദർശിപ്പിച്ചു.

# ഭിന്നശേഷി കുട്ടികൾക്കുള്ള പരിശീലനം



പത്തനംതിട്ട ജില്ലയിലെ സ്പെഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ഐടി പരിശീലനം നൽകുന്ന ലിറ്റിൽ കൈറ്റ്സ് പദ്ധതിക്ക് പുതിയ അദ്ധ്യായം. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശപ്രകാരം പത്തനംതിട്ട കൈറ്റ് നടപ്പാക്കുന്ന ഈ പദ്ധതിയിൽ, പ്രോഗ്രാമിംഗ്, അനിമേഷൻ, ഗ്രാഫിക്സ് ഡിസൈൻ തുടങ്ങിയ വിവിധ ഐടി പരിപാടികളിലൂടെ പ്രായോഗിക പരിശീലനം നൽകി, സി എസ് ഐ, വി എച്ച് എസ് എസ് ഡെഫ് സ്കൂൾ തിരുവല്ല സ്കൂളിലെ ഭിന്നശേഷി വിദ്യാർത്ഥികളെ സഹായിക്കുന്ന പദ്ധതിക്ക് 2025 ജനുവരി 24ന് തുടക്കമായി. കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടത്തുന്ന ഈ പ്രവർത്തനം, അവരിൽ സമൂഹത്തിൽ സേവനം ചെയ്യാനുള്ള അവസരം ലഭിക്കുകയും സാമൂഹിക ബോധം വളർത്തുകയും ചെയ്യുന്നു.

സ്മാർട്ട് ഹോം സാങ്കേതികവിദ്യയിലേക്ക് വിദ്യാർത്ഥികളെ പരിചയപ്പെടുത്തുന്ന ഈ പദ്ധതിയിൽ, മൊബൈൽ ഫോൺ ഉപയോഗിച്ച് വീട്ടിലെ ഉപകരണങ്ങൾ നിയന്ത്രിക്കുന്നതിനുള്ള സംവിധാനം വികസിപ്പിക്കുന്നു.

പിക്റ്റോഡോസ് ബോക്സ് ഉപയോഗിച്ചുള്ള സൈൻ ലാംഗ്വേജ് ക്വിസ്

ഭിന്നശേഷി വിദ്യാർത്ഥികളുടെ ആശയവിനിമയ കഴിവുകൾ വികസിപ്പിക്കുന്നതിന് സഹായിക്കുന്ന ഈ പദ്ധതിയിൽ, ചിത്രങ്ങളും വാക്കുകളും ഉപയോഗിച്ച് സൈൻ ഭാഷ പഠിക്കാനുള്ള രസകരമായ മാർഗം ഒരുക്കുന്നു.

ഒപ്റ്റിക്കൽ അവോയ്ഡൻസ് റോബോ കാർ

റോബോട്ടിക്സിലേക്ക് വിദ്യാർത്ഥികളെ പരിചയപ്പെടുത്തുന്ന ഈ പദ്ധതിയിൽ, തടസ്സങ്ങളെ മറികടന്ന് സഞ്ചരിക്കാൻ കഴിയുന്ന റോബോട്ടുകൾ നിർമ്മിക്കുന്നു.

ലേസർ സെക്യൂരിറ്റി സിസ്റ്റം

സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് അറിവ് നൽകുന്ന ഈ പദ്ധതിയിൽ, ലേസർ സെൻസറുകൾ ഉപയോഗിച്ച് സുരക്ഷാ സംവിധാനങ്ങൾ നിർമ്മിക്കുന്നു.

ബ്ലെൻഡർ സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള ത്രീഡി സിറ്റി നിർമ്മാണം

ത്രീഡി മോഡലിംഗിലേക്ക് വിദ്യാർത്ഥികളെ പരിചയപ്പെടുത്തുന്ന ഈ പദ്ധതിയിൽ, 3D സിറ്റികൾ നിർമ്മിക്കുന്നതിനുള്ള കഴിവുകൾ വികസിപ്പിക്കുന്നു.

ഓപ്പൺ ട്യൂൺസ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള ലഹരി ബോധവൽക്കരണ പ്രവർത്തനങ്ങൾ

അനിമേഷൻ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ലഹരി വിരുദ്ധ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്ന ഈ പദ്ധതിയിൽ, വിദ്യാർത്ഥികളുടെ സർഗ്ഗാത്മകത പ്രോത്സാഹിപ്പിക്കുന്നു.

സൈബർ സെക്യൂരിറ്റി പ്രവർത്തനങ്ങൾ

ഇന്റർനെറ്റ് സുരക്ഷയെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവത്കരിക്കുന്ന ഈ പദ്ധതിയിൽ, സൈബർ അക്രമങ്ങളിൽ നിന്ന് സ്വയം സംരക്ഷിക്കാനുള്ള മാർഗങ്ങൾ പഠിപ്പിക്കുന്നു.

ജിമ്പ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള ചിത്രരചന

ഗ്രാഫിക്സ് ഡിസൈനിലേക്ക് വിദ്യാർത്ഥികളെ പരിചയപ്പെടുത്തുന്ന ഈ പദ്ധതിയിൽ, ചിത്രങ്ങൾ എഡിറ്റ് ചെയ്യുന്നതിനും പുതിയ ചിത്രങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള കഴിവുകൾ വികസിപ്പിക്കുന്നു. ഈ പദ്ധതിയിലൂടെ, ഭിന്നശേഷി വിദ്യാർത്ഥികളിൽ സാങ്കേതിക വിദ്യയോടുള്ള താത്പര്യം വളർത്തിയെടുക്കുകയും, അവരുടെ സർഗ്ഗാത്മകത പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു

## കീ ടു എൻട്രൻസ് പ്രോഗ്രാം




പൊതു വിദ്യാഭ്യാസ വകുപ്പ് കൈറ്റിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന കീ ടു എൻട്രൻസ് പരിപാടിയിൽ ഇടയാറന്മുള എ എം എം ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികളും പങ്കാളികളായി.

രജിസ്ട്രേഷൻ

ലിറ്റിൽ കൈറ്റ്സും, എൻഎസ്എസ് യൂണിറ്റും ചേർന്ന് 2025 ൽ വൊക്കേഷണൽ, ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്കും, പൊതുസമൂഹത്തിലെ മറ്റ് വിദ്യാർത്ഥികളിൽ പന്ത്രണ്ടാം ക്ലാസ് പരീക്ഷ എഴുതുന്ന എല്ലാ വിദ്യാർത്ഥികളെയും കൈറ്റ് നേതൃത്വം നൽകുന്ന കീ ടു എൻട്രൻസ് പ്രോഗ്രാമിന് വേണ്ടി രജിസ്ട്രേഷൻ നടത്തിവരുകയാണ്. ചോദ്യപേപ്പറുകൾ, അസൈൻമെന്റുകൾ,മോക്ക് ടെസ്റ്റുകൾ എന്നിവ ഉൾപ്പെടെയുള്ള വിപുലമായ പോർട്ടലിൽ പൊതുവിദ്യാഭ്യാസ വകുപ്പ് വിദ്യാർത്ഥികൾക്കായി സൗജന്യമായ ലോഗിൻ ആക്സസ് നൽകുന്നു.

# ബോധവൽക്കരണ ക്ലാസ്



എട്ടാം ക്ലാസിലെ വിദ്യാർത്ഥികളായ ക്രിസ്റ്റി തോമസ് ജേക്കബ്, ജെസ്റ്റിൻ ചെറിയാൻ ടിജു, രജത്ത് രാജീവ്, നിബിൻ നിബു, ആദിശങ്കരൻ തുടങ്ങിയ വിദ്യാർത്ഥികൾ ബോധവൽക്കരണ ക്ലാസിനും, രജിസ്ട്രേഷനും നേതൃത്വം നൽകി. പ്ലസ് ടു പഠനത്തിനുശേഷം വിദ്യാർത്ഥികൾ ആഗ്രഹിക്കുന്ന തലത്തിൽ ഉന്നത പഠനത്തിന് അഡ്മിഷൻ നേടാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് കീ ടു എൻട്രൻസ് എന്ന പരിപാടി ലക്ഷ്യം വെക്കുന്നത്. ഈ പ്രവർത്തനം വഴി കൈറ്റ്സ് പ്രവർത്തനം പ്ലസ് ടു വിദ്യാർത്ഥികളിലേക്കും വ്യാപിപ്പിച്ചു. വിക്ടേഴ്സ് ചാനലുകൾ വഴി സംപ്രേഷണം ചെയ്യുന്ന എല്ലാ ക്ലാസ്സുകളും വിദ്യാർഥികളിൽ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ എത്തിക്കുന്നുണ്ട്.

# ഹ്രസ്വചിത്ര നിർമ്മാണം

പത്തനംതിട്ട ജില്ലയിലെ ഇടയാറന്മുള എ.എം.എം ഹയർ സെക്കന്ററി സ്കൂളിൽ മാലിന്യ വലിച്ചെറിയൽ വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ഒരു ഹ്രസ്വചിത്രം നിർമ്മിച്ചു. പരിസ്ഥിതി സംരക്ഷണത്തിന്റെയും മാലിന്യ വ്യവസ്ഥാപനത്തിന്റെയും ആവശ്യകത പ്രചരിപ്പിക്കുന്നതിനായാണ് ഈ പ്രമേയവുമായി ഹ്രസ്വചിത്രം ഒരുക്കിയത്. സ്കൂളിന്റെ പരിസരത്തും സമീപ പ്രദേശങ്ങളിലും സംഭവിക്കുന്ന പ്ലാസ്റ്റിക് മാലിന്യ നിക്ഷേപം, വെള്ളം പാഴാക്കൽ, അശാസ്ത്രീയമായ മാലിന്യ സംസ്കരണം തുടങ്ങിയ പ്രശ്നങ്ങളെ ആസ്പദമാക്കി വിദ്യാർത്ഥികൾ സ്വയം രചനയും അഭിനയവും നിർവഹിച്ച ഹ്രസ്വചിത്രം ശ്രദ്ധേയമായി. കുട്ടികളിൽ പരിസ്ഥിതി അവബോധം വളർത്താനും അവരെ ഉദ്ദേശിക്കപ്പെട്ട സമൂഹ മാറ്റത്തിനായി ആകർഷിക്കാനുമുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഈ പ്രവർത്തനം.
ഹ്രസ്വചിത്ര നിർമ്മാണത്തിന്റെ ഉദ്ഘാടനം സ്കൂൾ ഹെഡ്മിസ്ട്രസ്സ് അനില ശാമുവേൽ നിർവഹിച്ചു. അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് ചിത്രീകരണ പ്രവർത്തനങ്ങൾക്ക് സജീവ സഹകരണവും പിന്തുണയും നൽകി. ചിത്രത്തിന്റെ തിരക്കഥയെഴുതുകയും സംവിധാനചുമതല ഏറ്റെടുക്കുകയും ചെയ്തവർ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾ ആയിരുന്നു. ചിത്രീകരണത്തിനായി സ്കൂൾ പരിസരവും സമീപ പ്രദേശങ്ങളും ഉപയോഗപ്പെടുത്തി. അതിൽ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ദോഷഫലങ്ങൾ, വെള്ളം പാഴാക്കുന്നത് എങ്ങനെ പ്രകൃതിയെയും മനുഷ്യജീവിതത്തെയും ബാധിക്കുന്നു, ശുചിത്വഹ്രസ്വചിത്ര നിർമ്മാണം
പത്തനംതിട്ട ജില്ലയിലെ ഇടയാറന്മുള എ.എം.എം ഹയർ സെക്കന്ററി സ്കൂളിൽ മാലിന്യ വലിച്ചെറിയൽ വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ഒരു ഹ്രസ്വചിത്രം നിർമ്മിച്ചു. പരിസ്ഥിതി സംരക്ഷണത്തിന്റെയും മാലിന്യ വ്യവസ്ഥാപനത്തിന്റെയും ആവശ്യകത പ്രചരിപ്പിക്കുന്നതിനായാണ് ഈ പ്രമേയവുമായി ഹ്രസ്വചിത്രം ഒരുക്കിയത്. സ്കൂളിന്റെ പരിസരത്തും സമീപ പ്രദേശങ്ങളിലും സംഭവിക്കുന്ന പ്ലാസ്റ്റിക് മാലിന്യ നിക്ഷേപം, വെള്ളം പാഴാക്കൽ, അശാസ്ത്രീയമായ മാലിന്യ സംസ്കരണം തുടങ്ങിയ പ്രശ്നങ്ങളെ ആസ്പദമാക്കി വിദ്യാർത്ഥികൾ സ്വയം രചനയും അഭിനയവും നിർവഹിച്ച ഹ്രസ്വചിത്രം ശ്രദ്ധേയമായി. കുട്ടികളിൽ പരിസ്ഥിതി അവബോധം വളർത്താനും അവരെ ഉദ്ദേശിക്കപ്പെട്ട സമൂഹ മാറ്റത്തിനായി ആകർഷിക്കാനുമുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഈ പ്രവർത്തനം.
ഹ്രസ്വചിത്ര നിർമ്മാണത്തിന്റെ ഉദ്ഘാടനംത്തിന്റെ പ്രാധാന്യം തുടങ്ങിയ സന്ദേശങ്ങൾ ഉൾപ്പെടുത്തി. ഹ്രസ്വചിത്രം പ്രദർശനം നടത്തുകയും അതിലൂടെ വിദ്യാർത്ഥികളിൽ ശുചിത്വ ബോധം വർദ്ധിപ്പിക്കാനും സാധിച്ചു. പരിസ്ഥിതിയെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം ഓരോരുത്തരുടെയും കടമയാണെന്ന ബോധമുണ്ടാക്കുന്നതിനും അതുവഴി ശുചിത്വപരിപാലനത്തിലും മാലിന്യ സംസ്കരണത്തിലും അവർക്ക് ഗൗരവമുള്ള പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമാണ് സ്കൂളിന്റെ ഈ ശ്രമം. ഈ ഹ്രസ്വചിത്രം സ്കൂളിന്റെ ഔദ്യോഗിക പ്ലാറ്റ്ഫോമുകളിലൂടെയും സാമൂഹിക മാധ്യമങ്ങളിലൂടെയും പ്രദർശിപ്പിക്കാനും കൂടുതൽ ആളുകളിലേക്ക് പരിസ്ഥിതി സംരക്ഷണ സന്ദേശം എത്തിക്കാനും സാധിച്ചു.

# മോക്ക് ടെസ്റ്റുകൾ

ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിനായുള്ള സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി, സയൻസ്, ഹ്യുമാനിറ്റീസ്, കൊമേഴ്സ് എന്നീ സ്ട്രീമുകളിലെ വിദ്യാർത്ഥികൾക്കായി ഈ പഠന അവസരങ്ങൾ ഒരുക്കിയിരിക്കുന്നു.ഹയർ സെക്കൻഡറി വിഷയങ്ങളായ അക്കൗണ്ടൻസി, എക്കണോമിക്സ്, ഫിസിക്സ്, കെമിസ്ട്രി, സുവോളജി, ബോട്ടണി, മാക്സ്, കൊമേഴ്സ് തുടങ്ങിയ വിവിധ വിഷയങ്ങളുടെ പ്രത്യേക ക്ലാസുകളും, മോക് ടെസ്റ്റുകളും, ചോദ്യ പേപ്പറുകളും, വിശദമായ അസൈൻമെന്റുകളും കൈറ്റ് വിക്ടേഴ്സിൽ ലഭ്യമാണ്. ഇതിനെപ്പറ്റിയുള്ള വിശദമായ ബോധവൽക്കരണമാണ് വിദ്യാർത്ഥികൾ ക്ലാസ്സിൽ നടത്തിയത്.വിദ്യാർഥികൾക്ക് മോക്ക് ടെസ്റ്റിനുള്ള അവസരവും സ്കൂൾ നൽകുന്നുണ്ട്.

## സൈബർ സുരക്ഷയ്ക്ക് സുരക്ഷിത പാതകൾ - സൈബർ സ്നേഹിത

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശം അനുസരിച്ച് കുടുംബശ്രീ പ്രവർത്തകർക്കായി ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി11, 2025-ന്, സൈബർ സുരക്ഷാ പ്രവർത്തനങ്ങൾ നടത്തി. ലിറ്റിൽ കൈറ്റ്സിന്റെ സജീവ സഹകരണത്താൽ സംഘടിപ്പിച്ച ബോധവൽക്കരണ ക്ലാസ്, സമൂഹത്തെ സൈബർ ഭീഷണികളിൽ നിന്ന് സുരക്ഷിതരാക്കാൻ സഹായകമാകും.



കുടുംബശ്രീ പ്രവർത്തകർക്കായി ഒരുക്കിയ സൈബർ സുരക്ഷാ ബോധവൽക്കരണ ക്ലാസ് സീനിയർ അധ്യാപികയായ അഞ്ജലി ദേവി എസ് ഉദ്ഘാടനം ചെയ്തു. ആശ പി മാത്യു, ലക്ഷ്മി പ്രകാശ് തുടങ്ങിയവർ ആശംസകൾ അറിയിച്ചു.

ഇന്റർനെറ്റിലും സോഷ്യൽ മീഡിയയിലും വ്യാപകമായി പ്രചരിക്കുന്ന വ്യാജവാർത്തകളും അവയിൽ ഒളിഞ്ഞിരിക്കുന്ന ചതിക്കുഴികളും വ്യക്തിഗത വിവരങ്ങൾ ചോർത്താനിടയാക്കുന്ന വ്യാജലിങ്കുകളെക്കുറിച്ചും ബോധവൽക്കരിക്കുക എന്നായിരുന്നു ക്ലാസിന്റെ പ്രധാന ഉദ്ദേശ്യം.
ലിറ്റിൽ കൈറ്റ്സ് എട്ടാം ക്ലാസ് യൂണിറ്റിലെ അംഗങ്ങളായ ക്രിസ്റ്റി തോമസ് ജേക്കബ്, ആദിശങ്കരൻ, പാർത്ഥൻ ബിജു, നിബിൻ നിബു തുടങ്ങിയ വിദ്യാർത്ഥികളാണ് ക്ലാസിന്റെ മുഖ്യ അവതാരകരായി പ്രവർത്തിച്ചത്.




ഇന്റർനെറ്റിലെ തെറ്റായ വിവരങ്ങൾ തിരിച്ചറിയുന്ന മാർഗങ്ങൾ, വൈറൽ വീഡിയോകളുടെ പാശ്ചാത്തലങ്ങൾ, വ്യാജ ലിങ്കുകൾ വഴി പണവും വിവരങ്ങളും നഷ്ടപ്പെടാനുള്ള സാധ്യതകൾ തുടങ്ങിയവ ദൃശ്യാവിഷ്കാരങ്ങളിലൂടെയും പ്രായോഗിക ഉദാഹരണങ്ങളുടെയും അടിസ്ഥാനത്തിൽ കുട്ടികൾ വിശദീകരിച്ചു.അവരുടെ സമർപ്പണവും സൈബർ ബോധവൽക്കരണത്തിൽ കാണിച്ച പ്രതിബദ്ധതയും മാതൃകാപരമായിരുന്നു.
സൈബർ ലോകത്തിന്റെ വ്യാപ്തിയും അതിന്റെ ലഭ്യമായ സവിശേഷതകളും ശ്രദ്ധയിൽപ്പെടുത്തി സുരക്ഷിതമായി ഉപയോഗിക്കാനുള്ള നിർദ്ദേശങ്ങളും അവർ പങ്കുവച്ചു.ഇത്തരമൊരു ബോധവൽക്കരണ ക്ലാസിലൂടെ കുടുംബശ്രീ പ്രവർത്തകർക്ക് സൈബർ ലോകത്തെ ആക്രമണങ്ങളിൽ നിന്ന് സ്വയം രക്ഷപ്പെടാനുള്ള അറിവും ആത്മവിശ്വാസവും ലഭിച്ചു. സമൂഹത്തെ സൈബർ സുരക്ഷിതത്വത്തിലേക്ക് നയിക്കുന്നതിന് ക്ലാസ് ഫലപ്രദമായെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു.

# ജില്ലാ റോബോ ഫെസ്റ്റ്

എ.എം.എം. ഹയർ സെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ റോബോട്ടിക് എക്സ്പോയിൽ ഉജ്ജ്വലമായി പ്രകടനം കാഴ്ചവെച്ചു. പത്തനംതിട്ട കൈറ്റ് & അടൂർ ഐ എച്ച് ആർ ഡി എൻജിനീയറിങ് കോളേജും ചേർന്ന് 2025 മാർച്ച് 1ന് സംഘടിപ്പിച്ച റോബോട്ടിക് എക്സ്പോയിൽ എം.എം.എം ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ശ്രദ്ധേയമായ പങ്കാളിത്തം നടത്തി. സ്കൂൾ തല റോബോട്ടിക് ഫെസ്റ്റിൽ നിന്ന് തിരഞ്ഞെടുത്ത മികച്ച അവതരണങ്ങളാണ് എക്സ്പോയിൽ പ്രദർശിപ്പിച്ചത്.

കുട്ടികൾ തയ്യാറാക്കിയ റോബോട്ടിക് ഉപകരണങ്ങൾ പരിസ്ഥിതി സൗഹാർദ്ദപരവും നവീന സാങ്കേതികവിദ്യ ഉൾക്കൊള്ളുന്നതുമായിരുന്നു. പ്രധാനമായും ഓട്ടോമാറ്റിക് ഗേറ്റ്, സ്മാർട്ട് ഡസ്റ്റ് ബിൻ, ഓട്ടോ ഇറിഗേഷൻ സിസ്റ്റം, സ്മാർട്ട് ഹോം, വീൽചെയർ, റോബോകാർ തുടങ്ങിയ പ്രോജക്റ്റുകളാണ് വിദ്യാർത്ഥികൾ അവതരിപ്പിച്ചത്.

8, 9 ക്ലാസുകളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ റോബോ ഫെസ്റ്റിലും പ്രദർശനത്തിലും സജീവമായി പങ്കെടുത്തു. അവരിൽ രജത് രാജീവ്, ജെസ്റ്റിൻ ചെറിയാൻ റ്റിജു, ക്രിസ്റ്റി തോമസ് ജേക്കബ് , അമീൻ മുഹമ്മദ്, ആദിത്യ കൃഷ്ണ എന്നിവരുടെ പ്രകടനം ഏറെ ശ്രദ്ധേയമായി. ഇതോടൊപ്പം അലിഷ സുനിൽ,കീർത്തിക എസ് എന്നിവർ റോബോ ഫെസ്റ്റിന്റെ മുഴുവൻ പരിപാടികളും ഡോക്യുമെന്റ് ചെയ്തു. കൈറ്റ് മിസ്ട്രേഴ്സും, പിടിഎ അംഗങ്ങളും നേതൃത്വം വഹിച്ചു.

വിദ്യാർത്ഥികളുടെ സാങ്കേതികജ്ഞാനം, ആശയവിനിമയം, സൃഷ്ടിപരത്വം എന്നിവ വികസിപ്പിക്കുന്നതിനുള്ള മികച്ച വേദിയായ റോബോട്ടിക് എക്സ്പോ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് അത്യന്തം പ്രയോജനപ്രദമായി.

# അവധിക്കാല ഐ ടി ക്യാമ്പ്

ഇടയാറന്മുള എ.എം.എം. ഹയർ സെക്കന്ററി സ്കൂളിൽ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഏപ്രിൽ 1 2025 മുതൽ ഏപ്രിൽ 11 വരെ 10 ദിവസം നീണ്ട അവധിക്കാല ഐ ടി ക്യാമ്പ് സംഘടിപ്പിച്ചു.

ക്യാമ്പിന്റെ ഉദ്ഘാടന കർമ്മം സ്കൂൾ ഹെഡ്മിസ്ട്രസ് അനില സാമുവൽ നിർവഹിച്ചു. കൈറ്റ് മിസ്ട്രസ്സുമാരായ ആശ പി. മാത്യു സ്വാഗതവും, ലക്ഷ്മി പ്രകാശ് നന്ദിയും അർപ്പിച്ചു. പൂർവ വിദ്യാർത്ഥികളായ ആയുഷ് എസും, അനന്ദു കൃഷ്ണനും വിവിധ ക്ലാസുകൾക്ക് നേതൃത്വം നൽകി.

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ അഭിജിത് അജിത്, അക്ഷയ് അരുൺ, രോഹിത് രമേശ് എന്നിവരായിരുന്നു ക്ലാസുകൾ കൈകാര്യം ചെയ്തത്. ആനിമേഷൻ, അർഡിനോ, സ്ക്രാച്ച്, മലയാളം ടൈപ്പിംഗ്, വീഡിയോ എഡിറ്റിങ്, മാഗസിൻ എഡിറ്റിങ് എന്നീ വിഷയങ്ങളിലായിരുന്നു ക്ലാസുകൾ. 5 മുതൽ 9 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾ ഈ ക്യാമ്പിൽ സജീവമായി പങ്കെടുത്തു.

കുട്ടികളും രക്ഷിതാക്കളും ക്യാമ്പിന്റെ അനുഭവങ്ങൾ പങ്കുവെച്ചു. അറിവിന്റെ പുതിയ പാതകളിലേക്ക് കുട്ടികളെ നയിക്കാൻ ഈ ക്യാമ്പ് വലിയൊരു വഴികാട്ടിയായി മാറി.

# ലഹരി വിരുദ്ധ പ്രതിജ്ഞ

ഇടയാറന്മുള എം.എം.എം. ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധ പ്രതിജ്ഞ നടത്തി. ലിറ്റിൽ കൈറ്റ്സ് അവധിക്കാല ക്യാമ്പിനോട് അനുബന്ധിച്ച് ഇന്ന് സമൂഹം നേരിടുന്ന ലഹരി എന്ന വിപത്തിനെക്കുറിച്ച് സ്കൂൾ പ്രിൻസിപ്പൽ വർഗീസ് മാത്യു തരകൻ വിദ്യാർഥികൾക്ക് ബോധവത്കരണം നൽകി. ലഹരി ഉൾപ്പെടെയുള്ള സാമൂഹിക വിപത്തുകളിൽനിന്ന് വിദ്യാർഥികളെ രക്ഷിക്കുക, സഹജീവികളെ മാനിക്കുക എന്ന ലക്ഷ്യത്തോടെയാണ് ലഹരിവിരുദ്ധ പ്രതിജ്ഞ സംഘടിപ്പിച്ചത്. എട്ടാം ക്ലാസ് വിദ്യാർഥിയായ ആദിത്യ സുജിത്ത് പ്രതിജ്ഞയ്ക്ക് നേതൃത്വം നൽകി. സ്കൂൾ ഹെഡ്മിസ്ട്രസ് അനില സാമുവേൽ, ആഷ പി. മാത്യു, ലക്ഷ്മി പ്രകാശ് എന്നിവർ ആശംസകൾ അറിയിച്ചു.

# ഉബുണ്ടു ഫെസ്റ്റ്



ഇടയാറൻമുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിൽ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഉബുണ്ടു ഫെസ്റ്റ് നടത്തി 2025-26 അദ്ധ്യയനവർഷം ആരംഭിക്കുന്നതോടെ എട്ട് ഒൻപത്, പത്താം ക്ലാസുകളിലെ ഐ.ടി. പാഠപുസ്തകങ്ങളിൽ നിർണ്ണായകമായ മാറ്റങ്ങൾ നടപ്പിലാകുകയാണ്. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നിർദേശാനുസരണം പുതിയ ഐ.ടി. പഠനക്രമങ്ങൾ പിന്തുടരുന്നതിന് ആവശ്യമായ സാങ്കേതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനിന്റെ ഭാഗമായാണ് 2025 ഏപ്രിൽ 16-ന് ഇടയാറൻമുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിൽ ലിറ്റിൽ കൈറ്റ്സിലെ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഉബുണ്ടു 22.04 ഇൻസ്റ്റലേഷൻ പ്രക്രിയ സംഘടിപ്പിച്ചത്.
ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങളായ വിദ്യാർത്ഥികളാണ് വിവിധ കമ്പ്യൂട്ടറുകളിൽ ഉബുണ്ടു 22.04 ഓപ്പറേറ്റിംഗ് സിസ്റ്റം ഇൻസ്റ്റാൾ ചെയ്തതും അനുബന്ധ സേവനങ്ങൾ സജ്ജമാക്കിയതും. ഈ പ്രക്രിയ വിദ്യാർത്ഥികളുടെ സാങ്കേതിക മികവിനെ പ്രകടിപ്പിക്കുന്നതായിരുന്നു.
ഈ സംരംഭത്തിന് നേതൃത്വം നൽകിയത് ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സുമാരായ ആശ പി. മാത്യുവും ലക്ഷ്മി പ്രകാശും വിദ്യാർത്ഥികളെ പരിശീലിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.
വിദ്യാഭ്യാസ മേഖലയിലെ ഡിജിറ്റൽ പരിവർത്തനത്തിന് സ്കൂൾ തലത്തിൽ തന്നെ വിദ്യാർത്ഥികളെ സജീവമായി പങ്കാളികളാക്കുന്ന മാതൃകാപരമായ സംരംഭമായിരുന്നു ഇത്. ലളിതമായ സംവിധാനങ്ങളിലൂടെ സാങ്കേതിക വിദ്യ വികസിപ്പിക്കുകയും സ്വയം പ്രവർത്തിക്കാനുള്ള ആത്മവിശ്വാസം കുട്ടികൾക്ക് നൽകുകയും ചെയ്യുന്നതിൽ ഈ പ്രവർത്തനത്തിന് വലിയ പങ്കുണ്ടായി.

# എന്റെ കേരളം പ്രദർശനമേള

പത്തനംതിട്ടയിൽ നടന്ന എന്റെ കേരളം പ്രദർശനമേളയിൽ എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ശ്രദ്ധേയമായ പ്രകടനം കാഴ്ചവെച്ചു. 2025 മെയ് 16 മുതൽ മെയ് 22 വരെ നടന്ന മേളയിൽ, പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കൈറ്റിന്റെ സ്റ്റാളിൽ, ആദിശങ്കരൻ, രജത്ത് രാജീവ്, ജെസ്റ്റിൻ ചെറിയാൻ റിജു, അമിൻ മുഹമ്മദ്, അക്ഷയ് അരുൺ എന്നി വിദ്യാർത്ഥികൾ തങ്ങൾ നിർമ്മിച്ച നൂതന റോബോട്ടിക് ഉപകരണങ്ങൾ പ്രദർശിപ്പിച്ചു. ഈ ഉപകരണങ്ങൾ നിർമ്മിക്കാൻ ആവശ്യമായ അറിവും അർഡിനോ കിറ്റുകളും സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിൽ നിന്നാണ് അവർക്ക് ലഭിച്ചത്.
പ്രദർശനത്തിൽ, ലേസർ സെക്യൂരിറ്റി സിസ്റ്റം, മൊബൈൽ കൺട്രോൾഡ് വീൽചെയർ, ബ്ലൂടൂത്ത് കൺട്രോൾഡ് കാർ, മെക്കാനിക്കൽ റോബോട്ടിക് ആം തുടങ്ങിയ കുട്ടികളുടെ നിർമ്മിതികൾ മേളയിൽ പങ്കെടുത്തവരുടെ ശ്രദ്ധ ആകർഷിച്ചു. ഈ കൊച്ചുമിടുക്കരുടെ സാങ്കേതിക വൈദഗ്ധ്യവും നൂതനാശയങ്ങളും മേളയിൽ എത്തിയവരെ വിസ്മയിപ്പിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായുള്ള കൈറ്റിന്റെ ഈ സ്റ്റാൾ, റോബോട്ടിക് മികവുകൾ അവതരിപ്പിച്ചതിലൂടെ പ്രത്യേക പ്രശംസ നേടി.
നിരവധി പ്രമുഖ വ്യക്തിത്വങ്ങൾ മേള സന്ദർശിക്കുകയും കുട്ടികളുമായി സംവദിക്കുകയും ചെയ്തു. റാന്നി എം.എൽ.എ. പ്രമോദ് നാരായണൻ, പത്തനംതിട്ട ജില്ലാ കളക്ടർ പ്രേം കൃഷ്ണൻ എസ്., ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ അനില, പത്തനംതിട്ട ഡി.ഇ.ഒ. മൈത്രേയി, എസ്.എസ്.കെ. ഡി.പി.സി. റെനി ആന്റണി, കൈറ്റ് ജില്ലാ കോർഡിനേറ്റർ രതി, മാസ്റ്റർ ട്രെയിനർ തോമസ് എം. ഡേവിഡ്, പന്തളം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് അശ്വതി വിനോജ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ജൂലി ദിലീപ്, ആറന്മുള ബി.പി.സി. വിജയലക്ഷ്മി, ബി.ആർ.സി. ഫാക്കൽറ്റി രഞ്ജിനി എന്നിവർ കുട്ടികളുടെ കഴിവുകളെ അഭിനന്ദിച്ചു. മേളയിൽ മികച്ച രൂപകൽപനയ്ക്ക് പൊതുവിദ്യാഭ്യാസ വകുപ്പിന് ഒന്നാംസ്ഥാനം ലഭിക്കുകയും ചെയ്തു.

# സ്കൂൾ തല ക്യാമ്പ് 2025ഒന്നാം ഘട്ടം




ഇടയാറന്മുള എ.എം.എം. ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ റീൽ സ്പാർക് 2025 എന്ന പേരിൽ ഏകദിന ക്യാമ്പ് 2025 മേയ് 24-ന് സ്കൂൾ ഐ ടി ലാബിൽ വിജയകരമായി നടത്തപ്പെട്ടു. ക്യാമ്പിന്റെ ഉദ്ഘാടനം ഹെഡ്മിസ്ട്രസായ അനില സാമുവൽ നിർവഹിച്ചു. സുനിത എൻ.എസ്.ക്ലാസിന് നേതൃത്വം നൽകി.

ക്യാമ്പിന്റെ തുടക്കത്തിൽ വിദ്യാർത്ഥികളെ ഉത്സാഹപൂർണ്ണമായ ഗസ്സ് ഗെയിമുകൾ ഉപയോഗിച്ച് വിവിധ ഗ്രൂപ്പുകളായി തിരിച്ചു. ഈ ഘട്ടം കുട്ടികൾ തമ്മിലുള്ള ഇന്ററാക്ഷനും ടീംസ്പിരിറ്റും വളർത്തുവാൻ സഹായിച്ചു.

ഓരോ ഗ്രൂപ്പിനും തങ്ങളുടേതായ ഒരു ആശയം ലഭിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ റീലുകൾ തയ്യാറാക്കുന്നതിനും അവസരം നൽകി. ക്യാമറയുടെ അടിസ്ഥാന പ്രവർത്തനം, ആംഗിളുകൾ, ഫ്രെയിമിങ്, ലൈറ്റിംഗ് തുടങ്ങിയ കാര്യങ്ങൾ വിശദീകരിച്ചു. റീൽ ഐഡിയകളെ അടിസ്ഥാനമാക്കി ഓരോ ഗ്രൂപ്പും ചെറിയ പ്രൊമോ വീഡിയോകൾ തയ്യാറാക്കി. ക്രിയേറ്റിവിറ്റിയും ആശയവിനിമയശേഷിയും ഇവിടെ പ്രകടമാക്കി. കെഡെൻലൈവ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തയ്യാറാക്കിയ വിഡിയോയുടെ എഡിറ്റിംഗ്, ടെക്സ്റ്റ് ഇൻസെർഷൻ, ട്രിമ്മിങ്, ഓഡിയോ ചേർക്കൽ തുടങ്ങിയ ഘട്ടങ്ങൾ വിശദമായി പഠിച്ചു. അവസാനം വീഡിയോ റെൻഡർ ചെയ്ത് സേവ് ചെയ്യുകയും ഓരോ ഗ്രൂപ്പിന്റെയും ഫിനിഷ്ഡ് റീലുകൾ പ്രദർശിപ്പിക്കുകയും ചെയ്തു. ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ ട്രെയിനറായ തോമസ് എം. ഡേവിഡ് ക്യാമ്പ് സന്ദർശിച്ച് വിവിധ പ്രവർത്തനങ്ങളെ വിലയിരുത്തുകയും കുട്ടികളുടെ പങ്കാളിത്തത്തെ അഭിനന്ദിക്കുകയും ചെയ്തു. കമ്പ്യൂട്ടർ വിജ്ഞാനത്തെയും, ഡിജിറ്റൽ ലോകത്തെ സുരക്ഷിതമായി സമീപിക്കുന്നതിനെക്കുറിച്ചുമുള്ള ബോധവൽക്കരണത്തിലൂടെയും ക്യാമ്പ് ഏറെ ഫലപ്രദമായി. കൈറ്റ്സ് മിസ്ട്രസ്സ്മാരായ ആശ പി മാത്യു സ്വാഗതവും, ലക്ഷ്മി പ്രകാശ് കൃതജ്ഞതയും അർപ്പിച്ചു.

# സ്കൂൾതല ക്യാമ്പിന്റെ രണ്ടാം ഘട്ടം

ഇടയാറൻമുള എം.എം.എം. ഹയർ സെക്കൻഡറി സ്കൂളിലെ 2024-27 ലിറ്റിൽ കൈറ്റ്സ് ബാച്ചിന്റെ സ്കൂൾതല ക്യാമ്പ് രണ്ടാം ഘട്ടം 2025 ഒക്ടോബർ 23-ന് സ്കൂളിൽ വെച്ച് നടന്നു. കിടങ്ങന്നൂർ എസ്.വി.ജി.വി. എച്ച്.എസ്സിലെ രഞ്ജന പാർവതിയാണ് ക്യാമ്പിന് നേതൃത്വം നൽകിയത്. ക്യാമ്പ് ഉദ്ഘാടനം ചെയ്തത് എച്ച്.എം. ഇൻ-ചാർജ്ജ് ആയ അഞ്ജലി ദേവി ടീച്ചറാണ്. കൈറ്റ് മെന്റേഴ്സായ ലക്ഷ്മി പ്രകാശ്, ആശ പി. മാത്യു എന്നിവരും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. സംഘപാഠനത്തിന്റെയും, സഹവർത്തിത പഠനത്തിന്റെയും മികച്ച അനുഭവമാണ് ഇത്തരം ക്യാമ്പുകൾ ഓരോ വിദ്യാർത്ഥിക്കും നൽകുന്നത്. അതോടൊപ്പം, സ്കൂൾതല പരിശീലനത്തിലൂടെയും പ്രകടനത്തിലൂടെയും കുട്ടികൾ ആർജിച്ചെടുത്ത നൈപുണികൾ പ്രകടിപ്പിക്കുവാനുള്ള അവസരവും ഇത് ഒരുക്കുന്നു.

ഇതിനായി മൂന്ന് സെഷനുകളാണ് ഈ ക്യാമ്പിൽ ഉൾപ്പെടുത്തിയിരുന്നത്. കൈറ്റ്സ് വിദ്യാർത്ഥികളെ പഠനാന്തരീക്ഷത്തിലേക്ക് നയിക്കുന്ന മഞ്ഞുരുക്കൽ സെഷന് ശേഷം, ബ്ലോക്ക് പ്രോഗ്രാമിങ് ഉപയോഗിച്ച് ഒരു ബാസ്കറ്റ്ബോൾ ഗെയിം തയ്യാറാക്കൽ, കലോത്സവത്തിന്റെ പ്രചാരണത്തിനായി ഒരു റീൽസ് തയ്യാറാക്കൽ എന്നിവയായിരുന്നു ആ മൂന്ന് സെഷനുകൾ.

റെഗുലർ ക്ലാസുകളിൽ വിദ്യാർത്ഥികൾ പരിചയിച്ച ഐ.ടി. സങ്കേതങ്ങളും നേടിയ ശേഷികളും പ്രയോഗത്തിൽ വരുത്തുവാൻ അവസരം ഒരുക്കിക്കൊണ്ടാണ് ക്യാമ്പ് നടത്തിയത്.

ബ്ലോക്ക് കോഡിങ്

കോഡിങ് പഠനത്തിലൂടെ വിദ്യാർത്ഥിയുടെ കാര്യകാരണ ചിന്ത, വിശകലന ശേഷി, പ്രശ്ന നിർദ്ധാരണ ശേഷി എന്നിവ വികസിപ്പിക്കാൻ സാധിക്കുന്നു.

ഈ സെഷൻ, അംഗങ്ങൾക്ക് റെഗുലർ ക്ലാസുകളിൽ പഠിച്ചതിനേക്കാൾ കൂടുതൽ പ്രോഗ്രാമിങ് സങ്കേതങ്ങൾ പരിചയപ്പെടുത്താനും അതുവഴി പ്രോഗ്രാമിങ് പ്രവർത്തനങ്ങളിൽ കൂടുതൽ താൽപര്യം ജനിപ്പിക്കാനും ഉദ്ദേശിച്ചുള്ളതായിരുന്നു. ക്യാമ്പിന്റെ മഞ്ഞുരുക്കൽ പ്രവർത്തനമായിരുന്നു ഈ സെഷൻ. ക്യാമ്പ് രസകരമാക്കാൻ കുട്ടികളെ ഒരു ഗെയിം അന്തരീക്ഷത്തിലേക്ക് കൊണ്ടുവരേണ്ടതുണ്ടായിരുന്നു. അതിനായി രണ്ട് ഗെയിമുകളാണ് അവതരിപ്പിച്ചത്. ആധുനിക ഗെയിം ഡെവലപ്മെന്റിൽ ഉപയോഗിക്കുന്ന ഫിസിക്സ് എൻജിൻ പോലുള്ള ചില സങ്കേതങ്ങൾ ഉൾക്കൊള്ളുന്ന ഗെയിമുകൾ കളിക്കാൻ വിദ്യാർത്ഥികൾക്ക് അവസരം നൽകി.
ഇതിലൂടെ പരിചയപ്പെട്ട ഗെയിമിൻ്റെ സവിശേഷതകൾ ചർച്ച ചെയ്യുന്നതിലൂടെ, പ്രോഗ്രാമിങ്ങിലെ ഉയർന്ന സങ്കേതങ്ങൾ പരിചയപ്പെടാൻ വിദ്യാർത്ഥിക്ക് അവസരം ലഭിച്ചു. ലിറ്റിൽ കൈറ്റ്സ് റുട്ടീൻ ക്ലാസുകളിൽ കുട്ടികൾ പരിചയപ്പെട്ട സങ്കേതങ്ങളും നേടിയ ശേഷികളും പ്രയോഗിക്കാനും, പുതിയ സന്ദർഭങ്ങളിൽ അവ ഉപയോഗിക്കാനുമുള്ള അവസരം ഒരുക്കുന്ന തരത്തിലാണ് ഈ പ്രവർത്തനം ആസൂത്രണം ചെയ്തത്. സ്ക്രാച്ച് 3-യിലെ ബോക്സ് 2D ഫിസിക്സ് എക്സ്റ്റൻഷൻ പ്രയോജനപ്പെടുത്തി വിദ്യാർത്ഥികൾ ഗെയിം തയ്യാറാക്കി. ഈ ഗെയിം നിർമ്മിക്കാൻ പഠിച്ചതിലൂടെ വിദ്യാർത്ഥികൾക്ക് പ്രോഗ്രാമിങ് പ്രവർത്തനങ്ങളിൽ കൂടുതൽ താൽപര്യം ജനിപ്പിക്കാൻ സാധിച്ചു.



വിദ്യാർത്ഥികളിൽ അനിമേഷനോടുള്ള അഭിരുചി വർദ്ധിപ്പിക്കാനും കൂടുതൽ അനിമേഷൻ സങ്കേതങ്ങൾ പരിചയപ്പെടുത്തി ഈ മേഖലയിലെ വിവിധ സാധ്യതകൾ മനസ്സിലാക്കാനും സഹായിക്കുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം.
സ്കൂൾ കലോത്സവത്തിന്റെ പ്രചരണാർത്ഥം ഒരു പ്രോമോ വീഡിയോ തയ്യാറാക്കുന്ന പ്രവർത്തനമാണ് ഇവിടെ വിദ്യാർത്ഥികൾ നടത്തിയത്. ഓപ്പൺ ടൂൺസ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് ഈ വീഡിയോ തയ്യാറാക്കിയത്. രണ്ടാമത്തെ പ്രവർത്തനത്തിൽ, കേഡൻലൈവ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് എഡിറ്റ് ചെയ്ത പശ്ചാത്തല സംഗീതം ഉൾപ്പെടുത്തി വീഡിയോ പൂർത്തിയാക്കി. ഓപ്പൺ ടൂൺസിൽ സ്കെയിൽ, റൊട്ടേഷൻ, പൊസിഷൻ തുടങ്ങിയവ ഉപയോഗിച്ചുള്ള അനിമേഷനുകൾ തയ്യാറാക്കാൻ വിദ്യാർത്ഥികൾ മനസ്സിലാക്കി.
തയ്യാറാക്കിയ അനിമേഷൻ വീഡിയോ റെൻഡർ ചെയ്ത് വിദ്യാർത്ഥികൾ പെൻഡ്രൈവിൽ സൂക്ഷിച്ചു. ഉപജില്ല തലത്തിലുള്ള സെലക്ഷനുവേണ്ടി ഈ വീഡിയോയുടെ നിലവാരം അടിസ്ഥാനമാക്കിയാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ഒമ്പതരയ്ക്ക് തുടങ്ങിയ ക്യാമ്പ് കൃത്യം നാലരയ്ക്ക് അവസാനിച്ചു. ക്യാമ്പിൽ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം ക്രമീകരിച്ചിരുന്നു. വിദ്യാർത്ഥികളുടെ ഫീഡ്ബാക്കും രേഖപ്പെടുത്തി.

## ക്യാമറ പരിശീലനം

ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്ക് സീനിയർ കൈറ്റ്സ് വിദ്യാർത്ഥികളുടെ സഹായത്തോടെ ക്യാമറ പരിശീലനം നൽകി. ഫോട്ടോകളും വീഡിയോകളും എങ്ങനെ ഫലപ്രദമായി എടുക്കാമെന്ന് പഠിക്കുന്നതിലൂടെ വിദ്യാർത്ഥികൾക്ക് അവരുടെ ആശയങ്ങളും ചിന്തകളും ദൃശ്യപരമായി പ്രകടിപ്പിക്കാൻ സാധിച്ചു. ക്യാമറയുടെ വിവിധ ഭാഗങ്ങൾ, പ്രവർത്തനങ്ങൾ, ലൈറ്റിംഗ്, കോമ്പോസിഷൻ തുടങ്ങിയ സാങ്കേതിക കാര്യങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് അറിവ് നൽകി. ആധുനിക സാങ്കേതികവിദ്യകളെക്കുറിച്ച് അവരെ കൂടുതൽ ബോധവാന്മാരാക്കുവാനും സർഗാത്മകതയും ഭാവനയും വളർത്തുവാനും ഈ പരിശീലനത്തിലൂടെ സാധിച്ചു.



ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി തുടങ്ങിയവയിലൂടെ വിദ്യാർത്ഥികളുടെ നൈപുണ്യ വികസനം വർദ്ധിപ്പിക്കാൻ ഇത് സഹായകമായി. ഈ മേഖലയിൽ കഴിവ് നേടുന്നത് ഭാവിയിൽ അവരുടെ കരിയറിനും സഹായകമാകും. ക്യാമറ പരിശീലനം വിദ്യാർത്ഥികൾക്ക് സാങ്കേതികവും സർഗാത്മകവുമായ കഴിവുകൾ നൽകുകയും, അവരെ ആധുനിക ലോകത്ത് കൂടുതൽ പ്രാപ്തരാക്കുകയും ചെയ്യുന്നു.

# ഇലക്ട്രോണിക്സ് ക്ലാസ്സ്

ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കൈറ്റ്സിന്റെ നേതൃത്വത്തിൽ, 2025 ഒക്ടോബർ 6-ന് ഐ.ടി. ലാബിൽ വെച്ച് പത്താം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി വിപുലമായ ഇലക്ട്രോണിക്സ് പരിശീലന ക്ലാസ് സംഘടിപ്പിച്ചു. ഹയർ സെക്കൻഡറി അധ്യാപകനായ സിബി മത്തായിയാണ് ഈ ക്ലാസ്സിന് നേതൃത്വം നൽകിയത്. ഈ സെഷനിൽ താഴെ പറയുന്ന വിഷയങ്ങൾ വിശദമായി കൈകാര്യം ചെയ്തു. ഈ ക്ലാസ്, ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ വിദ്യാർത്ഥികളിൽ ഇലക്ട്രോണിക്സിനോടുള്ള താൽപര്യം വർദ്ധിപ്പിക്കാനും പ്രായോഗികമായ അറിവ് നൽകുവാനും സാധിച്ചു.



വോൾട്ടേജ്, കറന്റ്, റെസിസ്റ്റൻസ് തുടങ്ങിയ ഇലക്ട്രിക്കൽ ആശയങ്ങളും ഓമിന്റെ നിയമവും ലളിതമായി പരിചയപ്പെടുത്തി. റെസിസ്റ്ററുകൾ, കപ്പാസിറ്ററുകൾ, ഡയോഡുകൾ, ട്രാൻസിസ്റ്ററുകൾ തുടങ്ങിയ പ്രധാന ഘടകങ്ങളെക്കുറിച്ചും അവയുടെ പ്രവർത്തനങ്ങളെക്കുറിച്ചും വിശദീകരിച്ചു. ഇലക്ട്രോണിക്സ് പരീക്ഷണങ്ങൾ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട അത്യാവശ്യമായ സുരക്ഷാ മാനദണ്ഡങ്ങളെക്കുറിച്ച് അവബോധം നൽകി. ആർഡ്വിനോ പോലുള്ള മൈക്രോകൺട്രോളറുകളെ പരിചയപ്പെടുത്തിക്കൊണ്ട്, കമ്പ്യൂട്ടർ സാങ്കേതികവിദ്യ എങ്ങനെ ഇലക്ട്രോണിക്സുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു എന്ന് പഠിപ്പിച്ചു. ഐ.ടി. ലാബുമായി ബന്ധപ്പെടുത്തി ഇലക്ട്രോണിക്സ് ഉപയോഗിച്ച് വിദ്യാർത്ഥികൾക്ക് സ്വന്തമായി ചെയ്യാൻ കഴിയുന്ന ചില ലളിതവും രസകരവുമായ പ്രോജക്റ്റുകളെക്കുറിച്ചും അവയുടെ നിർമ്മാണ രീതിയെക്കുറിച്ചും വിശദമായ ക്ലാസ്സുകൾ നൽകി.

# റോബോട്ടിക്സിലൂടെ പുതുമയിലേക്ക്

2025 നവംബർ 12-ന് ഇടയാറൻമുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിലെ 2023–26 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ, ടി.കെ.ആർ.എം. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി ഒരു റോബോട്ടിക്സ് പരിശീലന ക്ലാസ് നടത്തി.



ക്ലാസിന്റെ ലക്ഷ്യം കുട്ടികളെ ആർഡിനോ കിറ്റുകളുടെ പ്രവർത്തനം, എൽഇഡി ബൾബുകൾ പ്രവർത്തിപ്പിക്കൽ, ബസറുകൾ കോഡുകളിലൂടെ നിയന്ത്രിക്കൽ തുടങ്ങിയവയിൽ പ്രായോഗിക പരിചയം നേടിക്കൊടുക്കുക എന്നതായിരുന്നു. വിദ്യാർത്ഥികൾക്ക് സ്വയം പരീക്ഷിച്ച് കാണാനും സാങ്കേതിക വിദ്യയോട് ആത്മവിശ്വാസം വളർത്താനുമുള്ള അവസരം ക്ലാസിലൂടെ ലഭിച്ചു.

പരിശീലനത്തിന് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ അക്ഷയ എ.എസും ആദിത്യ കൃഷ്ണയും നേതൃത്വം നൽകി. ആദിത്യ സുജിത്ത് ക്ലാസിന്റെ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്തു.

പരിശീലന പരിപാടിക്ക് മെന്റർമാരായ ആശാ പി. മാത്യു, ലക്ഷ്മി പ്രകാശ് എന്നിവർ നേതൃത്വം നൽകി. കൂടാതെ ടീച്ചർ ഇൻ ചാർജ് പ്രിയയും അധ്യാപകൻ അഭിലാഷും സാന്നിധ്യം നൽകി കുട്ടികളെ പ്രോത്സാഹിപ്പിച്ചു.

റോബോട്ടിക്സ് ക്ലാസ് വിദ്യാർത്ഥികൾക്ക് സാങ്കേതിക വിദ്യയുടെ ലോകം തുറന്ന് കൊടുത്തതോടെ അവർക്ക് പുതുമയോടും കൗതുകത്തോടും കൂടി പഠനത്തിലേക്ക് കടക്കാൻ പ്രചോദനമായി.

# റോബോട്ടിക്സ് മുതൽ – ഗ്രാമപുരാവൃത്തം വരെ ലിറ്റിൽ കൈറ്റ്സ് അസൈൻമെൻറ്



2023-26 -ലെ ലിറ്റിൽ കൈറ്റ്സ് ബാച്ചിന്റെ അസൈൻമെൻറ് പൂർത്തീകരണം വിദ്യാർത്ഥികളുടെ വൈവിധ്യമാർന്ന കഴിവുകൾ വികസിപ്പിക്കാൻ സഹായിച്ചു. റോബോട്ടിക്സ്, അനിമേഷൻ എന്നീ വിഭാഗങ്ങളിലാണ് വിദ്യാർത്ഥികൾ വ്യക്തിഗതമായും, ഗ്രൂപ്പുകളായും അസൈൻമെൻറുകൾ പൂർത്തിയാക്കിയത്.
പരിസ്ഥിതി ശുചീകരണം, ട്രാഫിക് ബോധവൽക്കരണം, ലഹരിയുടെ ദൂഷ്യഫലങ്ങൾ, സുരക്ഷ തുടങ്ങിയ സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങളെ ആസ്പദമാക്കിയാണ് അവർ അനിമേഷനുകൾ നിർമ്മിച്ചത്. ഗ്രാഫിക് ഡിസൈനിങ്ങിൽ പോസ്റ്ററുകളും ബാനറുകളും തയ്യാറാക്കി. കൂടാതെ, ആർഡ്യൂനോ ഉപയോഗിച്ച് നൂതന ആശയങ്ങളെ പ്രയോജനപ്പെടുത്തിയും, കുട്ടികൾ അസൈൻമെൻറുകൾ പൂർത്തിയാക്കി.

ഗ്രാമപുരാവൃത്തങ്ങൾ, ഗുരുവന്ദനം, രക്ഷകർത്താക്കൾക്കായുള്ള കമ്പ്യൂട്ടർ സാക്ഷരതാ ക്ലാസ്, കാർഷിക-വ്യാവസായിക മേഖലകളിലെ പ്രാദേശിക സംരംഭങ്ങൾ തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനമാക്കിയാണ് ഗ്രൂപ്പ് പ്രൊജക്റ്റുകൾ തയ്യാറാക്കിയത്. ഈ പ്രവർത്തനങ്ങൾക്ക് കൈറ്റ് മെൻറേഴ്സ് ആവശ്യമായ എല്ലാ സഹായങ്ങളും നൽകി. അസൈൻമെൻറ് പൂർത്തീകരണം വഴി വിദ്യാർത്ഥികൾ പാഠ്യപദ്ധതിക്ക് പുറമെയുള്ള അറിവും, കഴിവുകളും നേടുകയും, ഭാവി ജീവിതത്തിൽ പ്രയോജനപ്പെടുന്ന രൂപത്തിലുള്ള അനുഭവസമ്പത്ത് ആർജ്ജിക്കുകയും ചെയ്യുന്നു.

## അഭിരുചി പരീക്ഷ- ബോധവൽക്കരണ ക്ലാസ്

2025-28 ലിറ്റിൽ കൈറ്റ്സ് ബാച്ചിലേക്കുള്ള അഭിരുചി പരീക്ഷയുടെ ബോധവൽക്കരണ ക്ലാസ് സീനിയർ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടത്തി.
അഭിരുചി പരീക്ഷയ്ക്ക് വരുന്ന ചോദ്യങ്ങളുടെ പ്രത്യേകതകൾ, ലിറ്റിൽ കൈറ്റ്സിൽ ചേരുന്നതിന്റെ നേട്ടങ്ങൾ, സാമൂഹ്യപ്രതിബദ്ധത വിദ്യാർത്ഥികളിൽ വളർത്തുന്ന പ്രവർത്തനങ്ങൾ, പത്താം ക്ലാസിലെ പബ്ലിക് എക്സാമിന് ശേഷം ലഭിക്കുന്ന ഗ്രേസ് മാർക്ക്, പ്ലസ് ടു അഡ്മിഷനുള്ള  ബോണസ് പോയിന്റ്, കൈറ്റ് എങ്ങനെയാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത് തുടങ്ങിയ വിവരങ്ങൾ വിദ്യാർത്ഥികളിലൂടെ പുതിയ തലമുറയിൽ എത്തിച്ചു. സാക്ഷ്യപത്രത്തിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചു. സാക്ഷ്യപത്രം ശേഖരിക്കുന്നതിന്റെ മേൽനോട്ടം വഹിക്കുന്നതും സീനിയർ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളാണ്.

## നിർമ്മിത ബുദ്ധിയുടെ സാധ്യതകൾ

2025 ജൂൺ 12-ന്, ടാറ്റാ കൺസൾട്ടൻസി സർവീസിലെ അസിസ്റ്റന്റ് സിസ്റ്റം മാനേജരും പൂർവ്വ വിദ്യാർത്ഥിയുമായ സേതു എസ്. നായർ, നിർമ്മിത ബുദ്ധി എന്ന വിഷയത്തിൽ വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ ക്ലാസ് നൽകി. കൈറ്റ് മിസ്ട്രസ് ആശാ പി. മാത്യു സ്വാഗതം ആശംസിച്ചു. പ്രഥമ അദ്ധ്യാപിക അനില സാമുവൽ പരിപാടി ഉദ്ഘാടനം ചെയ്തു. സ്റ്റാഫ് സെക്രട്ടറി ജെബി തോമസ് ആശംസകൾ നേർന്നു. നിർമ്മിത ബുദ്ധിയുടെ പ്രത്യേകതകൾ, മെഷീൻ ലേണിംഗിന്റെ പ്രയോജനങ്ങൾ, സി പ്ലസ് പ്ലസ് പ്രോഗ്രാമിന്റെ സവിശേഷതകൾ, എന്നിവയെക്കുറിച്ച് ക്ലാസ്സിൽ വിശദീകരിക്കപ്പെട്ടു. ഈ ക്ലാസ് വിദ്യാർത്ഥികൾക്ക് വളരെ പ്രയോജനകരമായിരുന്നു.

# ലിറ്റിൽ കൈറ്റ്സ് രക്ഷകർത്താ സമ്മേളനം 2025

2025 ജൂലൈ 21 തിങ്കളാഴ്ച, ഇടയാറന്മുള എ.എം.എം ഹയർ സെക്കൻഡറി സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 8, 9 ക്ലാസുകളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ രക്ഷകർത്താ സമ്മേളനം സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടെയും സാന്നിധ്യത്തിൽ സംഗമം ആവേശകരമായി നടന്നു. രക്ഷകർത്താ സമ്മേളനം സ്കൂളിന്റെ പ്രധാനാധ്യാപിക അനില സാമുവൽ ഉദ്ഘാടനം ചെയ്തു. ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ സാങ്കേതിക കഴിവുകൾ വളർത്തുന്നതിനുള്ള പങ്ക് അതിവിശദമായി രേഖപ്പെടുത്തി.ലിറ്റിൽ കൈറ്റ്സ് മെന്റർമാരായ ആശ പി മാത്യു സ്വാഗത പ്രസംഗം നടത്തി. ക്ലബ്ബിന്റെ കൃത്യനിഷ്ഠയോടെയും ശുഭാപ്തിയോടെയും നടപ്പിലാക്കിയ പദ്ധതികളെ കുറിച്ച് പരാമർശിച്ചു. ലിറ്റിൽ കൈറ്റ്സ് മെന്റർ ലക്ഷ്മി പ്രകാശ് കൃതജ്ഞതാ പ്രസംഗം നടത്തി. ഒമ്പതാം ക്ലാസിലെ ക്ലബ് അംഗങ്ങൾ വിവിധ സാങ്കേതിക മേഖലയിൽ തയ്യാറാക്കിയ സാങ്കേതിക പദ്ധതികളും ആപ്ലിക്കേഷനുകളും 2025 ലെ ലിറ്റിൽ കൈറ്റ്സ് രക്ഷകർത്താ സമ്മേളനത്തിന്റെ പ്രധാന ആകർഷണമായിരുന്നു. ഓരോ വിദ്യാർത്ഥിയുടെയും കഴിവുകളും ആവിഷ്കാരങ്ങളും തെളിയിക്കുന്ന വിധത്തിൽ,




ഗെയിമുകൾ, അലാറങ്ങൾ, ഡിജിറ്റൽ പ്ലാറ്റ്ഫോം വിശദീകരണങ്ങൾ മുതലായവ അവതരിപ്പിച്ചു. അവതരണങ്ങൾ രക്ഷകർത്താക്കൾക്ക് വലിയ ആകർഷണമായി മാറി. വെയിസ്റ്റ് മാനേജ്മെന്റ് ആശയവുമായി ബന്ധപ്പെട്ട് ക്രിസ്റ്റി തോമസ് ജേക്കബ് ഗെയിം അവതരിപ്പിച്ചു. മാലിന്യ സംസ്കരണത്തെ കുറിച്ച് പൊതുജനങ്ങളിൽ ബോധവത്കരണം നൽകുന്നതിനായി ക്രിസ്റ്റി തോമസ് ജേക്കബ് തയ്യാറാക്കിയതാണ് ഈ എഡ്യൂക്കേഷണൽ ഗെയിം. വിവിധ ചോദ്യങ്ങൾ, ഉത്തരങ്ങൾ എന്നിവ ഉൾപ്പെടുത്തി കുട്ടികൾക്ക് വിജ്ഞാനത്തെയും വിനോദത്തെയും ഒന്നിച്ച് നൽകുന്ന പ്രോജക്ടായിരുന്നു ഇത്. കുട്ടികളിലും വലിയവരിലും മാലിന്യത്തെക്കുറിച്ചുള്ള ഉത്തരവാദിത്വബോധം വളർത്തുക എന്നതാണ് പ്രധാന ലക്ഷ്യം. നിബിൻ എബ്രാം നിബു തയ്യാറാക്കിയ ആനിമേഷൻ ഗെയിം പ്രോഗ്രാമിങ്ങിന്റെ അടിസ്ഥാനസിദ്ധാന്തങ്ങൾ പഠിച്ചുള്ള ഒരു പ്രായോഗിക മാതൃകയായിരുന്നു. സ്ക്രാച്ച് പോലുള്ള പ്ലാറ്റ്ഫോമുകൾ ഉപയോഗിച്ച് സ്വയം രൂപകല്പന ചെയ്ത ക്യാരക്റ്ററുകളും സ്റ്റോറിയുമാണ് അവതരിപ്പിച്ചത്. കുട്ടികൾ സ്വയം സ്ക്രിപ്റ്റ് എഴുതുകയും ആനിമേഷൻ ചേർക്കുകയും ചെയ്തിരിക്കുന്നു, ഇത് അവരുടെ സാങ്കേതിക വൈദഗ്ധ്യത്തിന്റെ തെളിവാണ്. ബ്ലൂടൂത്ത് ടെക്നോളജിയുടെ സഹായത്തോടെ സമീപത്തെ വ്യത്യാസം തിരിച്ചറിയുകയും അകലം കുറിയുമ്പോൾ അലർട്ട് നൽകുകയും ചെയ്യുന്ന ഡിസ്റ്റൻസ് അലർട്ട് സംവിധാനമാണ് ജസ്റ്റിൻ ചെറിയാൻ റിജു ഒരുക്കിയത്. അനുമതിയില്ലാതെ ആരെങ്കിലും ഒരു വ്യക്തിക്ക് അടുത്ത് എത്തുമ്പോൾ അലെർട് തരുന്നത് ഉണ്ടാക്കുക എന്നതാണ് പ്രധാന ലക്ഷ്യം. വീട്ടിൽ മുതിർന്നവരുടെ സുരക്ഷയ്ക്കായി ഉപയോഗിക്കാവുന്ന സുരക്ഷാ സംവിധാന ഉപകരണമാണിത്. കേരള സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സമഗ്ര ഡിജിറ്റൽ പ്ലാറ്റ്ഫോമായ സമഗ്ര പോർട്ടലിന്റെ ഉപയോഗവും, ലോഗിൻ രീതിയും, അധ്യാപകരും വിദ്യാർത്ഥികളും എങ്ങനെ വിവിധ വിദ്യാഭ്യാസ സേവനങ്ങൾ ലഭ്യമാക്കാം എന്നതിനെക്കുറിച്ചുള്ള വിശദമായ ഡെമോയും അവതരിപ്പിച്ചു. ഓൺലൈൻ പഠനം, മാർക്ക് എന്റ്റി, ചോദ്യപേപ്പറുകൾ, പാഠപുസ്തകങ്ങൾ, ന സാമഗ്രികൾ തുടങ്ങിയവയെക്കുറിച്ചുള്ള വിശദമായ അവലോകനം നടത്തി. രക്ഷകർത്താക്കളുടെ പ്രതിനിധിയായി ഷിംജിത് സംസാരിച്ചപ്പോൾ, ക്ലബ്ബിന്റെ പ്രവർത്തനങ്ങളിൽ ഏറെ സന്തോഷമുണ്ടെന്നും കുട്ടികൾക്കായുള്ള ഇത്തരം പദ്ധതികൾ കൂടുതൽ ശക്തിപ്പെടുത്തണമെന്നും അഭിപ്രായപ്പെട്ടു. ഈ സമ്മേളനം ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങളുടെ സാങ്കേതിക കഴിവുകൾക്കും അതിന്റെ പ്രദർശനത്തിനും ഒരു വേദിയായി മാറി. രക്ഷകർത്താക്കളുടെ പങ്കാളിത്തം പരിപാടിയെ കൂടുതൽ വിജയകരമാക്കി.

## കുട്ടികൾക്കായി ഇമെയിൽ ഐഡി

2025 ജൂലൈ 31 വ്യാഴാഴ്ച, ഇടയാറൻമുള എ.എം.എം ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ സ്കൂളിലെ  വിദ്യാർത്ഥികൾക്കായി ഇമെയിൽ ഐഡികൾ സജ്ജമാക്കി നൽകി. സ്കൂൾ ഐടി ലാബിലാണ് ഈ പ്രവർത്തനം സംഘടിപ്പിച്ചത്.
2024- 27 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ സാങ്കേതിക കാര്യങ്ങളിൽ കഴിവ് തെളിയിച്ചുകൊണ്ടാണ് സഹവിദ്യാർത്ഥികൾക്കായി ഈ സേവനം നിർവഹിച്ചത്. പുതിയ ഇമെയിൽ ഐഡികൾ വിദ്യാർത്ഥികൾക്ക് വിവിധ അക്കാദമിക് ആവശ്യങ്ങൾക്ക് ഉപയോഗപ്രദമാകും എന്നത് ഈ പ്രവർത്തനത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. ഇതിലൂടെ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ ലോകത്തിലേക്ക് അനുയോജ്യമായ പ്രവേശനം നൽകുകയും, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കു സഹകരണവും, ഉത്തരവാദിത്തബോധവുമുള്ള പ്രവൃത്തിയുടെ മാതൃകയാവാൻ കഴിയുകയും ചെയ്തു.

## ഐ.ടി. അർദ്ധവാർഷിക പരീക്ഷ ഇൻസ്റ്റലേഷൻ

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശപ്രകാരം, ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിലെ ഐ.ടി. ലാബിൽ ഐ.ടി. അർദ്ധവാർഷിക പരീക്ഷയുടെ ഇൻസ്റ്റലേഷൻ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വിജയകരമായി പൂർത്തിയാക്കി. നവംബർ 14-നകം പരീക്ഷകൾ പൂർത്തിയാക്കിയ



ശേഷം, വിദ്യാർത്ഥികളുടെ സഹായത്തോടെ ഡാറ്റ എക്സ്പോർട്ടും ഇംപോർട്ടും നടത്തി, ഈ വിവരങ്ങൾ സമ്പൂർണ്ണ പോർട്ടലിലേക്ക് അപ്‌ലോഡ് ചെയ്യുന്നതാണ്.

## സൈബർ സുരക്ഷാ അവബോധ ക്ലാസ്സ്

ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ കുടുംബശ്രീ പ്രവർത്തകർക്കായി 2025 ഒക്ടോബർ 7 ന് സൈബർ സുരക്ഷാ അവബോധ ക്ലാസ്സ് സംഘടിപ്പിച്ചു. കുടുംബശ്രീ പ്രവർത്തകരുടെ ദൈനംദിന ജീവിതത്തിൽ അത്യാവശ്യമായ ഡിജിറ്റൽ സുരക്ഷാ അറിവുകൾ നൽകുക എന്നതായിരുന്നു ഈ ക്ലാസ്സിന്റെ പ്രാഥമിക ലക്ഷ്യം.
മൊബൈൽ ഫോൺ സുരക്ഷയും അടിസ്ഥാന ഡിജിറ്റൽ ശീലങ്ങളും
മൊബൈൽ ഫോൺ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, ശക്തമായ പാസ്‌വേഡുകൾ നിർമ്മിക്കുന്നതിന്റെ പ്രാധാന്യം, കൂടാതെ സുരക്ഷ ഇരട്ടിയാക്കുന്ന ടു-ഫാക്ടർ ഓതന്റിക്കേഷൻ ഉപയോഗിക്കേണ്ട രീതി എന്നിവ പരിചയപ്പെടുത്തി.
സോഷ്യൽ മീഡിയയിലെയും സന്ദേശങ്ങളിലെയും തട്ടിപ്പുകൾ വാട്ട്സ്ആപ്പ്, ഫേസ്ബുക്ക് പോലുള്ള സോഷ്യൽ മീഡിയകളിലും ഇമെയിലുകളിലും ഉണ്ടാകാനിടയുള്ള ഫിഷിംഗ് തട്ടിപ്പുകൾ എങ്ങനെ തിരിച്ചറിയാമെന്നും വ്യാജ ലിങ്കുകളിൽ ക്ലിക്ക്



ചെയ്യാതിരിക്കേണ്ടതിന്റെ ആവശ്യകതയും വിശദീകരിച്ചു.
സാമ്പത്തിക തട്ടിപ്പുകളും, ഡിജിറ്റൽ പേയ്മെന്റുകളും ഓൺലൈൻ പണമിടപാടുകളിലെ (ബാങ്കിംഗ്) സുരക്ഷാ മുൻകരുതലുകൾ, വൺ ടൈം പാസ്‌വേർഡ് ആരുമായും പങ്കുവെക്കാതിരിക്കേണ്ടതിന്റെ പ്രാധാന്യം, സാമ്പത്തിക തട്ടിപ്പുകൾ ഉണ്ടായാൽ ചെയ്യേണ്ട കാര്യങ്ങൾ എന്നിവയെക്കുറിച്ച് അവബോധം നൽകി.
ഈ സമഗ്രമായ ക്ലാസ്സ്, കുടുംബശ്രീ പ്രവർത്തകരെ ഡിജിറ്റൽ ലോകത്തെ അപകടങ്ങളെക്കുറിച്ച് ബോധവത്കരിക്കാനും സുരക്ഷിതമായി ഇന്റർനെറ്റ് ഉപയോഗിക്കാനും സഹായിച്ചു.

# ടെക്നോളജിയിലേക്ക് ഒരു കുട്ടിക്കാൽവയ്പ്പ്

2025 ആഗസ്റ്റ് 1-ന്, ഇടയാറൻമുള എ. എം. എം. ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ, ഇടയാറൻമുള മാർത്തോമ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ വിദ്യാർത്ഥികൾക്കായി ഒരു സാങ്കേതിക ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. കമ്പ്യൂട്ടറിന്റെ അടിസ്ഥാന പാഠഭാഗങ്ങൾ ഉൾപ്പെടെ, സ്വതന്ത്ര സോഫ്റ്റ്‌വെയറുകളുടെ പരിചയപ്പെടുത്തൽ വഴി ഈ പരിപാടി ഉദാത്തമായ ഒരു മാതൃകയായി. പരിപാടിയിലെ പ്രത്യേക ആകർഷണമായി മാറിയത്, ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ വിദ്യാർത്ഥികളുടെ വൈവിധ്യമാർന്ന സാങ്കേതിക അവതരണങ്ങൾ ആയിരുന്നു. മലയാളം ടൈപ്പിംഗിന്റെ അടിസ്ഥാനവും പ്രായോഗികതയും കുട്ടികൾക്ക് നൽകുന്നതിനായി ഗൗരി കൃഷ്ണ നേതൃത്വം വഹിച്ചു. തുടർന്ന്, ആദിശങ്കരനും, ജസ്റ്റിൻ ചെറിയാൻ റ്റിജുവും സ്ക്രാച്ച് പ്ലാറ്റ്ഫോം ഉപയോഗിച്ച് തയ്യാറാക്കിയ വിനോദപരവും ബോധവൽക്കരണപരവുമായ ഗെയിംസുകൾ അവതരിപ്പിച്ചു. റോബോട്ടിക് ഉപയോഗിച്ച് എൽഇഡി ബൾബിന്റെ പ്രവർത്തനം തത്സമയം വിശദീകരിച്ചത് ദേവഗംഗയും സോണിയയും ചേർന്നാണ്. അർഡിനോ കിറ്റ് ഉപയോഗിച്ചുള്ള നൂതന സാങ്കേതിക പ്രവർത്തനങ്ങൾ വിശദമായി അവതരിപ്പിച്ചത് ആദിത്യാ സുജിത്ത് ആയിരുന്നു. ഇ-ക്യൂബ് സോഫ്റ്റ്‌വെയറിന്റെ പരിചയം പങ്കുവെച്ചത് പൊന്നി സജി





ആണ്. അനിമേഷൻ ക്ലാസ് നയിച്ചത് പാർത്ഥൻ ബിജു ആയിരുന്നു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സഹായത്തോടെ, കുട്ടികൾ സ്വയം ഈ പ്രവർത്തനങ്ങൾ ആഴത്തിൽ പരീക്ഷിക്കുകയും അനുഭവിക്കുകയും ചെയ്തു. സാങ്കേതികവിദ്യയിലൂടെ, അവരുടെ താല്പര്യം വളരെയധികം വർദ്ധിച്ചതായി പരിപാടിയിൽ വ്യക്തമായി പ്രകടമായി. പ്രധാന അധ്യാപിക അനില കെ സാമുവൽ, കൈറ്റ് മെന്റേഴ്സായ ആശാ പി മാത്യു, ലക്ഷ്മി പ്രകാശ്, സുജാ ജേക്കബ് എന്നിവരുടെ നേതൃത്വവും പിന്തുണയും ഈ പരിപാടിയുടെ വിജയത്തിന് ശക്തിയേകി. വളരെ സജീവവും മികച്ച പങ്കാളിത്തത്തോടെ നടന്ന ഈ പ്രവർത്തനദിനം, പങ്കെടുക്കുന്ന കുട്ടികൾക്ക് അത്യന്തം അറിവേറിയ അനുഭവമായി മാറി. തികച്ചും പ്രായോഗികതയിൽ ആധാരിതമായിരുന്ന അവതരണങ്ങൾ. മലയാളം ടൈപ്പിംഗ്, പ്രോഗ്രാമിംഗ്, ഡിസൈനിംഗ്, റോബോട്ടിക്, അനിമേഷൻ എന്നിങ്ങനെ വിവിധ മേഖലകളിൽ കൊച്ചു വിദ്യാർത്ഥികളിൽ താൽപര്യം ഉണർത്തുവാൻ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്ക് കഴിഞ്ഞു.

# അറിവിന്റെ വാതിൽ തുറന്ന് ലിറ്റിൽ കൈറ്റ്സ്

ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ, പൊതുവിജ്ഞാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാർത്ഥികൾക്കായി ഒരു വിജ്ഞാനപ്രദമായ നോട്ടീസ് ബോർഡ് പ്രദർശനം 2025 ഒക്ടോബർ 16 ന് സംഘടിപ്പിച്ചു. ഈ പ്രദർശനത്തിൽ ആന്റിബയോട്ടിക്കുകളുടെ ഉത്തരവാദിത്തമുള്ള ഉപയോഗത്തെക്കുറിച്ച് ഊന്നൽ നൽകിയിരുന്നു.

ഡോക്ടറുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുക, നിർദ്ദേശിക്കപ്പെട്ട മരുന്നിന്റെ കോഴ്സ് പൂർണ്ണമായും കഴിക്കുക, പാർശ്വഫലങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ ഡോക്ടറെ അറിയിക്കുക തുടങ്ങിയ സുപ്രധാന നിർദ്ദേശങ്ങൾ വിശദമാക്കുന്ന പത്ര കട്ടിങ്സുകളാണ് വിദ്യാർത്ഥികൾ പ്രദർശിപ്പിച്ചത്. കൂടാതെ, ബാക്ടീരിയൽ അണുബാധകൾക്ക് മാത്രമാണ് ഈ മരുന്നുകൾ ഫലപ്രദമെന്നും ഏതെല്ലാം രോഗങ്ങൾക്ക് ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കാമെന്നും വ്യക്തമാക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തിയിരുന്നു.

ഈ ബോധവൽക്കരണ പരിപാടിയിലൂടെ വിദ്യാർത്ഥികൾക്ക് മരുന്നുകളുടെ ശരിയായ ഉപയോഗത്തെക്കുറിച്ചുള്ള അവബോധം നൽകാനും, ആന്റിബയോട്ടിക് റെസിസ്റ്റൻസ് പോലുള്ള ആരോഗ്യ വെല്ലുവിളികളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കാനും സാധിച്ചു.

# ഐഡി കാർഡ്, യൂണിഫോം വിതരണം

ഇടയാറൻമുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിൽ 2025 സെപ്റ്റംബർ 10 ന ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ 2025–28 ബാച്ചിലെ വിദ്യാർത്ഥികൾക്കായി ഐഡി കാർഡും യൂണിഫോമും വിതരണം ചെയ്തു.




പരിപാടിയുടെ ഉദ്ഘാടനം സ്കൂൾ പ്രധാനാധ്യാപിക അനില സാമുവൽ നിർവഹിച്ചു. വിദ്യാർത്ഥികൾക്ക് ഐഡി കാർഡും യൂണിഫോമും കൈമാറി. പഠനത്തിലും, സഹപാഠ്യ പ്രവർത്തനങ്ങളിലും ലിറ്റിൽ കൈറ്റ്സ് ക്ലബ് നിർണായക പങ്ക് വഹിക്കുന്നതായും, സാങ്കേതിക വിദ്യയെ സൃഷ്ടിപരവും ഉത്തരവാദിത്വമുള്ള രീതിയിലും ഉപയോഗിക്കാനുള്ള കഴിവ് വളർത്തിക്കൊടുക്കുക എന്നതാണ് ക്ലബ്ബിന്റെ മുഖ്യ ലക്ഷ്യമെന്നും ഉദ്ഘാടന പ്രസംഗത്തിൽ വ്യക്തമാക്കി.

കൈറ്റ് മെന്റർമാരായ ആശാ പി. മാത്യുവും, ലക്ഷ്മി പ്രകാശും പരിപാടിക്ക് നേതൃത്വം നൽകി. ക്ലബ്ബിന്റെ ഭാവി പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ, വിദ്യാർത്ഥികൾക്കുള്ള വിവിധ അവസരങ്ങൾ എന്നിവ വിശദീകരിച്ചു. വിദ്യാർത്ഥികളിൽ ഉത്തരവാദിത്തബോധവും സംഘാത്മക മനോഭാവവും വളർത്തുന്നതിനായി ഇത്തരം പരിപാടികൾ ഏറെ സഹായകരമാണെന്ന് അവർ അഭിപ്രായപ്പെട്ടു.

2025–28 ബാച്ചിലെ പുതുതായി ചേർന്ന കുട്ടികൾക്ക് ഇത് ഏറെ സന്തോഷം സമ്മാനിച്ചു. കുട്ടികളുടെ മുഖങ്ങളിലെ ആവേശവും സന്തോഷവും ചടങ്ങിനെ സ്മരണീയമാക്കി.

# ലിറ്റിൽ കൈറ്റ്സ് അഭിരുചി പരീക്ഷ 2025

ഐടി ലോകത്തേക്ക് ആദ്യപടി -ലിറ്റിൽ കൈറ്റ്സ് അഭിരുചി പരീക്ഷ വിജയകരം- ഇടയാറൻമുള എ.എം.എം. ഹയർസെക്കൻഡറി സ്കൂളിലെ 2025-28 ലിറ്റിൽ കൈറ്റ്സ് ബാച്ചിലേക്കുള്ള അഭിരുചി പരീക്ഷ 2025 ജൂൺ 25 ബുധനാഴ്ച സ്കൂൾ ഐ.ടി. ലാബിൽ നടന്നു. 77 വിദ്യാർത്ഥികൾ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തതിൽ 76 പേർ പരീക്ഷ എഴുതാൻ ഹാജരായി. വിദ്യാർത്ഥികൾക്കുള്ള പരിശീലന ക്ലാസുകൾ മുൻ ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിലായിരുന്നു. ലിറ്റിൽകൈറ്റ്സ് അഭിരുചി മോഡൽ പരീക്ഷയും കുട്ടികളെ പരിശീലിപ്പിച്ചു. പരീക്ഷയ്ക്ക് ആവശ്യമായ സോഫ്റ്റ്‌വെയർ ഇൻസ്റ്റോൾ ചെയ്യുന്നതിനും റിസൾട്ട് അപ്‌ലോഡ് ചെയ്യുന്നതിനുമായി വിദ്യാർത്ഥികൾ കൈറ്റ് മാസ്റ്റേഴ്സിന് സഹായമായി. സോഫ്റ്റ്‌വെയർ വഴി കമ്പ്യൂട്ടറിൽ നടത്തിയ ഈ പരീക്ഷ 30 മിനിറ്റ് ദൈർഘ്യമുള്ളതും 20 ചോദ്യങ്ങൾ ഉൾക്കൊള്ളുന്നതുമായിരുന്നു. ലോജിക് ആൻഡ് റീസണിംഗ്, പ്രോഗ്രാമിംഗ് വിഭാഗം, 5, 6, 7 ക്ലാസുകളിലെ ഐ.സി.ടി പാഠപുസ്തകങ്ങൾ, ഐ.ടി. പൊതുവിജ്ഞാനം എന്നിവയെ അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങളാണ് പരീക്ഷയിൽ ഉൾപ്പെട്ടത്. സെർവർ ഉൾപ്പെടെ 25 കമ്പ്യൂട്ടറുകളിൽ സോഫ്റ്റ്‌വെയർ ഇൻസ്റ്റോൾ ചെയ്ത് പരീക്ഷ നടത്തിയിരുന്നു. മൂന്ന് ബാച്ചുകളായി പരീക്ഷ നടപ്പിലാക്കി. പരീക്ഷയുടെ സംയോജിത നടത്തിപ്പിന് കൈറ്റ് മാസ്റ്റേഴ്സായ ആശ പി. മാത്യു, ലക്ഷ്മി പ്രകാശ്, മുൻ ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ എന്നിവർ നേതൃത്വം നൽകി. ഈ പ്രവർത്തനം കുട്ടികളിൽ സാങ്കേതികമേഖലയിലെ താത്പര്യവും ആത്മവിശ്വാസവും വളർത്തുന്നതിന് മികച്ച അവസരമായി മാറി. 2025-28 വർഷത്തേക്കുള്ള ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികളുടെ അഭിരുചി പരീക്ഷാഫലം 2025 ജൂൺ 30-ന് പ്രസിദ്ധീകരിച്ചു. പരീക്ഷയെഴുതിയ 76 വിദ്യാർഥികളിൽ 71 പേരും യോഗ്യത നേടി, മികച്ച പ്രകടനം കാഴ്ചവെച്ചു. ഈ ബാച്ചിലേക്കുള്ള അന്തിമ റാങ്ക് ലിസ്റ്റ് 2025 ജൂൺ 10-ന് പ്രസിദ്ധീകരിക്കുകയും, 40 വിദ്യാർഥികൾ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.



# ലിറ്റിൽ കൈറ്റ്സ് പ്രിലിമിനറി ക്യാമ്പ് 2025

ഇടയാറന്മുള എ എം എം ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് പ്രിലിമിനറി ക്യാമ്പ് 2025 സെപ്റ്റംബർ 20-ന് ശനിയാഴ്ച രാവിലെ 9 മുതൽ വൈകുന്നേരം 4:30 വരെ ഐ.ടി. ലാബിൽ വെച്ച് നടന്നു. കൈറ്റ് പത്തനംതിട്ട മാസ്റ്റർ ട്രെയിനറായ തോമസ് എം. ഡേവിഡാണ് പരിശീലനങ്ങൾക്ക് നേതൃത്വം നൽകിയത്. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ അവരുടെ ചുമതലകളെയും ഉത്തരവാദിത്തങ്ങളെയും കുറിച്ച് ബോധവാന്മാരാക്കുക, ലിറ്റിൽ കൈറ്റ്സ് പ്രവർത്തന പദ്ധതികളെക്കുറിച്ച് പൊതുവായ ധാരണ നൽകുക, ഹൈടെക് ക്ലാസ് മുറികളിലെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകാൻ അവരെ സജ്ജരാക്കുക, കൂടാതെ ഈ പദ്ധതികളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുക എന്നിവയായിരുന്നു പരിശീലനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. ഓരോ കുട്ടിയുടെയും സജീവ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട്, മത്സരസ്വഭാവമുള്ള ഗ്രൂപ്പ് പ്രവർത്തനങ്ങളാണ് ക്യാമ്പിൽ ആസൂത്രണം ചെയ്തത്. ഓരോ പ്രവർത്തനത്തിനും പോയിന്റുകൾ നൽകിയാണ് മുന്നോട്ട് പോയത്. ആദ്യം പൂർത്തിയാക്കിയ ഗ്രൂപ്പിന് 25 പോയിന്റും, രണ്ടാമത് പൂർത്തിയാക്കിയ ഗ്രൂപ്പിന് 20 പോയിന്റും, തുടർന്ന് 15, 10, 5 എന്നിങ്ങനെയാണ് പോയിന്റുകൾ നൽകിയത്.




സാങ്കേതികവിദ്യ എന്ന പ്രധാന വിഷയത്തെ അടിസ്ഥാനമാക്കി, വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് വിദ്യാർത്ഥികൾ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഫേസ് സെൻസിങ്ങിന്റെ ചിത്രം ഉപയോഗിച്ച്, റോബോട്ടിക്സ്, ഇ-കൊമേഴ്സ്, എ.ഐ., ജി.പി.എസ്, വി.ആർ. തുടങ്ങിയ വിഷയങ്ങളിൽ ഓരോ ഗ്രൂപ്പിനും ചുമതലകൾ നൽകി. നിത്യജീവിതത്തിൽ ഇന്റർനെറ്റിന്റെ സ്വാധീനം വ്യക്തമാക്കുന്ന ഒരു വീഡിയോ പ്രദർശിപ്പിക്കുകയും, അതിലെ പ്രധാന ആശയങ്ങൾ ഉൾപ്പെടുത്തി ഒരു പട്ടിക തയ്യാറാക്കുകയും ചെയ്തു. തുടർന്ന്, ഗൂഗിൾ സെർച്ച് എൻജിൻ എങ്ങനെയാണ് ഉപയോഗിക്കേണ്ടതെന്നും, ഉപയോഗങ്ങളെ കുറിച്ചും വിദ്യാർത്ഥികളെ പഠിപ്പിച്ചു. ഹൈടെക് കേരള എന്ന വീഡിയോ പ്രദർശിപ്പിച്ചതിനുശേഷം, പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്കൂളുകൾക്ക് ഹൈടെക് സ്കൂൾ പദ്ധതി വഴി ലഭിച്ച സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിദ്യാർത്ഥികൾ വിശകലനം ചെയ്ത് പട്ടികപ്പെടുത്തി. ഈ പ്രവർത്തനം, ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ലക്ഷ്യങ്ങളെക്കുറിച്ച് എല്ലാ അംഗങ്ങൾക്കും വ്യക്തമായ ധാരണ നൽകി. ഈ പ്രവർത്തനത്തിന്റെ പ്രധാന ലക്ഷ്യം, ലിറ്റിൽ കൈറ്റ്സ് പദ്ധതിയെക്കുറിച്ചും അതിലെ അംഗങ്ങളുടെ ചുമതലകളെക്കുറിച്ചും വിദ്യാർത്ഥികൾക്ക് വ്യക്തമായ ധാരണ നൽകുക എന്നതായിരുന്നു. ഈ പ്രവർത്തനം ഒരു ക്വിസ് രൂപത്തിലാണ് നടപ്പാക്കിയത്. ഈ പ്രവർത്തനത്തിലൂടെ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പങ്കിനെക്കുറിച്ചും അവരുടെ പ്രവർത്തന പദ്ധതികളെക്കുറിച്ചും വിദ്യാർത്ഥികൾക്ക് വിശദമായ ധാരണ നൽകി. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളിൽ കോഡിങ് അഭിരുചി വളർത്തുന്നതിനും, സ്ക്രാച്ച് ഇന്റർഫേസ് പരിചയപ്പെടുത്തുന്നതിനും വേണ്ടിയുള്ളതായിരുന്നു ഈ പ്രവർത്തനം. ഇതിലൂടെ, സ്ക്രാച്ച് പ്രോഗ്രാമിങ്ങിനെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ഒരു ധാരണ നൽകാൻ സാധിച്ചു. ലിറ്റിൽ കൈറ്റ്സ് പ്രവർത്തന പദ്ധതിയുടെ ഭാഗമായ അനിമേഷൻ മേഖലയും അതിനായി ഉപയോഗിക്കുന്ന ഓപ്പൺ ടൂൺസ് സോഫ്റ്റ്‌വെയറും പരിചയപ്പെടുത്തുക എന്നതായിരുന്നു ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം. ഒരു തീവണ്ടിയുടെ ചലനം അനിമേറ്റ് ചെയ്യുന്നതിലൂടെ വിദ്യാർത്ഥികൾ അനിമേഷൻ നിർമ്മാണം എങ്ങനെയാണെന്ന് മനസ്സിലാക്കി.

ഉച്ചഭക്ഷണത്തിന് ശേഷം നടന്ന ക്യാമ്പിൽ റോബോട്ടുകളെക്കുറിച്ചുള്ള ചർച്ചകളാണ് നടന്നത്. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അവരുടെ പ്രവർത്തനങ്ങളുടെ ഭാഗമായി റോബോട്ടിക്സ് മേഖലയെക്കുറിച്ച് ധാരണ നേടുക എന്ന ലക്ഷ്യത്തോടെയാണ് ഈ പ്രവർത്തനം സംഘടിപ്പിച്ചത്.
ഒരു റോബോട്ട് എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്നും അതിന്റെ പ്രധാന ഘടകങ്ങൾ എന്തൊക്കെയാണെന്നും ക്ലാസ്സിൽ വിശദമായി പഠിപ്പിച്ചു. റോബോട്ടിക് കിറ്റിലെ സെൻസറുകൾ ഉപയോഗിച്ച് ഒരു 'ചിക്കൻ ഫീഡ്' ഉപകരണം നിർമ്മിച്ചുകൊണ്ടാണ് റോബോട്ടിക്സിന്റെ അടിസ്ഥാന ആശയങ്ങൾ വിദ്യാർത്ഥികളെ മനസ്സിലാക്കിയത്. ഇതിലൂടെ, റോബോട്ടിക് ഉപകരണങ്ങൾ നേരിട്ട് സ്പർശിച്ചറിയാനും പ്രവർത്തിപ്പിക്കാനും അവർക്ക് അവസരം ലഭിച്ചു. സംസ്ഥാന ക്യാമ്പിൽ വിദ്യാർത്ഥികൾ തയ്യാറാക്കിയ ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തി. ഇതിലൂടെ, ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിൽ ചേരുന്നതിലൂടെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന അവസരങ്ങളെക്കുറിച്ചും സാധ്യതകളെക്കുറിച്ചും അവർക്ക് വ്യക്തമായ ധാരണ ലഭിച്ചു.ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ പ്രാധാന്യവും, സാങ്കേതികവിദ്യയിൽ കുട്ടികളുടെ കഴിവുകൾ വളർത്തുന്നതിൽ രക്ഷിതാക്കളുടെ പങ്കും മനസ്സിലാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ സെഷൻ നടത്തിയത്. ലിറ്റിൽ കൈറ്റ്സ് പദ്ധതിയുടെ പ്രവർത്തന രീതികൾ, അതുവഴി വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന അവസരങ്ങൾ, കൂടാതെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കാൻ രക്ഷിതാക്കളുടെ സഹകരണം എങ്ങനെ ഉറപ്പാക്കാം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് രക്ഷാകർത്താക്കളെ ബോധവാന്മാരാക്കി. വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും അഭിപ്രായങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് ക്യാമ്പ് അവസാനിച്ചു.

# ഡിജിറ്റൽ വോട്ട്

2025–26 അധ്യായന വർഷത്തെ സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് 2025 ആഗസ്റ്റ് 14-ന് രാവിലെ 10 മണിക്ക് ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തി. കൈറ്റ്സ് തയ്യാറാക്കിയ സ്കൂൾ പോൾ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തിരഞ്ഞെടുപ്പ് പൂർണ്ണമായും ഡിജിറ്റൽ രീതിയിൽ സംഘടിപ്പിച്ചു.




തിരഞ്ഞെടുപ്പിനായി ലാപ്ടോപ്പിൽ സജ്ജീകരിച്ച കൺട്രോൾ യൂണിറ്റും, മൊബൈൽ ഫോണുകളിൽ സജ്ജീകരിച്ച ബാലറ്റ് യൂണിറ്റും ഉപയോഗിച്ച് വിദ്യാർത്ഥികൾ വോട്ടുചെയ്തു.
ഫസ്റ്റ് പോളിംഗ് ഓഫീസറായി ജോഷ്വാ പി. മനോജ്, സെക്കൻഡ് പോളിംഗ് ഓഫീസറായി സോണിയ തോമസ്, തേർഡ് പോളിംഗ് ഓഫീസറായി നിവേദ് രാജ്, പ്രിസൈഡിങ് ഓഫീസറായി മാധവ് സൂര്യൻ എന്നിവർ സേവനമനുഷ്ഠിച്ചു.
തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഡോക്യുമെന്റേഷൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ ആദിത്യ സുജിത്, പാർത്ഥൻ ബിജു എന്നിവർ നിർവഹിച്ചു. എൻ.സി.സി.യും ജെ.ആർ.സി.യും അംഗമായ വിദ്യാർത്ഥികളുടെ സഹായത്തോടെ വളരെ കൃത്യതയോടെ തെരഞ്ഞെടുപ്പ് നടന്നു.
സ്കൂളിലെ അഞ്ചാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികളുടെ വോട്ടെടുപ്പ്, അവരുടെ ക്ലാസ്സുകളിൽ സ്ഥാപിച്ചിരുന്ന ബാലറ്റ് യൂണിറ്റുകൾ മുഖേന നടന്നു. പ്രധാന അധ്യാപിക അനില സാമുവലിന്റെ നേതൃത്വത്തിൽ, എല്ലാ സ്ഥാനാർത്ഥികളുടെയും സാന്നിധ്യത്തിൽ തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിക്കുകയും വിജയികളെ അഭിനന്ദിക്കുകയും ചെയ്തു. തെരഞ്ഞെടുപ്പ് വിജയകരമാക്കുന്നതിൽ കൈറ്റ് മെന്റർമാരായ ആഷ പി മാത്യുവും, ലക്ഷ്മി പ്രകാശും നിർണായക പങ്കുവഹിച്ചു. അധ്യാപകരുടെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ സത്യപ്രതിജ്ഞ ചൊല്ലി. സാങ്കേതിക വിദ്യയുടെ സഹായത്തോടെ നടന്ന ഈ തിരഞ്ഞെടുപ്പ്, വിദ്യാർത്ഥികളിൽ ജനാധിപത്യ മൂല്യങ്ങളും ഡിജിറ്റൽ പഠനവും ഏകകാലത്ത് വളർത്തിയെടുത്ത ഒരു മാതൃകാപരമായ പരിപാടിയായി.

# ലോക അദ്ധ്യാപക ദിനം

ലോക അദ്ധ്യാപക ദിനമായ ഒക്ടോബർ 5-ന്, ഇടയാറൻമുള എ.എം.എം. ഹയർസെക്കൻഡറി സ്കൂളിലെ മുൻ പ്രഥമ അദ്ധ്യാപകൻ ആയിരുന്ന ശ്രീ. മാമൻ മാത്യു സാറിനെ ആദരിച്ചു.
ജൂനിയർ റെഡ് റോസ് സംഘടനയുടെ നേതൃത്വത്തിലായിരുന്നു ആദരിക്കൽ ചടങ്ങ് സംഘടിപ്പിച്ചത്. അദ്ദേഹത്തെ പൊന്നാട അണിയിച്ച് ആണ് വിദ്യാർത്ഥി സംഘടന ആദരിച്ചത്. ദീർഘകാലത്തെ അദ്ദേഹത്തിന്റെ സേവനത്തിനും വിദ്യാഭ്യാസ മേഖലയ്ക്ക് അദ്ദേഹം നൽകിയ സംഭാവനകൾക്കുമുള്ള അംഗീകാരമായിരുന്നു ഈ ആദരം. അധ്യാപക ദിനത്തിൽ ഗുരുക്കന്മാരെ സ്മരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതിന്റെ പ്രാധാന്യം ഈ ചടങ്ങ് വിളിച്ചോതുന്നു.

# കരുണയുടെ സന്ദേശം

ഇടയാറൻമുള എ.എം.എം. ഹയർസെക്കൻഡറി സ്കൂളിലെ ജൂനിയർ റെഡ് ക്രോസ് സംഘടനയുടെ നേതൃത്വത്തിൽ, സഹജീവികളോട് കരുണ കാണിക്കുക എന്ന മഹത്തായ സന്ദേശം പുതിയ തലമുറയിൽ ഊട്ടിയുറപ്പിക്കുന്നതിന്റെ ഭാഗമായി ഒരു മാതൃകാപരമായ പ്രവർത്തനം സംഘടിപ്പിച്ചു. സംഘടനയിലെ അംഗങ്ങൾ ഒത്തുചേർന്ന് കിടപ്പുരോഗിയെ സന്ദർശിക്കുകയും, അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്തു.
അറിവ് നേടുന്നതിനൊപ്പം തന്നെ, സാമൂഹിക പ്രതിബദ്ധതയും ദയയും കുട്ടികളിൽ വളർത്തേണ്ടതിന്റെ പ്രാധാന്യം ഈ പ്രവർത്തനം അടിവരയിടുന്നു. പാഠ്യേതര പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളെ മികച്ച പൗരന്മാരാക്കി മാറ്റാനും, മറ്റുള്ളവരുടെ ദുരിതങ്ങളിൽ പങ്കുചേരാനും അവരെ പ്രാപ്തരാക്കാനും ഈ സന്ദർശനം ലക്ഷ്യമിട്ടു.

# യോഗ ദിനാചരണം

2025 ജൂൺ 21,ന് ഇടയാറന്മുള എ എം എം ഹയർ സെക്കൻഡറി സ്കൂളിൽ എൻസിസി ക്ലബ്ബിന്റെ നേതൃത്വത്തിൽ യോഗാദിനം വിപുലമായി ആഘോഷിച്ചു. സ്കൂളിലെ എൻസിസി ഓഫീസർമാരായ സിബി മത്തായി, ടീന ഏബ്രഹാം, എബി മാത്യു ജേക്കബ് തുടങ്ങിയ അദ്ധ്യാപകരാണ് പരിപാടികൾക്ക് നേതൃത്വം നൽകിയത്. യോഗാദിനം ആചരിക്കുന്നത് വിദ്യാർത്ഥികൾക്ക് നിരവധി പ്രയോജനങ്ങൾ നൽകുന്നു. യോഗാസനങ്ങൾ ശരീരത്തിന്റെ വഴക്കം, പേശീബലം, സന്തുലിതാവസ്ഥ എന്നിവ വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. ഇത് ശാരീരികക്ഷമത മെച്ചപ്പെടുത്തുകയും രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്നു. യോഗ മനസ്സിനെ ശാന്തമാക്കാനും സമ്മർദ്ദം കുറയ്ക്കാനും സഹായിക്കും. ഇത് ഏകാഗ്രത വർദ്ധിപ്പിക്കുകയും പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സഹായിക്കുകയും ചെയ്യും. ഉത്കണ്ഠയും



വിഷാദവും കുറയ്ക്കുന്നതിനും യോഗ ഫലപ്രദമാണ്. യോഗാഭ്യാസം ഏകാഗ്രത വർദ്ധിപ്പിക്കുകയും ഓർമ്മശക്തി മെച്ചപ്പെടുത്തുകയും ചെയ്യും. ഇത് പഠനത്തിൽ മികച്ച പ്രകടനം കാഴ്ചവെക്കാൻ വിദ്യാർത്ഥികളെ സഹായിക്കുന്നു. യോഗ പതിവായി ചെയ്യുന്നത് വിദ്യാർത്ഥികളിൽ ചിട്ടയും അച്ചടക്കവും വളർത്താൻ സഹായിക്കും. ഇത് അവരുടെ ദൈനംദിന ജീവിതത്തിലും പഠനത്തിലും നല്ല മാറ്റങ്ങൾ വരുത്തും. യോഗയിലൂടെ ലഭിക്കുന്ന ശാരീരികവും മാനസികവുമായ ആരോഗ്യം വിദ്യാർത്ഥികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു. യോഗാദിനം പോലുള്ള

# സ്വാതന്ത്ര്യദിനാഘോഷം

ധീരതയുടെ സ്മരണയ്ക്ക് എൻ.സി.സി.യുടെ വന്ദനം-പുഷ്പങ്ങൾ കൊണ്ട് നമസ്കാരം

കാർഗിൽ വിജയദിനത്തോടനുബന്ധിച്ച് എൻ.സി.സി.യുടെ നേതൃത്വത്തിൽ ഇടയാറൻമുള എ.എം. എം ഹയർ സെക്കൻഡറി സ്കൂളിൽ 2025 ജൂലൈ 25-ന് ധീര ജവാൻമാരുടെ സ്മരണയ്ക്കായി പുഷ്പാർച്ചന നടന്നു. ഹയർ സെക്കൻഡറി എൻ.സി.സി കോഓർഡിനേറ്റർ സിബി മത്തായി നേതൃത്വം നൽകിയ ചടങ്ങിൽ, സ്കൂൾ പ്രിൻസിപ്പൽ വർഗീസ് മാത്യു തരകനാണ് ആദ്യ പുഷ്പാർച്ചന നിർവഹിച്ചത്.

അതിനുശേഷം എൻ.സി.സി കേഡറ്റുകൾ എല്ലാവരും ധീരസമര സേനാനികളോടുള്ള ആദരസൂചകമായി പുഷ്പാർച്ചന നടത്തി. രാജ്യത്തിനായി ജീവൻ അർപ്പിച്ച വീരരുടെ ഓർമ്മ പുതുക്കുന്നതിനും ത്യാഗം അനുസ്മരിക്കുന്നതിനുമായി നടത്തിയ ചടങ്ങിൽ അധ്യാപകരും വിദ്യാർത്ഥികളും സജീവമായി പങ്കാളികളായി. ചടങ്ങ് ദേശീയഗാനത്തിന്റെ അന്തിമ ഘോഷത്തോടെ സമാപിച്ചു. സീനിയർ ഡിവിഷൻ എൻ.സി.സി., എക്സ് സർവീസ് കൂട്ടായ്മ, മഹാവീരചക്ര ജേതാവ് തോമസ് ഫിലിപ്പോസ് സാറിന്റെ കുടുംബം, ആറന്മുള ഗ്രാമപഞ്ചായത്ത് അംഗങ്ങൾ എന്നിവർ ചേർന്ന് എരുമക്കാട് വീരജവാൻ സ്മാരകത്തിൽ പുഷ്പാഞ്ജലി അർപ്പിച്ചു. തുടർന്ന് എൻ.സി.സി. വിദ്യാർത്ഥികളുടെ പരേഡ് അരങ്ങേറി. സ്കൂളിലെ എൻ.സി.സി , എസ്.പി.സി വിഭാഗങ്ങളിലെ വിദ്യാർഥികളാണ് പരേഡിന് നേതൃത്വം നൽകിയത്. ഈ പരേഡ് ഫ്ലാഗ് ഓഫ് ചെയ്തത് സ്കൂൾ മാനേജർ റവ. ഡോ. ടി.ടി. സക്കറിയ ആണ്. സ്കൂളിലെ പ്രിൻസിപ്പൽ വർഗീസ് മാത്യു തരകൻ, എൻ.സി.സി ചുമതല വഹിക്കുന്ന അധ്യാപകരായ സിബി മത്തായി, എബി മാത്യു, ജേക്കബ്, ടീന മാത്യു തുടങ്ങിയവരും എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി. സ്കൂളിലെ എൻ.സി.സി , എസ്.പി.സി വിഭാഗങ്ങളിലെ വിദ്യാർഥികളാണ് പരേഡിന് നേതൃത്വം നൽകിയത്. ഈ പരേഡ് ഫ്ലാഗ് ഓഫ് ചെയ്തത് സ്കൂൾ മാനേജർ റവ. ഡോ. ടി.ടി. സക്കറിയ ആണ്. സ്കൂളിലെ പ്രിൻസിപ്പൽ വർഗീസ് മാത്യു തരകൻ, എൻ.സി.സി ചുമതല വഹിക്കുന്ന അധ്യാപകരായ സിബി മത്തായി, എബി മാത്യു, ജേക്കബ്, ടീന മാത്യു തുടങ്ങിയവരും എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി.



# സെമിനാർ - പ്രഥമ ശുശ്രൂഷ

2025 ജനുവരി 15-ന് രാവിലെ 10:30-ന് എം.എം. ഹയർ സെക്കൻഡറി സ്കൂളിൽ വെച്ച്, ജെ.ആർ.സി. കൗൺസിലർ ഷീന മാത്യുവിന്റെ സ്വാഗത പ്രസംഗത്തോടെ യോഗം ആരംഭിച്ചു. എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിലെ പ്രധാനാധ്യാപിക അനില സാമുവൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു. സുനു മേരി സാമുവൽ, ആശ പി. മാത്യു, ജെബി തോമസ് എന്നിവർ ആശംസകൾ നേർന്നു. ഡോക്ടർ അഭിരാമി അനന്തൻ ബേസിക് ലൈഫ് സപ്പോർട്ട് ആൻഡ് കാർഡിയോ പൾമണറി റിസസിറ്റേഷൻ (സി.പി.ആർ.) എന്ന വിഷയത്തിൽ ക്ലാസ് എടുത്തു. അപകടങ്ങൾ, നെഞ്ചുവേദന, പാമ്പുകടി, മുറിവുകൾ എന്നിവയ്ക്ക് നൽകേണ്ട പ്രഥമ ശുശ്രൂഷകളെക്കുറിച്ചും മാനസികാരോഗ്യത്തെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. ജെ.ആർ.സി. യൂണിറ്റിലെ അംഗം ഹരിനാരായണൻ നന്ദി പ്രകാശിപ്പിച്ചു.ഈ സെമിനാർ സാങ്കേതികവിദ്യയുടെ ഈ യുഗത്തിൽ മാനവിക മൂല്യങ്ങളുടെ പ്രാധാന്യം ഊന്നിപ്പറഞ്ഞു. ജെ.ആർ.സി. വിദ്യാർത്ഥികൾ സമൂഹത്തിൽ സേവനമനസ്സോടെ പ്രവർത്തിക്കുന്നതിന്റെ പ്രതിഫലനമായിരുന്നു ഈ പരിപാടി. ഈ സെമിനാർ വിദ്യാർത്ഥികളിൽ പ്രഥമ ശുശ്രൂഷാ പരിശീലനം നൽകുന്നതിനും മാനസികാരോഗ്യത്തെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനും സഹായകമായി.

# കുട്ടികളുടെ കഥയും കവിതയും

## മുയലും ആമയും

ഒരിക്കൽ ഒരു കാട്ടിൽ അതിവേഗം ഓടുന്ന ഒരു മുയലും പതുക്കെ നടക്കുന്ന ഒരു ആമയും ഉണ്ടായിരുന്നു. താൻ വളരെ വേഗത്തിൽ ഓടുന്നവനാണെന്ന കാര്യത്തിൽ മുയലിന് വലിയ അഹങ്കാരമായിരുന്നു. അവൻ എപ്പോഴും ആമയെ കളിയാക്കുമായിരുന്നു.

ഒരു ദിവസം മുയൽ ആമയെ ഒരു ഓട്ടമത്സരത്തിന് വെല്ലുവിളിച്ചു. ആമ അത് സ്വീകരിച്ചു. മത്സരം തുടങ്ങി. മുയൽ മിന്നൽ വേഗത്തിൽ ഓടി ബഹുദൂരം മുന്നിലെത്തി. തിരിഞ്ഞു നോക്കിയപ്പോൾ ആമയെ എങ്ങും കാണാനില്ലായിരുന്നു. "ആമ ഇങ്ങെത്താൻ ഒരുപാട് സമയമെടുക്കും, അതുവരെ ഈ മരത്തണലിൽ ഒന്ന് വിശ്രമിക്കാം" എന്ന് കരുതി മുയൽ അവിടെ കിടന്നു. തണുത്ത കാറ്റേറ്റപ്പോൾ മുയൽ അല്പസമയത്തിനുള്ളിൽ നല്ല ഉറക്കത്തിലായി.

എന്നാൽ ആമ ഒട്ടും മടുപ്പില്ലാതെ പതുക്കെ പതുക്കെ നടന്നു കൊണ്ടിരുന്നു. ഉറങ്ങിക്കിടന്ന മുയലിനെ മറികടന്ന് ആമ ലക്ഷ്യസ്ഥാനത്തെത്തി. മുയൽ ഉണർന്ന് നോക്കിയപ്പോൾ ആമ മത്സരത്തിൽ വിജയിച്ചിരിക്കുന്നു! അഹങ്കാരം കാരണം മുയലിന് മത്സരം തോൽക്കേണ്ടി വന്നു.

ഗുണപാഠം: അഹങ്കാരം പാടില്ല. നിരന്തരമായ പരിശ്രമവും ക്ഷമയും ഉണ്ടെങ്കിൽ ആർക്കും വിജയിക്കാം.

- പൊന്നി സജി

## അത്യാഗ്രഹിയായ നായ

ഒരിക്കൽ ഒരു തെരുവുനായ്ക്ക് ഒരു വലിയ എല്ലിൻ കഷ്ണം കിട്ടി. അത് കടിച്ചുപിടിച്ച് സന്തോഷത്തോടെ ഒരു പാലത്തിലൂടെ നടന്നുപോവുകയായിരുന്നു അവൻ.

പാലത്തിന്റെ നടുവിലെത്തിയപ്പോൾ നായ താഴെ പുഴയിലേക്ക് നോക്കി. അവിടെ വെള്ളത്തിൽ മറ്റൊരു നായ വലിയൊരു എല്ലിൻ കഷ്ണവുമായി നിൽക്കുന്നത് അവൻ കണ്ടു. യഥാർത്ഥത്തിൽ അത് ആ നായയുടെ തന്നെ പ്രതിബിംബമായിരുന്നു. എന്നാൽ അത് മനസ്സിലാക്കാതെ, ആ എല്ലുകൂടി കൈക്കലാക്കാൻ നായ തീരുമാനിച്ചു. അവൻ ഉറക്കെ കുരച്ചുകൊണ്ട് വെള്ളത്തിലേക്ക് ചാടി. കുരയ്ക്കാനായി വായ തുറന്ന നിമിഷം, അവന്റെ വായയിലുണ്ടായിരുന്ന എല്ലിൻ കഷ്ണം പുഴയിലെ വെള്ളത്തിൽ വീണുപോയി. അത്യാഗ്രഹം കാരണം ഉള്ളതും കൂടി നഷ്ടപ്പെട്ട നായ സങ്കടത്തോടെ കരയ്ക്ക് കയറി.

ഗുണപാഠം: അത്യാഗ്രഹം ആപത്താണ്. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുക.

- കീർത്തന അജിത്ത്

# ക്ലാസ്സ് ഫൊട്ടോ



A.M.M.H.S.S
EDAYAR ANMULA
ESTD 1919
5A & 5B




A.M.M.H.S.S
EDAYAR ANMULA
ESTD 1919
6A&6B


7A
A.M.M.H.S.S
EDAYAR ANMULA
ESTD 1919


7B
A.M.M.H.S.S
EDAYAR ANMULA
ESTD 1919


A.M.M.H.S.S
EDAYAR ANMULA
ESTD 1919
8A


A.M.M.H.S.S
EDAYAR ANMULA
ESTD 1919
8B


A.M.M.H.S.S
EDAYAR ANMULA
ESTD 1919
KEEP THE LIGHT SHINING
8C


A.M.M.H.S.S
EDAYAR ANMULA
ESTD 1919
KEEP THE LIGHT SHINING
9A


A.M.M.H.S.S
EDAYAR ANMULA
ESTD 1919
KEEP THE LIGHT SHINING
9B


A.M.M.H.S.S
EDAYAR ANMULA
ESTD 1919
KEEP THE LIGHT SHINING
9C


A.M.M.H.S.S
EDAYAR ANMULA
ESTD 1919
10A


A.M.M.H.S.S
EDAYAR ANMULA
ESTD 1919
10B

# Little Kites








EDAYAR ANMULA
ESTD 1919
LITTLE KITEs
Reg. No. LK/2018/37001
2025-28


# ആർട്ട് സെക്ഷൻ



ഗൗരി കൃഷ്ണ എസ്
9A



ആർച്ച എസ്
7B



ആദിത്യ സുജിത്ത്
9A



ഗൗരി കൃഷ്ണ എസ്
9A

# എഡിറ്റോറിയൽ ബോർഡ്



അനില സാമുവേൽ കെ
– ഹെഡ്മിസ്ട്രസ്സ്



ലെക്ഷ്മി പ്രകാശ്
– കൈറ്റ് മെന്റർ



ആശാ പി മാത്യു
–കൈറ്റ് മെന്റർ



ജെബി തോമസ്
– സ്റ്റാഫ് സെക്രട്ടറി



ലീമ ജെയിംസ്
– വിദ്യാരംഗം കൺവീനർ



ആദിത്യാ സുജിത്ത്
– സ്റ്റുഡന്റ് എഡിറ്റർ



ഗൗരി കൃഷ്ണ എസ്
– ലിറ്റിൽ കൈറ്റ്സ് അംഗം



പൊന്നി സജി
– ലിറ്റിൽ കൈറ്റ്സ് അംഗം

# കടപ്പാട്



അറിവിന്റെയും സർഗ്ഗാത്മകതയുടെയും ഈ "വർണം" മാഗസിൻ നിങ്ങളുടെ കൈകളിലെത്തിക്കാൻ സാധിച്ചതിൽ വലിയ സന്തോഷമുണ്ട്. ഈ മാഗസിൻ യാഥാർത്ഥ്യമാക്കാൻ പിന്നിൽ പ്രവർത്തിച്ച എല്ലാവരോടുമുള്ള കടപ്പാട് ഇവിടെ രേഖപ്പെടുത്തുന്നു. ഈ മാഗസിന് എല്ലാവിധ പിന്തുണയും അനുവാദവും നൽകിയ ഞങ്ങളുടെ പ്രിയപ്പെട്ട ഹെഡ്മിസ്ട്രസ്സ് അനില സാമുവൽ ടീച്ചറിനോടുള്ള ഹൃദയം നിറഞ്ഞ നന്ദി

മാഗസിനിലേക്ക് വേണ്ട സർഗ്ഗസൃഷ്ടികൾ ഒരുക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്ത എല്ലാ അധ്യാപകർക്കും നന്ദി. തങ്ങളുടെ കഥകളും കവിതകളും ചിത്രങ്ങളും ലേഖനങ്ങളും നൽകി ഈ മാഗസിനെ സമ്പന്നമാക്കിയ എന്റെ പ്രിയപ്പെട്ട കൂട്ടുകാരാണ് ഇതിന്റെ യഥാർത്ഥ ശില്പികൾ. ഈ മാഗസിന്റെ അച്ചടിക്കും മറ്റ് പ്രവർത്തനങ്ങൾക്കും സഹായങ്ങൾ നൽകിയ പി.ടി.എ കമ്മിറ്റിയോടും സ്കൂൾ മാനേജ്മെന്റിനോടും നന്ദി പറയുന്നു. മനോഹരമായ രീതിയിൽ ഈ മാഗസിൻ ലേഔട്ട് ചെയ്ത് അച്ചടിച്ച് നൽകിയവർക്കും നന്ദി.

ഈ മാഗസിൻ വായിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എല്ലാവർക്കും ഒരിക്കൽ കൂടി നന്ദി.

സ്നേഹപൂർവ്വം,
ആദിത്യ സുജിത്.
സ്റ്റുഡന്റ് എഡിറ്റർ

# മികവുകൾ

## ഇടയാറൻമുള എ എം  എം ഹയർ  സെക്കന്ററി സ്കൂളിന് തിളക്കം

കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ പൊതു വിദ്യാലയങ്ങളുടെ മികവുകളും നവീന പ്രവർത്തനങ്ങളും സംസ്ഥാനവ്യാപകമായി പ്രചരിപ്പിക്കുന്നതിനായി നടത്തിയ എന്റെ സ്കൂൾ, എന്റെ അഭിമാനം റീൽസ് നിർമ്മാണ മത്സരത്തിൽ, പത്തനംതിട്ട ജില്ലയിലെ അഭിമാനമായി ഇടയാറൻമുള എ എം എം എച്ച്  എസ്  എസ് ശ്രദ്ധേയമായ വിജയം നേടി. പതിനാല് ജില്ലകളിലായി ഓൺലൈൻ രീതിയിൽ നടത്തിയ സംസ്ഥാന തല അവാർഡ് വിതരണച്ചടങ്ങിൽ, പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉമേഷ് എൻ.എസ്.കെ. ഐ എ എസും, കൈറ്റ് സി.ഇ.ഒ കെ. അൻവർ സാദത്തും ചേർന്ന് വിജയിച്ച സ്കൂളുകൾക്ക് അവാർഡുകൾ സമ്മാനിച്ചു.



സംസ്ഥാനത്തെ മൊത്തം 1555 സ്കൂളുകളിൽ നിന്ന് മികച്ച 100 സ്കൂളുകളുടെ പട്ടികയിൽ ഇടം നേടിയ പത്തനംതിട്ടയിലെ സ്കൂളായി ഇടയാറൻമുള എ എം എം എച്ച് എസ് എസ് കേരളത്തിന്റെ പൊതു വിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരവും സൃഷ്ടിപരത്വവും തെളിയിച്ചു. ജില്ലാതല അവാർഡ് വിതരണച്ചടങ്ങ് കൈറ്റ് ജില്ലാ കേന്ദ്രത്തിൽ 2025 നവംബർ 15 ന് നടന്നു. സ്കൂളിനെ പ്രതിനിധീകരിച്ച് സ്കൂൾ പ്രഥമ അധ്യാപിക അനില സാമുവൽ, ലിറ്റിൽ കൈറ്റ്സ് മെന്റർമാരായ ആശ പി. മാത്യു, ലക്ഷ്മി പ്രകാശ്, ലിറ്റിൽ കൈറ്റ്സ് ഒമ്പതാം ക്ലാസ് ലീഡർ പാർഥൻ ബിജു എന്നിവർ പുരസ്കാരം ഏറ്റുവാങ്ങി. വിജയത്തിന് പ്രതീകമായി 5000 രൂപയുടെ ക്യാഷ് അവാർഡും സ്കൂളിന് ലഭിച്ചു. പൊതു വിദ്യാലയങ്ങളിൽ നടക്കുന്ന മികച്ച പ്രവർത്തനങ്ങളും സാങ്കേതിക-സാമൂഹിക ഇടപെടലുകളും മറ്റ് സ്കൂളുകളിലേക്ക് പ്രചോദനമായി എത്തിക്കുക എന്നതായിരുന്നു ഈ മത്സരത്തിന്റെ പ്രധാന ലക്ഷ്യം. ഈ നേട്ടം, വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും കൂട്ടായ്മയെയും സ്കൂൾ വികസന പരിപാടികളിലെ ഗുണനിലവാരത്തെയും പ്രതിഫലിപ്പിക്കുന്നു. ഈ വിജയം സ്കൂളിന്റെ അക്കാദമിക് മികവിനൊപ്പം, ഡിജിറ്റൽ സൃഷ്ടിപരത്വത്തിലും സ്കൂളിനെ ശ്രേദ്ധേയമാക്കി.

## ഹരിതവിദ്യാലയം വിദ്യാഭ്യാസ റിയാലിറ്റി ഷോ സീസൺ 4 – ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ പങ്കാളിത്തം

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിലെ മികവുകൾ രാജ്യത്തിന് മുന്നിൽ അവതരിപ്പിക്കുന്നതിനായി കൈറ്റ് സംഘടിപ്പിക്കുന്ന ഹരിതവിദ്യാലയം വിദ്യാഭ്യാസ റിയാലിറ്റി ഷോയുടെ നാലാം എഡിഷനിൽ ഇടയാറന്മുള എ.എം.എം ഹയർ സെക്കൻഡറി സ്കൂൾ പങ്കെടുത്തു. 2026 ജനുവരി ഒന്നിന് തിരുവനന്തപുരത്തുള്ള കൈറ്റ് സ്റ്റുഡിയോയിൽ വെച്ചാണ് പരിപാടിയുടെ ചിത്രീകരണം നടന്നത്. സ്കൂളിനെ പ്രതിനിധീകരിച്ച് കൃപ മറിയം മത്തായി, അമൃത വിജയൻ, ജസ്റ്റിൻ ചെറിയാൻ ടിജു, രജത്ത് രാജീവ്, ആദിത്യ സുജിത്ത്, അനുശ്രീ അനിൽ, ഉപന്യ കൃഷ്ണ, കെവിൻ സി റോയ് എന്നി എട്ട് വിദ്യാർത്ഥികളാണ് ഈ പ്രോഗ്രാമിൽ പങ്കെടുത്തത്. സ്കൂളിന്റെ സമഗ്രമായ പുരോഗതിയും, വൈവിധ്യമാർന്ന പ്രവർത്തനങ്ങളും അധികൃതർക്ക് മുന്നിൽ



അവതരിപ്പിക്കാൻ ഇവർക്ക് സാധിച്ചു. സ്കൂളിന്റെ അടിസ്ഥാന വിവരങ്ങൾ, ഗുണനിലവാരമുള്ള പഠനരീതികൾ, ആധുനികമായ പശ്ചാത്തല സൗകര്യങ്ങൾ എന്നിവയെ ആസ്പദമാക്കി വിശദമായ ഇന്റർവ്യൂ നടന്നു. കൂടാതെ, സ്കൂളിലെ ഐ.സി.ടി അധിഷ്ഠിത പഠനപ്രവർത്തനങ്ങൾ, വിദ്യാർത്ഥികളുടെ സാമൂഹ്യ പ്രതിബദ്ധതയാർന്ന ഇടപെടലുകൾ, വിവിധ മേഖലകളിൽ സ്കൂൾ കൈവരിച്ച ശ്രദ്ധേയമായ അംഗീകാരങ്ങൾ എന്നിവയും ചർച്ചാവിഷയമായി. പ്രശസ്ത വിദ്യാഭ്യാസ വിദഗ്ധരായ ഡോ. പിയൂഷ് ആന്റണി, ഡോ. കുഞ്ഞികൃഷ്ണൻ, ഡോ. ഷാനവാസ് എന്നിവരുടെ നേതൃത്വത്തിലുള്ള പാനലാണ് വിദ്യാർത്ഥികളുമായി സംവദിച്ചത്. തങ്ങളുടെ വിദ്യാലയത്തിന്റെ മികവുകൾ ഇത്തരമൊരു വലിയ വേദിയിൽ അവതരിപ്പിക്കാൻ കഴിഞ്ഞത് വിദ്യാർത്ഥികളിൽ വലിയ ആവേശവും, അഭിമാനവും ഉളവാക്കി.

AMMHSS

EDAYARANMULA

KEEP THE LIGHT SHINING



# LITTLE KITES
## 2024-27